# പുതുവഴികൾ

(തിരക്കഥ)

## കഥാസാരം

റിട്ടയേർഡ് കേണൽ നായർ **നോവൽ പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റേഴ്സ്** എന്ന സ്വകാര്യ കുറ്റാന്വേഷണ സ്ഥാപനം നടത്തി വരുന്നു. അദ്ദേഹത്തിന് സഹായികളായി വിവേക്, അൽത്താഫ്, ജൂലി, ഷാഹിന, രേഷ്മ എന്നിവർ പ്രവർത്തിക്കുന്നു. വിവാഹാവശ്യത്തിനുള്ള വ്യക്തി വിവരങ്ങൾ, റിയലെസ്റ്റേറ്റുകാർക്കു വേണ്ടിയുള്ള വസ്തു വിവരങ്ങൾ തുടങ്ങി ആവശ്യ ങ്ങൾക്കനുസരിച്ച് വസ്തു നിഷ്ടമായി കാര്യങ്ങൾ ശേഖരിച്ചു നൽകുന്നതിന് നഗരത്തിൽ അറി യപ്പെടുന്നവരായിക്കഴിഞ്ഞിരിക്കുന്നു, **നോവൽ പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റേഴ്സ്**.

നോവൽ പ്രൈവറ്റ് ഇൻവേസ്റ്റിഗേറ്റേഴ്സിൽ സിസിലി കുരുവിള എന്ന വീട്ടമ്മ ഒരു പരാതി കൊടുക്കുന്നു. തന്റെ ഭർത്താവിന്റെ അപഥ സഞ്ചാരത്തെക്കുറിച്ച് അന്വേഷിക്ക ണമെന്നും ആരോപണങ്ങൾ ശരിയാണെങ്കിൽ തെറ്റായ മാർഗത്തിൽ നിന്നും അദ്ദേഹത്തെ പിൻ തിരിപ്പിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു. സിസിലി കുരുവിള ആരോപണങ്ങൾ ഉന്ന യിക്കാൻ കുറച്ച് കാരണങ്ങളും പറയുന്നുണ്ട്, കുരുവിളക്ക് തന്നോടുള്ള അടുപ്പത്തിന്റെ ഊഷ്മ ളത ചോർന്നു പോയിരിക്കുന്നു, കുരുവിള നടത്തുന്ന സ്ഥാപനത്തിൽ നിന്നും വളരെക്കൂടുതൽ പണം പിൻ വലിച്ചിരിക്കുന്നു, അടുത്ത നാൾ നടക്കേണ്ടിയിരുന്ന ഒരു വലിയ വസ്തു ഡീൽ നട ക്കാതെ പോയിരിക്കുന്നു, ഡീൽ നടക്കാതെ വന്നതു കൊണ്ട് സ്ഥാപനത്തിന് ഒരു കോടിയോളം രൂപ നഷ്ടമായിരിക്കുന്നു, തുടങ്ങി.

സിസിലി കുരുവിള തന്റെ രണ്ടു സഹോദരന്മാരുമായിട്ടാണ് പരാതി കൊടുക്കാൻ വന്ന ത്, സണ്ണിയും സോണിയും. കേണൽ നായർ ദൗത്യം ഏറ്റെടുക്കുന്നു.

കേണൽ നായരുടെ അന്വേഷണം തുടങ്ങുന്നത് സിസിലി കുരുവിളയിൽ നിന്നു തന്നെ യാണ്. സിസിലി കുടുംബത്തിന്റെ ഒരു ദിവസം കണ്ടു കൊണ്ടു തന്നെ അന്വേഷണം തുടങ്ങ ന്നു.

പുലർച്ചെ അടുക്കളയിലെ തിരക്കുകളിൽ സിസിലിയും വേലക്കാരി പൂങ്കനിയും ട്രെഡ് മില്ലിൽ നടന്നു വിയർത്തുകുളിച്ചിരിക്കുന്ന കുരുവിള, പഠിക്കുന്ന മകൾ, ധൃതികൂട്ടി സ്കൂളിൽ പോകുന്ന മകൻ....... ഈ കാഴ്ചകൾ കിട്ടുന്നതിനായി കേണൽ നായർ വിവേകിനേയും അൽത്താഫിനെയും സിസിലിയുടെ വീടിന് എതിർ വശത്തുള്ള വീട്ടിൽ പാർപ്പിക്കുന്നു.

സിസിലിയുടെ ഭർത്താവ് കുരുവിള നടത്തുന്നത് ഒരു ഫിനാസിംഗ് സ്ഥാപനമാണ്. അവർ സ്വർണ്ണപ്പണയം, റിയലെസ്റ്റേറ്റ്, ഷെയർ മാർക്കറ്റിംഗ് തുടങ്ങിയ ഇടപാടുകൾ നടത്തുന്നു. സ്ഥാപനവുമായി ബന്ധപ്പെട്ടുള്ള രഹസ്യങ്ങൾ കണ്ടെത്തുന്നതിന് ജൂലിയെ, എം ബി എ വിദ്യാർത്ഥിനി പ്രൊജക്റ്റ് ചെയ്യാനെന്ന വ്യജേന സ്ഥാപനത്തിൽ നിയമിക്കുന്നു.

സിസിലിയെയും, വേലക്കാരി പൂങ്കനിയെയും, മകൾ റോസിനെയും, വിവേകിന്റേയും അൽത്താഫിന്റേയും നിരീക്ഷണത്തിൽ നിർത്തുന്നു.

നിരീക്ഷണത്തിനായി പിറകെ കൂടിയ അൽത്താഫിനെ കണ്ട് സിസിലി തെറ്റിദ്ധാരണ യോടുകൂടി വീക്ഷിക്കുന്നുണ്ട്. അൽത്താഫിന്റെ നിരീക്ഷണത്തിൽ സിസിലി ഭർത്താവിന്റെ സ്ഥാപനത്തിലെ ഒരു സ്റ്റാഫിനെ സ്പൈ ആക്കി വച്ചിരിക്കുന്നത് കണ്ടെത്തുന്നുണ്ട്.

വേലക്കാരി പൂങ്കനിയെ സിസിലി വളരെയേറെ തെറ്റിദ്ധരിക്കുന്നുണ്ട്. സിസിലി, തമിഴ ത്തിയായ അവളെ വിലയ്ക്ക് വാങ്ങിയതാണ്, എന്നാൽ അവൾ ഇപ്പോൾ കുടുംബത്തിലെ ഒരു അംഗത്തെപ്പോലെയാണ് ജീവിക്കുന്നത്. സിസിലി അവളെ സഹോദരിയെപ്പോലെ കാണുന്നു. പൂങ്കനി സിസിലിയെ മമ്മിയെന്നും കുരുവിളയെ പപ്പയെന്നുമാണ് വിളിക്കുന്നത്. ഈ ബന്ധ ങ്ങൾ സിസിലിയുടെ സംശയത്തിന് ശക്തി കൂട്ടുകയാണ് ചെയ്തിരിക്കുന്നത്. തികച്ചും ഒരു യാദൃശ്ചികമായ ദിവസം സിസിലി, പൂങ്കനിയെ വെർജിനിറ്റി ടെസ്റ്റിന് വിധേയയാക്കുന്നു.

പൂങ്കനിക്ക് ഒരു പ്രണയമുണ്ട്, സിസിലിയുടെ സഹോദരൻ സോണിയുമായിട്ട്. പക്ഷെ, അത് സഫലമാകുമെന്ന വിശ്വാസം അവൾക്കില്ല. അതിന്റെ പേരിൽ അവൾക്കെല്ലാവരെയും ഭയ മാണ്. പക്ഷെ, സോണി ഒരു യഥാർത്ഥ പ്രണയത്തിന്റെ പരിശുദ്ധി സൂക്ഷിച്ചുകൊണ്ട് സഫല മാകുമെന്ന ശുഭാപ്തി വിശ്വാസത്തിൽ മുമ്പോട്ടു പോവുകയാണ്. ഇക്കാര്യം ആ വീട്ടിൽ റോസി നുമാത്രമാണ് അറിയാവുന്നത്.

അന്വേഷകർ റോസിന്റെ പിറകെ പോയിട്ട് കോളേജ് വിദ്യാർത്ഥികളുടെ മുന്നിൽ ഇളിഭ്യരായിനിൽക്കുന്നു. കുരുവിളയുടെ രണ്ടു സ്റ്റാഫുകളെ ഭക്ഷണവും മദ്യവും കൊടുത്ത് കാര്യങ്ങൾ ചോർത്താനുള്ള ശ്രമം വെറുതെയാകുന്നു.

ജൂലി സ്ഥാപനത്തിലും പുറത്തുവച്ചും കുരുവിളയെ ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വെറും ആഭാസകരമായി തീരുന്നു.

ഇങ്ങിനെയെല്ലാം അന്വേഷണം വഴിമുട്ടിനിൽക്കുന്ന ഘട്ടത്തിൽ കുരുവിളയുടെ പെൺ സ്റ്റാഫുകൾ ഭക്ഷണ സമയത്ത് തികച്ചും യാദൃശ്ചികമായി ഒരു പത്ര വാർത്തയെക്കുറിച്ചു പറയുന്നു, കുറെ പഴകിയ ഒരു വാർത്ത.

വാർത്ത ഒരമ്മ മകന് പാതി കരൾ നൽകിയതിന്റേതാണ്. മഞ്ഞപ്പിത്ത ബാധയെത്തുടർന്ന് കരൾ മാറ്റി വയ്ക്കലല്ലാതെ മറ്റു മാർഗങ്ങൾ ഇല്ലാതെ വന്നപ്പോഴാണ് ചെയ്തിരിക്കുന്നത്. ഓപ്പറേഷൻ കഴിഞ്ഞിട്ട് മാസങ്ങൾ കഴിഞ്ഞു. അമ്മയും മകനും വീട്ടിലെത്തി വിശ്രമിച്ചു വരവെ, അമ്മ പെട്ടന്ന് സുഖമില്ലാതെയാവുകയും ഹോസ്പറ്റലിൽ അഡ്മിറ്റാവുകയും ചെയ്തിരിക്കുന്നു. ജൂലിക്ക് അവരുടെ സംസാരത്തിൽ നിന്നും ഒരു സ്പാർക്ക് കിട്ടുന്നു. പിന്നീട് അന്വേഷണം ആ വഴിക്ക് തിരിച്ചു വിടുന്നു.

സിന്ധുവെന്ന ആ സ്ത്രീ കുരുവിളയുടെ ക്ളാസ്മേറ്റായിരിന്നെന്നും അവർ പ്രണയത്തിലായുരുന്നെന്നും തെളിയുന്നു. പക്ഷെ, ജീവിത സാഹചര്യങ്ങൾ അവരെ വിവാഹ ജീവിതത്തിലേക്ക് എത്തിച്ചില്ല. അവരുടെ തന്നെ ഒരു ക്ളാസ്മേറ്റ് സുകുമാരനാണ് സിന്ധുവിനെ വിവാഹം ചെയ്തത്. ആ ബന്ധം അലങ്കോലമായിരുന്നു. മദ്യപനും അപഥ സഞ്ചാരിയുമായിരുന്നു സുകകുമാരൻ. അവർക്കുണ്ടായ മകൻ ഉമേഷിന് മഞ്ഞപ്പിത്ത ബാധയുണ്ടായി അസുഖം മൂർച്ഛിച്ച് ഓപ്പറേഷന് വിധേയനാവുകയാണുണ്ടായത്. ആ ഓപ്പറേഷനു വേണ്ടിയാണ് കുരുവിള സ്വസ്ഥാപനത്തിൽ നിന്നും വൻ തുക പിൻ വലിച്ചിരിക്കുന്നത്.

വീണ്ടും ഹോസ്പിറ്റലിലായ സിന്ധുവിനെ രക്ഷിക്കാനായില്ല. ആ മരണാനന്തര ചടങ്ങുകളിൽ കുരുവിളയും കേണൽ നായരും പങ്കെടുക്കുന്നു.

അടുത്ത നാളിൽ അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞ സത്യങ്ങളെ സിസിലിയേയും സഹോദരന്മാരേയും കേണൽ നായർ അറിയിക്കുന്നു. കുരുവിളയുടേത് തികച്ചും മനുഷ്യത്വ പരമായ ഒരു കാര്യമായി കണക്കിലെടുക്കണമെന്നും, സിന്ധു മരിച്ചു പോയിരിക്കുന്ന സാഹചര്യത്തിൽ അതിലുള്ള അവിഹിത ബന്ധത്തെ മറക്കണമെന്നും പ്രായോഗിക ജീവിതത്തിലേക്ക് സിസിലി മടങ്ങി വരണമെന്നുമുള്ള കേണലിന്റെ അഭ്യർത്ഥനയെ സിസിലി സ്വീകരിക്കുന്നു.

വളരെ തന്ത്രപരമായ സമീപനത്താലെ മുടങ്ങിപ്പോയിരുന്ന ഭൂമിക്കച്ചവടം കേണൽ നടത്തിക്കൊടുക്കുന്നു. അതുവഴി കുരുവിളയുടെ സ്ഥാപനത്തിനു ഉണ്ടായ നഷ്ടം ഇല്ലാതാകുന്നു.

ക്ലൈമാക്സ് കേണൽ നായർ വിളിച്ചു ചേർക്കുന്ന ഗെറ്റുഗദറിൽ ആണ് സംഭവിക്കുന്നത്. ആ ഗെറ്റുഗദറിൽ കേണൽ നായരും സ്റ്റാഫുകളും കുരുവിള സിസിലി ഫാമിലിയും സിസിലിയുടെ അമ്മച്ചിയും ആങ്ങളമാരും സണ്ണിയുടെ ഫാമിലിയും സിന്ധുവിന്റെ മകൻ ഉമേഷും പങ്കെടുക്കുന്നു.

ആ സംഗമത്തിൽ കേണൽ നായർ ഒരു അഭ്യർത്ഥന വയ്ക്കുന്നു, ഈ കഥയിലെ പ്രണയ ജോഡികളായ സോണിയുടേയും പൂങ്കനിയടേയും വിവാഹം നടത്തിക്കൊടുക്കണമെന്ന്.

അഭ്യർത്ഥന സിസിലിയും അമ്മച്ചിയും സ്വീകരിക്കുമ്പോൾ **'പുതുവഴികൾ'** അവസാനിക്കുന്നു.

അന്വേഷണമാണ് യഥാർത്ഥ കഥ. തികച്ചും സ്വകാര്യമായ കാര്യത്തിന്, ഒരു വീട്ടമ്മ സ്വീകരിക്കുന്ന മാർഗ്ഗമാണ് **'പുതുവഴികൾ'**.

@@@@@@@@@@

**കഥാപാത്രങ്ങൾ**

കേണൽ നായർ
വിവേക്

അൽത്താഫ്
ജൂലി
ഷാഹിന
രേഷ്മ
കുരുവിള ജോസഫ്
സിസിലി
പൂങ്കനി
റോസ്
ജോ
സണ്ണി
സോണി
സിസിലിയുടെ അമ്മച്ചി
സണ്ണിയുടെ ഭാര്യ
സണ്ണിയുടെ മക്കൾ
സോമൻ നായർ
രാജേഷ്
റജി മാത്യു
സിന്ധു
സുകുമാരൻ
ഉന്മേഷ്
സിന്ധുവിന്റെ അമ്മ
പൗലോസ്
റേച്ചൽ
നാസർ
നാസറിന്റെ സുഹൃത്ത്
ഷാജി
എബി മാത്യു
റോയൽ ഫിനാൻസിയേഴ്സിലെ സ്റ്റാഫുകൾ
ഹോസ്പിറ്റൽ സ്റ്റാഫുകൾ
മറ്റാളുകൾ

**സീൻ 1**

പകൽ.
നഗരം.
നഗരത്തിന്റെ തിരക്കൊഴിഞ്ഞിടത്ത് ഒരു ടെറസ്സ് വീട്.
വീടിന്റെ ഗ്രൗണ്ട് ഫ്ളോറിൽ നോവൽ പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ ഓഫീസ്.
പേരെഴുതിയ ബോർഡ് കാണാം.
മുകളിലത്തെ നിലയിൽ സ്ഥാപനത്തിന്റെ ഉടമ കേണൽ നായർ താമസ്സിക്കുന്നു.
ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങുന്നു. വാതിൽ തുറന്ന് കയറുന്നത് ഓഫീസ് സ്റ്റാഫ്, റിസപ്ഷനസ്റ്റ് രേഷ്മ.

ആധുനിക സജ്ജീകരണങ്ങളാൽ മോടിയായൊരു ഓഫീസ്. റിസപ്ഷൻ കൗണ്ടർ, ഓഫീസ് ക്യാബിൻ, മറ്റു സ്റ്റാഫുകളുടെ ഇടം, മീറ്റിംഗ് നടക്കുന്നിടം. വൈദ്യുത വിളക്കുകൾ തെളിഞ്ഞപ്പോൾ തികഞ്ഞ ആഡ്യത്വമുള്ള ഒരു ഓഫീസ്. മറ്റു സ്റ്റാഫുകളും എത്തിച്ചേർന്നു കൊണ്ടിരിക്കുന്നു. ഷാഹിന, ജൂലി, വിവേക്, അൽത്താഫ്. കുറെ കഴിഞ്ഞപ്പോൾ കേണൽ നായരും എത്തിച്ചേരുന്നു.

കേണൽ നായർ ക്യാബിനിലെത്തിയ അടുത്ത നിമിഷം തന്നെ മൊബൈലിൽ വിളിക്കുന്നു.

കേ.നാ: മി.പീറ്റർ ഞാൻ കേണൽ നായർ ഫ്രം നോവൽ. അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. എപ്പോൾ വന്നാലും ഡീറ്റെയിൽസ് കളക്റ്റ് ചെയ്യാം.

**സീൻ 1 എ**

കേണൽ നായരുടെ ക്യാബിനിലേക്ക് വിവേക് വരുന്നു. കൈയ്യിൽ ഒരു ഫയലുണ്ട്.

വിവേക്**:** സാർ മി. പീറ്ററുടെ ഫയൽ.......

കേ.നാ**:** ഏസ്. പീറ്റർ ഉടനെത്തും. ഞാൻ കൊടുത്തുകൊള്ളാം.

വിവേക് പോകാൻ തിരിയുന്നു.

കേ.നാ**:** അൽത്താഫിനെ വിളിക്ക് വിക്രമന്റെ പ്രോപ്പർട്ടി എൻക്വയറി എന്തായി....?

വിവേക്**:** ഓൾമോസ്റ്റ് ഫിനിഷ്ഡ്....

കേ.നാ**:** മോർ എനിതിംഗ്...?

വിവേക്**:** സാർ ഞാൻ അൽത്താഫിനെ വിളിക്കാം.

വിവേക് ക്യാബിൻ വിട്ടു പുറത്തേക്ക് പോകുന്നു. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അൽത്താഫ് എത്തുന്നു.

കേ.നാ**:** ഇനി എന്താണ് വേണ്ടത്...?

അൽത്താഫ്**:** സാർ പ്രോപ്പർട്ടിയിൽ ഒരു മൈനർ അവകാശിയുണ്ട്. പതിനഞ്ചു വർഷം മുമ്പുള്ള ആധാരമാണ്. അന്നത്തെ മൈനർ ഇന്ന് മേജറായിട്ടുണ്ട്. പക്ഷെ, അവകാശം എഴുതി വാങ്ങിയതായി കാണുന്നില്ല.

കേ.നാ**:** ഓകെ.. ഡീറ്റെയിൽസ് അയാൾക്ക് കൊടുത്താൽ മതി.

അൽത്താഫ്**:** ദെൻ ഫയൽ കംപ്ലീറ്റഡ് ആണ്.

കേ.നാ**:** ഓകെ... ഞാനയാളെ വിളിക്കാം....

**സീൻ 2**

കേണൽ നായരുടെ ക്യാബിൻ.

പീറ്ററുമായിട്ട് കേണൽ നായർ സംസാരിച്ചു കൊണ്ടിരിക്കുന്നു. മുമ്പിൽ മേശമേൽ ഫയൽ തുറന്നു വച്ചിട്ടുണ്ട്. ഫയൽ കാണിച്ചു കൊടുത്തുകൊണ്ടാണ് സംസാരിക്കുന്നത്.

കേ.നാ**:** ഈ പെൺകുട്ടിയുടെ ഡീറ്റെയിൽസ് എല്ലാം ഓകെയാണ്, ഒരു ഓർത്ത ഡോക്സ്ഫാമിലി. ഫോട്ടോയിൽ കാണും പോലെ തന്നെ ഫെയർ. കാം ആന്റ് ക്വയറ്റ് മദർ. ഫാദറിന് അദർ വീക്കനെസ്സുകളൊന്നുമില്ല. രണ്ട് മക്കളാണ്. മകൻ എഞ്ചിനിയർ, യൂക്കെയിലാണ്. പെൺകുട്ടി ഇളയതാണ്. ഫിനാൻഷ്യൽ ഹെവി ഫിറ്റ്. ചോദിക്കാതെ തന്നെ വേണ്ടതു ചെയ്യുമെന്നുറപ്പ്.

പീറ്റർ ഫയലിൽ തന്നെ നോക്കിയിരിക്കുന്നു. അയാൾക്ക് ഇഷ്ടമായിയെന്ന് മുഖം പറയുന്നു.

കേ.നാ**:** രണ്ടാമത്തെ കുട്ടിയും ഫെയറാണ്, ചാമാണ്. അവിടെ രണ്ടു പെൺകുട്ടികളാണ്. അപ്പനും അമ്മയും റിട്ടേർഡ് സ്കൂൾ വാദ്ധ്യാരുമാരാണ്. കിട്ടപ്പോരിൽ അതിന്റേതായ ലിമിറ്റേഷൻസ് ഉണ്ട്. പക്ഷെ, ചോദിച്ച് ഫിക്സ് ചെയ്യുന്നത് തന്നിരിക്കും. മൂത്ത കുട്ടിയാണെങ്കിലും ഭാവിയിൽ അപ്പനെയും അമ്മയെയും നോക്കേണ്ടി വരാമെന്നൊരു മൈനസ് മാർക്കുണ്ട്.

പീറ്റർ**:** ഓ... അങ്ങനെ വരുമോ...?

കേ.നാ**:** വരാം..രണ്ടാമത്തെ കുട്ടി എഞ്ചിനീയറിംഗിനു പഠിക്കുന്നു. അവൾക്ക് ഒരു ജോലിയായി വിവാഹം ചെയ്തു അന്യനാട്ടിൽ പോയാൽ....

**സീൻ 3**

സൂര്യ കിരണങ്ങൾക്ക് ശക്തിയേറിയിരിക്കുന്നു. നോവൽ ഓഫീസ്, റസപ്ഷനിലേക്കൊരു ഫോൺ വരുന്നു.

**രേഷ്മ:** ഏസ്, മോർണിംഗ്... നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സ്... ഓ ഷുവർ ... പ്ലീസ് കം... ഓകെ... ഏസ്... ഓകെ...

**സീൻ 4**

നോവലിന്റെ ഓഫീസിലേക്ക് ഗെയിറ്റ് കടന്ന് ഒരു കാർ വരുന്നു. മുറ്റത്ത് കാർ നിർത്തി, സിസിലിയും സണ്ണിയും സോണിയും ഇറങ്ങുന്നു.

അവർ നടന്ന് ഒഫീസിന്റെ ഡോറിലെത്തിയപ്പോൾ രേഷ്മ പുഞ്ചിരിയോടെ അവരെ സ്വാഗതം ചെയ്യാനെത്തുന്നു.

**രേഷ്മ:** മാഡം... സാർ വെയ്റ്റു ചെയ്യുകയാണ്. ക്യാബിനിലേക്ക് ചെന്നോളൂ...

അവർ ക്യാബിനിലേക്ക് നടക്കുന്നു.

**cut to**

**സീൻ 5**

കേണൽ നായരുടെ ക്യാബിന്റെ ഡോർ തുറന്നു അവർ അകത്തേക്ക് കടക്കുന്നു.

കേ.ന **:** പ്ലീസ് കം... ബീ സീറ്റഡ്.....

അവർ കേണൽ നായർക്ക് അഭിമുഖമായിരിക്കുന്നു.

സിസിലി**:** ഞാൻ സിസിലി, കുരുവിള ജോസഫിന്റെ ..... റോയൽ ഫിനാൻസിംഗ് കമ്പനിയിലെ കുരുവിള ജോസഫിന്റെ വൈഫ്....

കേ.നാ**:** എനിക്കറിയാം കുരുവിള ജോസഫിനെ... മി. കുരുവിളക്ക് വേണ്ടി ഞാൻ രണ്ടു പ്രോപ്പർട്ടി എൻക്വയറികൾ നടത്തിയിട്ടുണ്ട്... എ സ്മാർട്ട് മാൻ...

സിസിലി**:** ഇവർ എന്റെ ആങ്ങളമാരാണ്. സണ്ണിയും സോണിയും... ഞങ്ങള് കട്ടപ്പനക്കാരാ...

കേ.നാ**:** സണ്ണിയും സോണിയും കൃഷിക്കാരാണ്, അല്ലെ.....? കൃഷിക്കാരെ എനിക്ക ബഹുമാനമാണ്.... അവരാണ് നമ്മളെ ജീവിപ്പിക്കുന്നത്......

സണ്ണി**:** അതെ, കുറച്ച് ഏലവും കുരുമുളകുമൊക്കെയായിട്ട്......

കേ.നാ**:** ഗുഡ്....ദെൻ എന്റെ എന്തു സഹായമാണ് വേണ്ടത്...?

പെട്ടന്ന് സിസിലിയുടെ മുഖത്ത് നിന്നും പ്രസന്നത ചോർന്നു പോകുന്നു. കേണൽ നായർ

ഇന്റർകോം വഴി വിളിക്കുന്നു**:** ഷാഹിന പ്ലീസ് കം....

ക്യാബിന്റെ ഡോർ തുറന്നു ഷാഹിന വരുന്നു.

കേ.നാ**:** ഷാഹിന, സിസിലിയുടെ സ്റ്റേറ്റ്മെന്റെടുക്കണം...(സിസിലിയോട്) പ്ലീസ്, സിസിലി ഷാഹിനയോടൊപ്പം ചെല്ലൂ...

സിസിലി ഷാഹിനയോടൊപ്പം പുറത്തേക്ക് പോകുന്നു.

കേ.നാ**:** ദെൻ ടെൽമി സണ്ണി.. വാട്ടീസ്ദ പ്രോബ്ലം....?

സണ്ണി**:** സാർ, ചെറിയ സംശയങ്ങളാണ് ചേച്ചിക്ക്. അളിയൻ, കുരുവിള ജോസഫിന് മറ്റു ബന്ധങ്ങളുണ്ടോയെന്ന്.....

കേ.നാ**:** ഓ....

സണ്ണി**:** ചേച്ചിക്ക് എല്ലാക്കാര്യത്തിലും ഇത്തിരി അറ്റാച്ച്മെന്റ് കൂടുതലാ... അതാകാം സംശയത്തിനൊക്കെ കാരണം...കൂടാതെ ഈ അടുത്ത നാളിൽ

ഫിനാൻസിംഗ് കമ്പനിയിൽ നിന്നും ഒരു വലിയ തുക പിൻ വലിച്ചിട്ടുണ്ട്, ഒരു നല്ല ആധാരം നടക്കാതെയും വന്നു.

കേ.നാ:.(സശ്രദ്ധം കേട്ടിരിക്കുന്നു) ഉം.....

സോണി: ഇച്ചായന്റെ ബിസിനസ്സികളെല്ലാം സാറിന് കൃത്യമായിട്ടറിയുമോന്നറിയില്ല....

കേ.നാ.: ഞങ്ങൾ പരിചയപ്പെട്ടപ്പോൾ പറഞ്ഞിരിക്കുന്നത് ഗോൾഡ് ലോൺ, റിയലെസ്റ്റേറ്റ്, പിന്നെ കുറച്ച് ഷെയറ്... അങ്ങിനെയൊക്കെ....

സോണി: അങ്ങിനെയൊക്കെത്തന്നയാ.....

സണ്ണി: പിന്നെ ചേച്ചിയെ ഇച്ചായനെക്കൊണ്ട് കെട്ടിക്കാൻ ഒരു കാര്യമൊണ്ട്...

കേ.നാ: എന്താത്....?

സണ്ണി: ഞങ്ങള് പാലാക്കാരാ... പാലായിൽ നിന്നും കട്ടപ്പനക്ക് കുടിയേറിയവരാ.. പത്തുപതിനഞ്ചേക്കറ് സ്ഥലമുണ്ട്. അപ്പനായിട്ടൊണ്ടാക്കിയതാ... അപ്പനായിട്ടു തന്നെ ഇത്തിരി പണയത്തിൻ്റേർപ്പാടുമുണ്ടായിരുന്നു. ചില്ലറയല്ല. ഇച്ചായൻ്റേതു പോലത്തെ ഫിനാൻസുകാരുടെ മറു പണയം എടുക്കുക, റീപ്ലെഡ്ജിംഗ്. അങ്ങിനെയാ അപ്പൻ ഇച്ചായന്റെ അപ്പനെ പരിചയപ്പെടുന്നത്. ഇച്ചായന്റെ അപ്പൻ ഞങ്ങടെ അടുത്തെ ഒരു മറു പണയക്കാരനായിരുന്നു. അങ്ങേര്, ഇച്ചായന്റെ അപ്പൻ ഇത്തിരി ചെലവുകൂടുതലുള്ള ആളായിരുന്നു. മദ്യവും പെണ്ണുമൊക്കയായിട്ട്. അങ്ങനെ ഫിനാൻസിംഗ് കമ്പനി പൊളിയെനൊള്ള ഒരുക്കത്തിലായി, അന്ന് അപ്പനായിരുന്നു രക്ഷപെടുത്തിയത്, കാശു കൊടുത്ത്. പകരമായിട്ട് ഇച്ചായനെ ഞങ്ങളിങ്ങെടുത്തു, സിസിലിച്ചേച്ചിയുടെ കെട്ട്യോനായിട്ട്....

കേ.നാ: ഏസ്, ദാറ്റ് ദി ഫാക്റ്റ്....

**സീൻ 6**

ഉച്ചകഴിഞ്ഞ സമയം
നോവൽ പ്രൈവറ്റ് ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ കോൺഫ്രസ് ഹാൾ.
ഷാഹിന, ജൂലി, വിവേക്, അലത്താഫ്, രേഷ്മ, ഇവരെ അഭിമുഖീകരിച്ച് കേണൽ നായർ.

കേ.നാ: ഷാഹിന സിസിലിയെക്കുറിച്ച് എന്തു തോന്നുന്നു ?

ഷാഹിന: ഒരു പാലാക്കാരി നസ്രാണി പെണ്ണ്, ഇത്തിരി എരിവും പുളിയും കൂടും. പക്ഷെ, ജീവിതത്തിൽ ഒരു പ്രായോഗികമതിയാണ്. സാമ്പത്തിക പ്രശ്നത്തേക്കാൾ അവർ ഭർത്താവിനെ സംശയിക്കുന്നതായിട്ടാണ് എനിക്ക് തോന്നുന്നത്.

കേ.നാ: യൂമീൻ ലേഡീസ് മാറ്റർ...?

ഷാഹിന: അതെ.

കേ.നാ: വിവേക് സ്റ്റേറ്റ്മെന്റ് വായിച്ചില്ലേ, വാട്ട് എബൗട്ട് യൂ...?

വിവേക്: ഷാഹിന പറഞ്ഞതിനോട് യോജിക്കുന്നുണ്ട്. എന്നാൽ, ഈ കുരുവിളജോസഫിനെ എനിക്ക് നേരത്തെ അറിയാം. എന്റെ ഒരു ഫ്രണ്ട് അവിടെ സ്റ്റാഫാണ്. കുരുവിള
ഒരു ജെന്റിൽമാനായിട്ടാണ് എന്റെ അറിവ്. ഫിനാൻസ് ഏർപ്പാടുകളിൽ തികച്ചും.

കേ.നാ: ഫിനാൻസ് നടപടികളിൽ ഓകെ... സ്ത്രീ വിഷയത്തൽ അങ്ങിനെ ആകണമെന്നില്ലല്ലോ....?

വിവേക്: പാടില്ല, അല്ലെങ്കിൽ ഉണ്ടാകില്ല എന്നു ഞാൻ പറയില്ല, പക്ഷെ, നമ്മൾ നാടൻ ഭാഷയിൽ പറയില്ലേ, സ്ത്രീ ലമ്പടൻ അങ്ങനെ പറഞ്ഞാൽ ഞാൻ യോജിക്കില്ല.

കേ.നാ. അൽത്താഫ് യുവർ ഒപ്പീനിയൻ.........?

അൽത്താഫ്: എത്ര ജെന്റിൽമാനായാലും ഏതും നിമിഷവും എതു പ്രായത്തിലും ഒരു പ്രണയമൊക്കെയുണ്ടാകാം....

കേ.നാ: ഏസ്, പ്രണയമുണ്ടാകാം. സിസിലിയുടെ പരാതിയിൽ സൂചിപ്പിക്കുന്നതു പോലൊരു പെണ്ണ് ഉണ്ടാകാമെന്നു കരുതിത്തന്നെ മുമ്പോട്ടു പോകാം.

ജൂലി: സാർ, വൺതിംഗ്.

കേ.നാ.: ഏസ്...

ജൂലി: കുരുവിളയിലുണ്ടായിട്ടുള്ള വ്യത്യാസം തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ കുരുവിളയിലുണ്ടാകുന്ന ചെറിയൊരു വികാരം പോലും അറിയാൻ കഴിയുമെന്നു പറയുന്നത് സത്യമാണോ...?

കേ.നാ: വാട്ട് യൂ മീൻ..?

ജൂലി: കുരുവിളയുടെ ഏതോ ഒരു ഇല്ലീഗൽ ബന്ധം അറിഞ്ഞിട്ട് വ്യക്തമാക്കതെ, അല്ലെങ്കിൽ മറച്ചു പിടിച്ചുകൊണ്ട് സിസിലി സംസാരിക്കുന്നതു പോലെ തോന്നുന്നു.

കേ.നാ: ആകാം. അതാരാണെന്ന്, അല്ലെങ്കിൽ അങ്ങിനെ ഒന്നില്ലെന്ന് കണ്ടെത്താനാണ് നമ്മളോട് പറഞ്ഞിരിക്കുന്നത്. രേഷ്മ, സ്റ്റേറ്റ്മെന്റിൽ ചുവന്ന മഷികൊണ്ട് അടിവരയിട്ടിരിക്കുന്ന ഭാഗമൊന്നു വായിക്കൂ.

രേഷ്മ: ഇച്ചായൻ എന്നിൽ നിന്നും അകന്ന് പോകുന്നതായിട്ടെനിക്ക് തോന്നുന്നു. കിടക്കയിൽ എന്നെ ഒഴിവാക്കുന്നതുപോലെ. അല്ലെങ്കിൽ വികാരമില്ലാത്തതുപോലെ, ഊഷ്മളത സൂക്ഷിക്കാൻ കഴിയാത്തതുപോലെ. ഇച്ചായന്റെ മനസ്സിലെന്തോ ഉള്ളതുപോലെ. ആരോ മയക്കിയെടുത്തതു പോലെ...

കേ.നാ:. ഓകെ... ഈ കവിത തുളുമ്പുന്ന വാക്കുകൾ സിസിലി പറഞ്ഞു തന്നതു തന്നെയാണോ....?

ഷാഹിന: അല്ല സാർ.... അവർ പറഞ്ഞ കാര്യങ്ങൾ, ആശയങ്ങൾ ഇങ്ങിനെയൊക്കെത്തന്നെയാണ്. ഇത്തിരി കൂടി കനം കൂടിയ നാടൻ വാക്കുകളിലായിരുന്നു. അതുകളെ ഒഴിവാക്കി എഴുതിയശേഷം വായിച്ചു കേൾപ്പിച്ച് ഒപ്പിടീച്ചിട്ടുള്ളതാണ്...

കേ.നാ: ഓകെ... എനിക്ക് തോന്നിയത് സിസിലിക്ക് ഇത്തിരി അഹങ്കാരം കൂടിയുണ്ടെന്നാണ്. കടം കേറി മുടിഞ്ഞു നിന്നിരുന്ന കിരുവിള കുടുംബത്തെ കടക്കെണിയിൽ നിന്നും രക്ഷിച്ചത് സിസിലിയുടെ അപ്പനായിരുന്നു. രക്ഷിച്ചെടുത്ത് മകളെക്കൊണ്ട് കെട്ടിക്കുകയും ചെയ്തു. ഇതേവരെ സിസിലിയുടെ മാസ്റ്റർ പ്ലാനിൽ കാര്യങ്ങൾ നടക്കുകയും കുരുവിള പ്രവർത്തിക്കുകയും ചെയ്തു വന്നു. ഇപ്പോൾ എന്തെല്ലാമോ കാരണങ്ങൾ കൊണ്ട് സിസിലിയുടെ കണക്കുകൂട്ടലുകൾ തെറ്റുന്നു. അത് സിസിലിക്ക് സഹിക്കുന്നില്ല. എന്താണെങ്കിലും നമ്മളെ സംബന്ധിച്ച് എ ഗുഡ് ജോബ്. കാൽക്കുലേറ്റ് ചെയ്ത്, ഒരു തിരക്കഥയുണ്ടാക്കിത്തന്നെ മുന്നേട്ടു പോകണം. അതിന് എല്ലാ ബന്ധങ്ങളും ഉപയോഗിക്കണം, പുതിയ ബന്ധങ്ങൾ വേണമെങ്കിൽ ഉണ്ടാക്കണം. എല്ലാ അടവുകളും പയറ്റണം.

നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സിലെ എല്ലാ സ്റ്റാഫുകളും ഒന്നിച്ച് പറഞ്ഞു: യേസ് സാർ

കേ.നാ**:** ഓ... താങ്ക് യൂ..... താങ്ക് യൂ....നമുക്ക് അവരുടെ ഒരു ദിവസം തുടങ്ങുന്ന കാഴ്ചകൾ കണ്ടുകൊണ്ട് തുടങ്ങാം....

**സീൻ 7**

പ്രഭാതം.
കുരുവിള ജോസഫിന്റെ വീട്.
അടുക്കള.
സിസിലിയും പൂങ്കനിയും അടുക്കളയിൽ ജോലികളിൽ വ്യാപൃതരായിരിക്കുന്നു. അവർ പ്രഭാത ഭക്ഷണം പാകം ചെയ്യുകയയാണ്.
പ്രഭാത ഗീതങ്ങൾ കേൾപ്പിച്ചുകൊണ്ട് ഒരു റോഡിയോ കാണാം.

**cut to**

**സീൻ 7 എ**

ബെഡ്റൂമിലെ പഠന മേശയിൽ ഒരു പെൺകുട്ടി പഠിക്കുകയാണ്. അവൾ കുരുവിള ജോസഫിന്റെ മകൾ റോസ് മരിയ. കോളേജ് വിദ്യാർത്ഥിനിയാണ്. രാത്രി വസ്ത്രത്തിലാണ്.

**cut to**

**സീൻ 7 ബി**

പ്ലസ് ടൂക്കാരനായ ജോമോൻ എന്നു വിളിക്കുന്ന ജോസഫ് കുരുവിള ഉണർന്നു വരികയാണ്. ഉറക്കച്ചടവോടുകൂടി അവൻ ബാത്ത് റൂമിലേക്ക് പോകുന്നു.

**cut to**

**സീൻ 7 സി**

വീടിന്റെ അപ്പർ ഹാളിൽ ട്രെഡ്മില്ലിൽ കുരുവിള ജോസഫ് നടക്കുകയാണ്. അയാൾ ഏറെ നേരമായി നടന്നു തുടങ്ങിയിട്ടെന്നു തോന്നുന്നു, വസ്ത്രമാകെ വിയർപ്പിൽ കുതിർന്നിരിക്കുന്നു.

**cut to**

**സീൻ 8**

നേരം പുലർന്നിരിക്കുന്നു.
ഒമ്പതു മണി.
കുരുവിള ജോസഫിന്റെ വീട്.
ആ വീടിരിക്കുന്നത് ഒരു ഹൗസിംഗ് കോളനിയിലാണ്. വീഥിക്ക് ഇരുപുറവും ഇരുനില വീടുകളാണ്. മനോഹരമായ പെയിന്റിംഗുകളിൽ ശോഭിതമായ ഗൃഹങ്ങൾ.
കുരുവിള ജോസഫ് വീടിന്റെ മുൻ വാതിൽ തുറന്ന് പുറത്തേക്ക് വരുന്നു. ഒരു എക്സിക്കൂട്ടീവിന്റെ വേഷത്തിലാണ്. അയാൾ ജോലിസ്ഥലത്തേക്ക് പോകുന്നു. കയ്യിൽ ഒരു സൂട്ട് കേസുണ്ട്. പോർച്ചിൽ രണ്ടു കാറുകൾ കാണാം. മുന്നിലെ വിലകൂടിയ കാറിൽ അയാൾ കയറുന്നു. സിസിലി സിറ്റൗട്ടിൽ എത്തി അയാളെ യാത്രയാക്കുന്നു.
പ്രസന്നമാണ് സിസിലിയുടെ മുഖം, ജോലി ചെയ്ത് ക്ഷീണിച്ചതിന്റെ നിഴൽ പാടുകൾ കാണാമെങ്കിലും. സിസിലി ഗെയിറ്റു തുറന്ന് കൊടുത്തിട്ട് കാർ പുറത്തേക്ക് പോകുന്നു.

**സീൻ 8 എ**

സിസിലി വീടിന്റെ ഫ്രണ്ട് ഡോർ അടച്ചിട്ട് അടുക്കളയിലേക്ക് നടക്കുന്നു.

ജോയുടെ ശബ്ദം: മമ്മി എന്റെ സോക്സ്.........?

സിസിലി: അവിടെ അലമാരയിൽ നോക്ക്. ഞാനിന്നലെ മടക്കി വച്ചതാണ ല്ലോ.......

**cut to**

**സീൻ 8 ബി**

ഡൈനിംഗ് ഹാളിൽ, ടേബിളിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു, റോസ് മരിയ. അവൾ കോളേജിൽ പോകാനുള്ള വേഷത്തിലാണ്.

സിസിലി ഹാളിലൂടെ അടുക്കളയിലേക്ക് നടക്കുന്നു.

റോസ്: മമ്മി എനിക്ക് കുറച്ച് ചോറു മതീട്ടോ... വെജിറ്റബിൾ കറിയും....

ടിഫിൻ കാരിയർ പൂങ്കനി ഡൈനിംഗ് ടേബിളിൽ എത്തിച്ചു വക്കുന്നു. അവൾ ജോലി ത്തിരക്കിലാണെന്നു കണ്ടാൽ അറിയാം. അവൾ മടങ്ങി പോകുന്നു.

സിസിലി അടുക്കളയിൽ നിന്നും ഹാളിലെത്തുന്നു.

സിസിലി: ജോമോനെ... നീ കഴിക്കുന്നില്ലേ...?

ജോ വളരെ തിരക്കിൽ ഡൈനിംഗ് ഹാളിലെത്തുന്നു. അവൻ സ്കൂൾ യൂണിഫോമിലാ ണ്. ജോ ടിഫിൻ കാരിയർ ബാഗിൽ വക്കുന്നു

ജോ: വേണ്ട മമ്മി വൈകി.

സിസിലി: ജോ...ഒരു ചപ്പാത്തിയെങ്കിലും കഴിച്ചിട്ടു പോകൂ ജോ.. നീ രാത്രിയിലും നന്നായി കഴിച്ചിട്ടില്ല.

ജോ: പ്ലീസ് മമ്മി... എനിക്ക് വേണ്ട...

അവൻ ധൃതിയിൽ ഡൈനിംഗ് ഹാൾ വിട്ടു പോകുന്നു.

സിസിലി അടുക്കളയിലേക്ക് മടങ്ങുന്നു.

റോസ് മരിയ ഭക്ഷണം കഴിച്ചുകഴിഞ്ഞ് കൈ കഴുകിത്തുടച്ച്...

റോസ്: മമ്മി ഞാനെറങ്ങുവാ....

അവൾ ബാഗെടുത്ത് ടിഫിൻ കാരിയർ വച്ച് സ്വീകരണമുറിയുടെ ചാരിക്കിടന്ന വാതിൽ തുറന്ന് സിറ്റൗട്ടിൽ എത്തുമ്പോൾ ജോ സൈക്കിളിൽ പുറത്തേക്ക് പോവുകയായിരുന്നു.

റോസ് സ്കൂട്ടിയിലാണ് കോളേജിൽ പോകുന്നത്.

റോസ്: മമ്മി...

സിസിലിയുടെശബ്ദം: ഓ....

സിസിലി അപ്പോൾ സിറ്റൗട്ടിൽ എത്തുന്നു. റോസ് പുറത്തേക്ക് പോയിക്കഴിഞ്ഞ് ഗെയി റ്റടച്ച്, ഫ്രണ്ട് ഡോർ അടക്കുന്നു.

**സീൻ 9**

**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

രാത്രി.

സിന്ധുവിന്റെ വീട്.

വിവാഹം നടന്ന രാത്രി. മുറ്റത്ത് പന്തൽ, ആളൊഴിഞ്ഞ കസേരകൾ, ടേബിളുകൾ. രാത്രി വളരെ ഇരുട്ടിയിരിക്കുന്നു. നിശ്ശബ്ദത ആണെല്ലായിടത്തും.

**cut to**

**സീൻ 9 എ**

**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

സിന്ധുവിന്റെ ബെഡ്റൂം.

സിന്ധു വേഷഭൂഷാദികളിൽ കാത്തിരിക്കുകയാണ്. രാത്രി വളരെ വൈകിയതു കൊണ്ട് ഉറക്കം തൂങ്ങുന്ന കണ്ണുകൾ. എണ്ണമയം മുഖമാകെ പടർന്നു വിഷാദ ഭാവം.

വൃത്തിയായി അലങ്കരിച്ചിരിക്കുന്ന മുറി. ടേബിളിൽ പ്ലെയിറ്റിൽ ഫ്രൂട്ട്, ഗ്ലാസിൽ പാൽ, ജഗ്ഗിൽ വെള്ളം.

മുറിയിലേക്ക് സുകുമാരൻ വരുന്നു. അയാളും വിവാഹ വേഷത്തിലാണ്. മദ്യത്തിൽ മത്തനായിട്ടാണ്. അയാൾ വരുന്ന ശബ്ദം കേട്ടിട്ട് സിന്ധു എഴുനേൽക്കുന്നു.

**സുകു:** ഓ...ഓ...സിന്ധുക്കൊച്ച് ഒറങ്ങിയില്ലായിരുന്നോ.... ഒറങ്ങിക്കോളാൻ മേലാരുന്നോ... ഞാൻ നിന്റെ സുകുവല്ലേ... എന്റെ അടുത്ത് നിനക്കെല്ലാ സ്വാതന്ത്ര്യോം ഉണ്ടാകും...

അയാൾ കട്ടിലിൽ ഇരിക്കുന്നു.

**സുകു:** നിനക്കറിയുമോ...ഞാനാണിന്ന് ലോകത്തെ ഏറ്റവും സന്തോഷവാൻ. പ്രണയിച്ച പെണ്ണിനെത്തന്നെ കെട്ടിയോൻ... നിന്റെ കാര്യം അങ്ങിനെ ആയിരിക്കില്ല... കാരണം നീയെന്നെ പ്രണയിച്ചിട്ടില്ലല്ലോ....

അയാൾ ഷർട്ട് ഊരാൻ ശ്രമിക്കുന്നു,. പക്ഷെ, കഴിയുന്നില്ല. അപ്പോൾ ടേബിളിൽ ഇരിക്കുന്ന പാൽ കാണുന്നു.

**സുകു:** ഓ... എന്റെ ദൈവമേ എല്ലാ ഫോർമാലിറ്റീസുമുണ്ടല്ലോ... എന്നാ കാര്യം എനിക്ക കുടിക്കാൻ മേല... പാലു നീ കുടിച്ചോ... എന്നിട്ട് വാ കെടക്കാം. റിമെമ്പർ ദാറ്റ്... ടുഡെ ഈസ് അവ്വർ ഫസ്റ്റ് നൈറ്റ്...

സിന്ധു നിശ്ശബ്ദയായി നിൽക്കുകയല്ലാതെ ഒന്നും ചെയ്യുന്നില്ല. മുഖത്ത് ഒരു വികാരവുമില്ല.

**സുകു:** സിന്ധു നിനക്കോർമ്മയുണ്ടോ ഞാൻ നിന്നോട് ഇഷ്ടമാണെന്നു പറഞ്ഞ ദിവസം... ഫസ്റ്റ് ഇയർ ഡിഗ്രിക്ക് ഒരേ ക്ലാസിൽ ഇരുന്നു മൂന്നു മാസം കണ്ടു കഴിഞ്ഞപ്പോൾ തോന്നിയ മോഹം... ആരുമില്ലാത്തപ്പോ... ഇടനാഴിയിൽ വച്ചാണ് ഞാൻ പറഞ്ഞത്... പക്ഷെ, നീ അത് അന്നു തന്നെ കൂട്ടുകാരികളോട് പറഞ്ഞ് ആർത്തു ചിരിച്ചു. അതിലാ പല്ലു പൊങ്ങിയവളില്ലെ, ലിസി , അവളെന്നെ തന്തയില്ലാത്തവനെന്നു വിളിച്ചതും ഞാൻ തെറി വിളിച്ചതും.... അന്നേ ഞാൻ തീരുമാനിച്ചതാ നിന്നയെ ഞാൻ കെട്ടുകയുള്ളുവെന്ന്....

സിന്ധുവിന്റെ മുഖത്ത് ഭീതി പരക്കുന്നു. അവൾ വീണ്ടും തളർന്നു കൊണ്ടേയിരിക്കുന്നു.

**സുകു:** ഇടക്ക് അവൻ കയറി വന്നപ്പോൾ... അവനില്ലേ... അന്നത്തെ കോളേജ് ഹീറോ... നിന്റെ കാമുകൻ... അവൻ കയറി വന്നപ്പോൾ ഞാൻ കരുതി തകർന്നെന്ന്.. എന്നിട്ടെന്തേ....

സുകുമാരൻ എന്തോ ആലോചിക്കുന്നു.

**സുകു:** ഓ... സോറി ഞാൻ മറന്നു... ഇന്ന് നമ്മുടെ ഫസ്റ്റ് നൈറ്റാണ്... സോറി ... വാ കെടക്ക്....

സുകുമാരൻ സിന്ധുവിനെ കട്ടിലിൽ പിടിച്ചു കിടത്തുന്നു.

**cut to**

**സീൻ 9 ബി**
**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

നേരം പുലരുന്നു.

സിന്ധു അലങ്കോലമായ വസ്ത്രങ്ങളുമായിട്ട് കട്ടിലിൻ കാൽക്കൽ ഇരിക്കുന്നു. എല്ലാം തകർന്നു പോയൊരു സ്ത്രീയുടെ വേദനയോടെ.

കട്ടിലിൽ സുകു ഗാഢനിദ്രയിലാണ്.

**cut to**

**സീൻ 9 സി**

നാല്പതു കഴിഞ്ഞ സിന്ധു ഹോസ്പിറ്റൽ വസ്ത്രത്തിൽ, റെക്കവറി റൂമിൽ കിടക്കുന്നു, സെഡേഷന്റെ മയക്കത്തിൽ. അവൾ മയക്കത്തിൽ കണ്ട ജീവിത മുഹൂത്തർങ്ങളായിരുന്നു അതുകൾ...

അവൾ ഒന്നു ഞരങ്ങി, മൂളി...

ഡ്യൂട്ടി നേഴ്സ് അതുകണ്ട് അവളുടെ അടുത്ത് വന്ന് കവിളിൽ തലോടി. സിന്ധു വീണ്ടും മയക്കത്തിലേക്ക് പോയി.

**സീൻ 10**

റോയൽ ഫിനാൻസിംഗ് കമ്പനിയുടെ ബോർഡ് കാണാം. വലിയൊരു ബിൽഡിംഗിന്റെ ഫസ്റ്റ് ഫ്ളോറിൽ. ബിൽഡിംഗിന്റെ മുന്നിൽ കാർ നിർത്തി കുരുവിള ജോസഫ് ഇറങ്ങി അപ്സ്റ്റെയർ കയറി എത്തുമ്പോൾ സ്റ്റാഫുകൾ കാത്തു നിൽക്കുന്നുണ്ടായിരുന്നു.

കുരുവിളയുടെ കൈയിൽനിന്നും താക്കോൽ വാങ്ങി ഷട്ടറിന്റെ താഴ് തുറക്കുന്നു, പ്യൂൺ.

**cut to**

**സീൻ 10 എ**

റോയൽ ഫിനാൻസിംഗ് കമ്പനിയും പ്രവർത്തനങ്ങൾ നടക്കുന്നു കൊണ്ടിരിക്കുന്നു. മൂന്നു പുരുഷ സ്റ്റാഫുകളും രണ്ട് സ്ത്രീ സ്റ്റാഫുകളും, പ്യൂണും, സ്വീപ്പർ ആയ സ്ത്രീയും അവരവരുടെ ജോലികളിൽ മുഴുകിയിരിക്കുന്നു.

സ്വർണ്ണ പണയം എടുക്കുന്ന സെക്ഷനിൽ രാജേഷും ഒരു സ്ത്രീയുമാണ്. റോയിമാത്യുവും സോമൻ നായരും അക്കൗണ്ടുകൾ ചെയ്യുന്നു.

ക്യാബിനുള്ളിൽ കുരുവിള തിരക്കിലാണ്.

**സീൻ 11**

പകൽ, ഹോസ്പിറ്റൽ. റിക്കവറി റൂം സിന്ധുവിനെ ഡോക്ടർമാർ പരിശോധിച്ചു കൊണ്ടിരിക്കുന്നു.

സിന്ധു മയക്കത്തിൽ തന്നെയാണ്. പരിശോധന കഴിഞ്ഞ് അവർ അടുത്ത ബഡ്ഡിലേക്ക് പോകുന്നു.

**സീൻ 12**

പകൽ

കുരുവിളയുടെ വീടിരിക്കുന്ന ഹൗസിംഗ് കോളനി.

കുരുവിളയുടെ വീടിനു എതിർവശത്തുള്ള വീടിന്റെ മുന്നിൽ വിവേകും അൽത്താഫും. കോളിംഗ് ബെല്ലടിച്ച് കാത്തു നിൽക്കുന്നു. കതക് തുറന്ന് റേച്ചൽ സ്കറിയ പുറത്തേക്ക് വരുന്നു.

വിവേക്: മേം, ഞങ്ങൾ വാർഡ് കൗൺസിലർ അച്ചാമ്മ പറഞ്ഞിട്ട് വരുന്നു. അപ്സ്റ്റയർ വാടകക്ക് തരുമെന്നറഞ്ഞിട്ട്...

റേച്ചൽ :ഓ.. ശരിയാണ് വിവേക് അല്ലെ...?

വിവേക്: അതെ...

സ്ത്രീ അവരുടെ കൈ വശം  എന്തോ തിരയുന്നു.

**റേച്ചൽ:** നിങ്ങൾക്ക് ലഗേജൊന്നുമില്ലേ.....?

**വിവേക്:** സ്ഥലം കണ്ടു പോയിട്ട് ലഗേജെടുത്തു വരാമെന്ന വച്ചു.

**റേച്ചൽ:** നിങ്ങൾ എവിടെയാ പഠിക്കുന്നത്...?

**വിവേക്:** ടൈമിൽ, ബാങ്ക് കോച്ചിംഗിന്... മിക്കവാറും ആറുമാസം ഉണ്ടാകും....

**റേച്ചൽ:** ഓ... ശരിയാ അച്ചാമ്മ പറഞ്ഞിരുന്നു... നിൽക്കൂ... ഞാൻ ദേ വരുന്നു...

റേച്ചൽ സ്കറിയ ഉള്ളിൽപ്പോയി മടങ്ങി വരും വരെ അവർ സ്ഥലങ്ങൾ കണ്ടു നിൽക്കുന്നു.

റേച്ചൽ താക്കോലുമായി വന്നപ്പോൾ, അവർ പുറത്തുള്ള സ്റ്റെയർ വഴി മുകളിലത്തെ നിലയിലെത്തി വാതിൽ തുറന്ന്, മുറിയും മറ്റും കാണുന്നു. അവർക്ക് ഇഷ്ടമായിയെന്ന് മുഖങ്ങൾ പറയുന്നു.

**വിവേക്:** ഓകെ... താങ്ക് യൂ മേം...

**റേച്ചൽ:** ഞാൻ താഴേക്ക് പോകുന്നു.

**വിവേക്:** ആയിക്കോട്ടേ....

**സീൻ 12 എ**

വിവേക്, അൽത്താഫ് മുറിയിൽ വിഹഗ വീക്ഷണം നടത്തുന്നു.  അവർക്ക് ഒരു ജനാല തുറന്നപ്പോൾ കുരുവിളയുടെ വീടു കാണാം. അവിടെ വന്നു പോകുന്നവരെയും, മുകൾ നിലയിലെ സിറ്റൗട്ടും റോഡിനെ അഭിമുഖമായുള്ള മുറിയുടെ ജനാലയും വ്യക്തമായികാണാം.

വിവേക്, അൽത്താഫ്, അവരുടെ മുഖങ്ങളിൽ ഒരു വിജയം വരിച്ച സന്തോഷം.

**സീൻ 13**

പകൽ.

കുരുവിളയുടെ വീട്. ബെഡ്റൂം. അതിൽ രണ്ടു കട്ടിലുകൾ രണ്ട് അലമാരകൾ ഒരു ടേബിളും പഠന സൗകര്യങ്ങളും.

പൂങ്കനി, ഷാഹിന, ജൂലി സംസാരിച്ചു കൊണ്ടിരിക്കുന്നു.

**ജൂലി:** പൂങ്കനിയെ കൊച്ചു മോളേന്നാണ് വിളിക്കുന്നതല്ലേ....?

**പൂങ്കനി:** അതെ.

**ജൂലി:** കൊച്ചുമോൾക്ക് മലയാളം തെരിയുമാ...?

**പൂങ്കനി:** തെരിയും.

**ജൂലി:** വായിക്കാനും....?

**പൂങ്കനി:** ഉം....

**ഷാഹിന:** സ്കൂളിൽ പഠിച്ചിട്ടുണ്ടോ...?

**പൂങ്കനി:** പത്താം ക്ലാസു വരെ.

**ഷാഹിന:** എവിടെയായിരുന്നു.....?

**പൂങ്കനി:** അടിമാലിയിൽ, ചെറുപ്പത്തിലെ അവിടെയായിരുന്നു, അപ്പന് അവിടെ കൂലിപ്പണികളായിരുന്നു.

**ജൂലി:** അപ്പന്റെ വീട്ടുകാരൊക്കെ....?

**പൂങ്കനി:** അവരൊക്കെ മൂന്നാറിലെ തോട്ടത്തിൽ പണികളൊക്ക ആയിട്ട് , അപ്പൻ മരിച്ചതിപ്പിന്നെ ആരേം കാണാറില്ല.

**ഷാഹിന:** അമ്മ......?

**പൂങ്കനി:** അമ്മ ചിറ്റപ്പന്റെ കൂടെ പൊള്ളാച്ചിയിലാ...

**ജൂലി:** കൊച്ചുമോള് സിസിലി മാഡത്തിനെ എന്താ വിളിക്കുന്നത്.....?

**പൂങ്കനി:** മമ്മിയെന്ന്.

**ഷാഹിന:** കൊച്ചുമോള് ഇവിടെയാണോ കിടക്കുന്നത്.....?

**പൂങ്കനി:** അതെ.

**ഷാഹിന:** റോസും....?

**പൂങ്കനി:** അതെ.

**ജൂലി:** കൊച്ചുമോൾക്ക് വയസ്സെത്രയായി......?

**പൂങ്കനി:** ഇരുപത്തിയഞ്ച്.

**ജൂലി:** റോസിനോ.....?

**പൂങ്കനി:** ഇരുപത്.

**ഷാഹിന:** റോസ് കൊച്ചുമോളെ എന്തു വിളിക്കും......?

**പൂങ്കനി:** ചേച്ചിയെന്ന്.

**ജൂലി:** കൊച്ചുമോളിവിടെ വന്നിട്ടെത്ര നാളായി.......?

**പൂങ്കനി:** പത്തു വർഷം.

**ജൂലി:** അമ്മയുടെ അടുത്ത് പോകാറില്ലെ .....?

**പൂങ്കനി:** ഇല്ല, അമ്മ ചിറ്റപ്പനെ കല്ല്യാണം കഴിച്ചതിൽപ്പിന്നെ പോയിട്ടില്ല

**ഷാഹിന:** എന്തേ....?

**പൂങ്കനി:** അയാളെ ഇഷ്ടമല്ല, അയാള് ചീത്തയാ....

**ജൂലി:** കുരുവിള സാറ് നിന്നോട് ചീത്തയായി പെരുമാറിയിട്ടില്ലേ....?

**പൂങ്കനി:** ഇല്ല.

**ഷാഹിന:** സത്യം.....?

**പൂങ്കനി:** അതെ.

**ജൂലി:** സിസിലി മാഡത്തിന് നിന്നോട് സ്നേഹമാണോ......?.

**പൂങ്കനി:** അതെ ഞാൻ അമ്മയെപ്പെലെയാണ് കാണുന്നത്.

**ഷാഹിന:** കുരുവിള സാറിനെ...?

**പൂങ്കനി:** അപ്പനെ പോലെ തന്നെയാണ്.

**ഷാഹിന:** നിന്റെ ഭാവിയെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ....?

**പൂങ്കനി:** ഇല്ല.

**ജൂലി:** അതെന്തേ....?

**പൂങ്കനി:** മമ്മി എന്തു പറഞ്ഞാലും ചെയ്യും എന്റെ ഭാവി അത്രയേയൊള്ളൂ. അല്ലാതെ എനിക്കെന്ത് ഭാവി......?

**ഷാഹിന:** നിനക്ക് നല്ല ഒരാളെ കണ്ടെത്തി കല്ല്യാണം ചെയ്തു തരുമെന്നു കരുതുന്നുണ്ടോ?

പൂങ്കനി: ഞാമ്പറഞ്ഞില്ലേ മമ്മി എന്തു ചെയ്യാൻ പറഞ്ഞാലും അതു ചെയ്യും, മറ്റൊന്നും ഞാൻ ആലോചിക്കാറേയില്ല.

ജൂലി: പൂങ്കനിക്ക് സാറുമായിട്ട് മറ്റു ബന്ധങ്ങളൊന്നുമില്ലാ......?

പൂങ്കനി: മറ്റു ബന്ധങ്ങളോ... അതെന്താ.......?

ജൂലി: ആണും പെണ്ണും തമ്മിലുള്ള ബന്ധം.......?

പൂങ്കനി ഞെട്ടുന്നു

പൂങ്കനി: നിങ്ങളെന്തിനാ ഇങ്ങിനെയൊക്കെ ചോദിക്കുന്നത്....?

ഷാഹിന: നിന്റെ മമ്മി പറഞ്ഞിട്ട്.....

പൂങ്കനി: മമ്മി പറഞ്ഞിട്ടോ.....?.

പൂങ്കനിയുടെ മുഖത്ത് ക്ഷോഭത്തിന്റെ തിരകൾ.......
ഷാഹിനയും ജൂലിയും മന്ദഹസിക്കുന്നു,

ഷാഹിന: കൊച്ചുമോൾക്ക് ദേഷ്യം വന്നോ.......?

**സീൻ 14**

കുരുവിളയുടെ വീട്.
സിറ്റിംഗ് റൂമിൽ സിസിലിയും കേണൽ നായരും സംസാരിച്ചിരിക്കുന്നു.

കേ.നാ: സിസിലിക്ക് പൂങ്കനിയെ കിട്ടിയി കഥ പറയാമോ...?

സിസിലി: പത്തു കൊല്ലം മുമ്പാണ്. അവൾക്കന്ന് പതിനഞ്ച് വയസ്സ്. ഒരു ഏജന്റ് കൊണ്ടു വന്നു തന്നതായിരുന്നു. ആയിരത്തഞ്ഞൂറു രൂപയും കൊടുത്തു. ഞാനവളെ സ്വന്തം അനുജത്തിയായിട്ടേ കണ്ടിട്ടുള്ളൂ. വന്ന അന്നു മുതൽ റോസും അവളും ഒരുമിച്ചായിരുന്നു. ഒരേമുറിയിൽ. ഒരുപക്ഷെ, റോസിന് എന്നേക്കാൾ ഇഷ്ടം അവളോടാണെന്നു തോന്നിയിട്ടുണ്ട്. നല്ല ഭക്ഷണവും വസ്ത്രവും കൊടുത്തു.

കേ.നാ: അവളുടെ ആരും കാണാൻ വരാറില്ലേ....?

സിസിലി: ഉണ്ട്, വല്ലപ്പോഴും അമ്മ വരും. നാലഞ്ചു കൊല്ലം മുമ്പ് ആ സ്ത്രീ അവളെ കൊണ്ടു പോകാൻ നോക്കിയതാണ്, അവരുടെ ബന്ധത്തിന്റെ അവകാശത്തിൽ സംസാരിച്ചപ്പോൾ വാർഡ് കൗൺസിലറുടെ സാന്നിദ്ധ്യത്തിൽ കൂടെ വിട്ടതാണ്. പക്ഷെ, നാലാം നാൾ പൊള്ളാച്ചിയിലെ പോലീസ് സ്റ്റേഷനിൽ നിന്നും വിളിച്ചു കൊണ്ടു വന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ തന്നെ ചിറ്റപ്പൻ അവളെ ശല്യം ചെയ്തു തുടങ്ങി.

കേ.നാ: സിസിലിക്ക് തോന്നുന്നുണ്ടോ കുരുവിളക്ക് പൂങ്കനിയുമായിട്ടെന്തങ്കിലും ബന്ധമുണ്ടെന്ന്.....?

സിസിലി മൗനം പൂണ്ടു.

കേ.നാ: അവരുടെ പെരുമാറ്റത്തിൽ നിന്ന് എന്തെങ്കിലും.....?

സിസിലി: ഇല്ല.

കേ.നാ: സിസിലി ഇല്ലാത്തപ്പോൾ അവർക്ക് സന്ധിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടോ...?

സിസിലി: ഉണ്ട്.

കേ.നാ: അപ്പോൾ സിസിലിക്ക് പൂങ്കനിയെ സംശയമുണ്ട്.....?

സിസിലി മൗനം.

**സീൻ 14 എ**

പൂങ്കനി സിസിലിയുടെ ബെഡ്റൂമിലേക്ക് ഓടിയെത്തുന്നു. കട്ടിലിൽ ഇരിക്കുന്ന സിസിലിയുടെ കാൽക്കൽ ഇരുന്ന്, അവളെ ഇറുക്കി പിടിക്കുന്നു.

**പൂങ്കനി:** എന്താ മമ്മിയിത്.....?

**സിസിലി:** സാർ എന്നെ വിട്ടു പോകുന്നു. ആരോ അദ്ദേഹത്തെ എന്നിൽ നിന്നും അകറ്റന്നു. നീ ആണോ അത്....?

സിസിലി പൂങ്കനിയുടെ കണ്ണുകളിൽ തുറിച്ചു നോക്കുന്നു. പൂങ്കനിയുടെ കണ്ണുകൾ നിറഞ്ഞുവരുന്നു. എന്നാൽ പൂങ്കനിയുടെ മുഖത്ത് അതേ വരെ നിന്നിരുന്ന അങ്കലാപ്പ് മാറുന്നതായിട്ട് കാണുന്നു.

**പൂങ്കനി:** ഇല്ല മമ്മി, സത്യം.

**സിസിലി:** അതാരാണെന്ന് എനിക്കറിയണം. അവർ രഹസ്യങ്ങൾ അന്വേഷിക്കുന്നവരാണ്. നിനക്കറിയാവുന്നതെല്ലാം അവരോട് പറയണം.

വല്ലാത്തൊരു നിർവ്വികാരതയാണ് പൂങ്കനിയിലിപ്പോൾ. അവൾ സിസിലിയെ വിട്ട് എഴുന്നേൽക്കുന്നു.

**സീൻ 15**

**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

രാത്രി, മദ്യഷാപ്പ്.
ചെറുപ്പക്കാരനായ സുകുമാരനും സ്നേഹിതരും മദ്യം കഴിച്ചു കൊണ്ടിരിക്കുന്നു.

**സ്നേഹിതൻ 1:** സുകൂ നീ ഭാഗ്യം ചെയ്തവനാടാ... രണ്ടേക്കറ് റബ്ബർ... നല്ലൊരു വീട് സുന്ദരിയായ ഭാര്യ.....

**സുകു:** അതേടാ, ഞാൻ ഭാഗ്യവാൻ തന്നെയാ കണ്ടവന്റെയൊക്കെ ആട്ടും തുപ്പും മേറ്റ് വലഞ്ഞതിന്റെ പ്രതിഫലമായി ദൈവം തന്നതാ.. നിനക്കൊക്കെ അറിയാമല്ലോ....

**സ്നേഹിതൻ 2:** സെന്റിയാകാതെടാ.. സുഖിക്കാൻ കിട്ടുന്ന അവസരം കളയാത്തവനാ മിടുക്കൻ... നീ മിടുക്കനാ...

**സുകു:** അതേടാ... സുകു മിടുക്കനാ....

**സീൻ 16**

**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

പകൽ, സിന്ധുവിന്റെ വീട്.
സിനിധുവിന്റെ ബെഡ്റൂം.
സുകുമാരൻ അലമാരകൾ പരിശോധിക്കുന്നു.
സിന്ധു അവിടേക്ക് വരുന്നു. സുകുവിന്റെ പ്രവർത്തി കണ്ടിട്ട്,

**സിന്ധു:** സിങ്ങളെന്താണ് തെരയുന്നത്.....?

**സുകു:** നിന്റെ പണപ്പെട്ടി.. ഇന്ന് ഷീറ്റ് വിറ്റിട്ട് തള്ള വരുന്നതു കണ്ടല്ലോ...

**സിന്ധു:** ഷീറ്റ് വിറ്റെങ്കിൽ അതിനിവിടെ ചെലവൊണ്ട്...

**സുകു:** ചെലവൊണ്ട്... അതിന്റെ കൂടെ എനിക്കും ചെലവുണ്ട്...

**സിന്ധു:** നിങ്ങടെ എന്തു ചെലവ്...?

സുകുമാരൻ എവിടെ നിന്നോ തെരഞ്ഞ് കുറച്ച് പണം കൈക്കലാക്കുന്നു. അതു പിടിച്ചു വാങ്ങാനുള്ള സിന്ധുവിന്റെ ശ്രമങ്ങൾ...

സിന്ധുവിന്റെ അമ്മ അവിടേക്ക് വരുന്നു.
സുകുമാരൻ പണവുമായി പുറത്തേക്ക് പോകുന്നു.
ഒന്നും മിണ്ടാൻ കഴിയാതെ സിന്ധുവിന്റെ അമ്മ നോക്കി നിൽക്കുന്നു. സിന്ധു കരയുന്നു.

**സീൻ 16 എ**

ഹോസ്പ്പിറ്റൽ റെക്കവറി റൂം. സിന്ധുവിന് ഇഞ്ചക്ഷൻ കൊടുക്കുന്ന നേഴ്സ്. കുത്തിയപ്പോഴുള്ള വേദനയിൽ സിന്ധു പുളയുന്നു, മയക്കത്തിൽ തന്നെയാണ്.

**സീൻ 17**

പകൽ, ഹോസ്പിറ്റൽ.
ഡോക്ടറുടെ ക്യാബിൻ.
ഡോക്ടറുടെ മുന്നിൽ പൗലോസ് ഇരിക്കുന്നു.

ഡോ: വി ഡിഡ് ദ ബെസ്റ്റ്... ഉന്മേഷ് ഓകെ.. ബട്ട് സിന്ധു....ഐ തിങ്ക് ഇറ്റ്സ് ഫെയ്ത്ത്....നമുക്ക് ദൈവത്തോടു പറയാനേ കഴിയൂ.....

വിഷണ്ണനായിരിക്കുന്ന പൗലോസ്.

**സീൻ 18**

പകൽ, റേച്ചൽ സ്കറിയയുടെ വീട്. ഡൈനിംഗ് ടേബിളിൽ വിവേകും അൽത്താഫും ഭക്ഷണം കഴിക്കുന്നു. റേച്ചൽ വിളമ്പിക്കൊടുക്കുന്നു.

അൽത്താഫ്**:** ആന്റി ... കുരുവിളച്ചേട്ടന് രണ്ട് പെൺമക്കളുണ്ടല്ലേ...?

റേച്ചൽ**:** ഉണ്ടെങ്കിൽ.....?

അൽത്താഫ്**:** അല്ല ആന്റി.. ഞാൻ വെറുതെ ചോദിച്ചെന്നേയുള്ളൂ..

റേച്ചൽ**:** ഉം... ഉവ്വ്..... വിവേകേ... ഇവന്റെ കണ്ണ് അത്ര നല്ലതല്ല.... ഇവനേ അവരുടെ ടെറസ്സിലേക്ക് നോക്കി കാഴ്ച കാണുന്നു.

അൽത്താഫ്**:** ആന്റി...

വിവേക്**:** ശരിയാ അന്റീ.. എന്റെ അത്രേം നല്ല സ്വഭാവമൊന്നുമല്ല ഇവന്റെ...

അൽത്താഫ്**:** ടാ.......

റേച്ചൽ**:** ഇന്നേ എന്റെ മോളും കൊച്ചും വരും അവളെ നോക്കുകയൊന്നും വേണ്ടാട്ടോ... അവളുടെ കെട്ടിയോൻ, എന്റെ മരുമകൻ മിസ്റ്റർ കേരളയാ...

അൽത്താഫ്**:** ച്ഛേ.. ഈആന്റി....

റേച്ചൽ**:** മോനെ .. അൽത്താഫേ... കുരുവിളക്ക് ഒരു മകനും ഒരു മകളുമാണ്, മറ്റേ കൊച്ച്, കൊച്ചുമോള് അവരുടെ സേർവന്റാ...പക്ഷെ സിസിലി അനുജത്തിയേപ്പോലെയാ കൊണ്ടു നടക്കുന്നെ.. തമിഴത്തിയാ... അവിടെ വന്നിട്ട് എട്ടു പത്തു കൊല്ലമായി... നല്ല കുട്ടിയാ... എനിക്കിഷ്ടമാ...

അൽത്താഫ്**:** എന്നാ ആന്റീടെ മോനേക്കൊണ്ട് കെട്ടിക്കാൻമ്മേലേ......?

റേച്ചൽ**:** അതിനെനിക്ക് രണ്ടു പെൺ മക്കളല്ലേ... രണ്ടിനേം കെട്ടിച്ചു വിടുകേം ചെയ്തു.

അൽത്താഫ്**:** ഓ... അങ്ങിനെയാണോ.....?

റേച്ചൽ**:** വിവേകേ... ഇവനെന്തിന്റെ കേടാ... ആ കൊച്ചിന്റെ കാര്യം തെരക്കുന്നേ... ഇവിടെ വന്നതല്ലേയൊള്ളു അപ്പഴേക്കും ലൈനായോ...?

വിവേക്**:** അറിയത്തില്ലാന്റീ...

റേച്ചൽ: അതെന്നതാടാ നീ കൊറേ നാളായില്ലേ ഇവന്റെ കൂടെ നടക്കുന്നു, എന്നിട്ട് ഇവന്റെ രാപ്പനി അറിഞ്ഞില്ലേ...?

വിവേക്, അൽത്താഫ്: രാപ്പനിയോ...?

അവരുടെ പൊട്ടിച്ചിരികൾ ഉയരുന്നു.

**സീൻ 19**

പകൽ, റേച്ചൽ സ്കറിയയുടെ വീട്.

അപ്സ്റ്റയറിലുള്ള മുറിയിൽ വിവേക്, അൽത്താഫ്. അവർ കുരുവിള ജോസഫിന്റെ വീട് നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു.

**സീൻ 19 എ**

കുരുവിള ജോസഫിന്റെ വീട്. മുൻ വാതിൽ തുറന്ന് സിസിലി പുറത്തേക്ക് വരുന്നു. സിസിലി എവിടയോ പോകുന്നതിനുള്ള വേഷത്തിലാണ്.

സിസിലിയെ യാത്രയാക്കാൻ പൂങ്കനി പുറത്തേക്ക് വരുന്നു. സിസിലി യാത്ര പറഞ്ഞ് കാറിൽ കയറിയപ്പോൾ പൂങ്കനി അകത്തു കടന്ന് ഡോർ അടക്കുന്നു.

**സീൻ 19 ബി**

വിവേക്: (ഫോണിൽ) സാർ, സിസിലി പുറത്തേക്ക് പോവുകയാണ്.

**cut to**

കേ.നാ:(ഫോണിൽ) ഏസ്, അവരെ വാച്ച് ചെയ്യണം.

**cut to**

വിവേക്:(ഫോണിൽ) ഏസ്, സാർ........

വിവേകും അൽത്താഫും സിസിലിയുടെ കാർ പുറത്തേക്ക് പോകുന്നത് വീക്ഷിച്ചു നിൽക്കുന്നു. അൽത്താഫ് ഉടനെ പുറത്തേക്ക് പോകുന്നു.

**സീൻ 20**

പകൽ, നഗരം. സിസിലിയുടെ കാർ നഗരത്തിലൂടെ ഓടിക്കൊണ്ടിരിക്കുന്നു. അതിനെ പിൻ തിടർന്ന് അൽത്താഫ് ബൈക്കിൽ പോകുന്നു.

**സീൻ 20 എ**

നഗരത്തിലെ ഒരു മാർജിൻ ഫ്രീ മാർക്കറ്റിൽ സിസിലി കയറുന്നു. സാധനങ്ങൾ തിരഞ്ഞെടുത്ത് ട്രോളിയിൽ കൊണ്ടു വരുന്നു. അൽത്താഫ് സിസിലിയെ പിൻ തുടർന്നു കൊണ്ടിരിക്കുന്നു. യാദൃച്ഛികമായിട്ട് സിസിലി അൽത്താഫിനെ കാണുന്നു. ഒരു ആകാംക്ഷാ ഭാവത്തിൽ അൽത്താഫിനെ സിസിലി നോക്കുന്നു.

**സീൻ 20 ബി**

നഗരം.

സിസിലിയുടെ കാർ വീണ്ടും ഓടിക്കൊണ്ടിരിക്കുന്നു. അത് ഒരു ബ്യൂട്ടി പാർലറിനു മുന്നിൽ നിർത്തുന്നു. സിസിലി കാറിൽ നിന്നുമിറങ്ങി ബ്യൂട്ടി പാർലറിൽ കയറുന്നു. അവരെ പിന്തുടർന്നു വന്ന അൽത്താഫ് (മൊബൈലിൽ വിളിക്കുന്നു): സാർ. അവർ ബ്യൂട്ടി പാർലറിൽ കയറിയിരിക്കുകയാണ്.

**സീൻ 21**

**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

പകൽ, സിന്ധുവിന്റെ വീട്.
സിറ്റിംഗ് റൂമിൽ പൗലോസ്, സിന്ധു, സിന്ധുവിന്റെ അമ്മ സംസാരിച്ചു കൊണ്ടിരിക്കുന്നു.

സിന്ധുവിന്റെ അമ്മ**:** എന്താ സാറെ വിധി എന്നും ഞങ്ങളോടിങ്ങിനെ......?

പൗലോസിന്റെ നിസ്സംഗമായ മുഖ ഭാവങ്ങൾ...

സി.അമ്മ**:** സാറിനറിയില്ലെ... ഇവൾക്ക് പത്തു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചതാ.. പിന്നെ സ്വത്ത് തർക്കമായി... ഞങ്ങളെ നാട്ടിൽ നിന്നു തന്നെ ഓടിക്കാൻ ഇവളുടെ വല്യച്ഛനും ചിറ്റപ്പന്മാരും കച്ചകെട്ടി നടന്നു....

പൗലോസ്**:** ഞാൻ ചെയ്തത് തെറ്റിപ്പോയെന്ന് ഇപ്പോൾ തോന്നുന്നു. സിന്ധുവിനെക്കൊണ്ട് നിർബ്ബന്ധിച്ച് അവനെക്കൊണ്ട് കെട്ടിക്കേണ്ടിയിരുന്നില്ല.

സിന്ധു**:** ഞാനങ്ങിനെ കരുതുന്നില്ല സാറെ.. എല്ലാം ഞങ്ങളുടെ വിധിയാണെന്നോർത്തു സമാധാനിക്കുന്നു.

**സീൻ 22**

**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

പകൽ.
ഒരു ചെറിയ ഹോസ്പിറ്റൽ വാർഡ്.
വാർഡിൽ ഒരു കട്ടിലിൽ സിന്ധു പ്രസവിച്ചു കിടക്കുന്നു. അടുത്ത് സിന്ധുവിന്റെ അമ്മയിരിക്കുന്നുണ്ട്. സിന്ധുവിന്റെ ചാരത്ത് തുണിയിൽ പൊതിഞ്ഞ് ഒരു കുഞ്ഞ് കിടക്കുന്നു.
സുകുമാരൻ അവിടേക്ക് വരുന്നു. അയാൾ നന്നായിട്ട് മദ്യപിച്ചിട്ടുണ്ട്.
കട്ടിലിനടുത്തെത്തി കുഞ്ഞിനെ നോക്കുന്നു. മുഖം കുഞ്ഞിനോട് അടുപ്പിച്ച് നോക്കുന്നു.

സുകു**:** ഈ കൊച്ച് അവനെപ്പോലെ തന്നെ ഉണ്ടല്ലോടി.. അപ്പം കല്ല്യാണം കഴിഞ്ഞിട്ടും അവനോടുള്ള അടുപ്പം നീ വീട്ടില്ലായിരുന്നല്ലേ...?

സിന്ധു കണ്ണടച്ചു കിടക്കുന്നു. അമ്മ മുഖം പൊത്തി കുനിഞ്ഞിരുന്നു കരയുന്നു. വാർഡിലുള്ളവരൊക്കെ ശ്രദ്ധിക്കുന്നുണ്ട്.

സുകു**:** എനിക്കതിന് പരാതിയൊന്നുമില്ല.... പക്ഷെ, നീയെന്നെ പറ്റിക്കാമെന്നു കരുതരുത്. തർക്കിക്കാനൊന്നും നോക്കരുത്. തർക്കിച്ചാൽ ഞാൻ ഡി എൻ എ ടെസ്റ്റ് നടത്തി തെളിയിക്കും. അവന്റെ ആണെന്നു കണ്ടാൽ... വേണ്ട.. ഞാൻ ക്ഷമിച്ചിരിക്കുന്നു. (അമ്മയോട്) തള്ളേ ഒരഞ്ഞൂറു രൂപയിങ്ങെടുക്ക്... കൊച്ചൊണ്ടായതല്ലേ... ചെലവുണ്ട്...

വാർഡിലെ ബഹളം കേട്ടിട്ട് അറ്റന്റർമാർ വന്ന് സുകുവിനെ പുറത്താക്കാനുള്ള ശ്രമത്തിലാകുന്നു.

**സീൻ 22 എ**

ഹോസ്പിറ്റൽ, റെക്കവറി റൂം. നേഴ്സ് സിന്ധുവിനെ വിളിച്ചുണർത്തുന്നു. വിഹ്വലമായ മനസ്സിന്റെ കാഴ്ചയിൽ നിന്നും അവൾ ഉണരുന്നു. ക്ഷീണിച്ച കൺപോളകളെ ആയാസപ്പെട്ട് തുറക്കുന്നു.

**സീൻ 23**

പകൽ.
റോയൽ ഫിനാൻസിംഗ് കമ്പനി.
സാധാരണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.
ക്യാബനിൽ കുരുവിള ജോസഫ്.

കുരുവിള**:** (ഫോണിൽ) ഏസ്, കുരുവിള ... ങാ ചേട്ടാ എന്താ വിശേഷിച്ച്... രണ്ടു രൂപയോ.. വൺ മിനിറ്റ്... (ഫോൺ മാറ്റി പിടിച്ചു കൊണ്ട് ഇന്റർകോമിലൂടെ ചോദിക്കുന്നു.)

കുരുവിള**:**പിള്ളച്ചേട്ടാ.. രണ്ട രൂപ എടുക്കാൻ ഉണ്ടാകില്ലെ....തോമസ്സിനാണ്....

**cut to**

സോമൻനായർ**:**(ഇന്റർകോമിൽ) കൊടുക്കാം...

**cut to**

കുരുവിള**:** (ഇന്റർകോം കട്ട് ചെയ്ത് ഫോണിൽ) തരാം ചേട്ടാ... ആളെ വിട്ടോളൂ.. ങാ... അതെ ചെക്ക് കൊടുത്തു വിട്ടോളൂ... ഉവ്വ് ... പ്രോമിസറി നോട്ട് പിന്നീട് ഒപ്പിടീച്ചു കൊള്ളാം... ഓകെ... രണ്ടു മാസത്തേക്കല്ലെ... ഓ...ഷുവർ... ഓകെ... ദെൻ....

**cut to**

**സീൻ 23 എ**

റോയൽ ഫിനാൻസിംഗ് കമ്പനിയുടെ ഫ്രണ്ട് ഡോർ തുറന്ന് ജൂലി വരുന്നു. കൗണ്ടറിൽ ആദ്യം കാണുന്ന ആളോട് തിരക്കുന്നു.

ജൂലി**:** കുരുവിള സാർ...?

റോയി**:** ക്യാബിനിൽ, ഇരിക്കൂ...

ജൂലി കൗണ്ടറിന് പുറത്തുള്ള കസേരകളിൽ ഒന്നിൽ ഇരിക്കുന്നു. റോയി ഇന്റർകോം വഴി സംസാരിക്കുന്നു.

റോയി**:**(ഇന്റർകോമിൽ) സാർ, ഒരു പെൺകുട്ടി വന്നിരിക്കുന്നു.

**cut to**

കുരുവിള**:** (ഇന്റർകോമിൽ) വന്നോളാൻ പറയൂ...

**cut to**

റോയി ഇന്റർകോം ഡിസ്കണക്റ്റ് ചെയ്തുന്നു.

റോയി**:** ചെന്നോളൂ...

ജൂലി ക്യാബിനിലേക്ക്...

**സീൻ 23 ബി**

ജൂലി ക്യാബിനിലേക്ക് പ്രവേശിക്കുന്നു.

ജൂലി**:** ഗുഡ്മോർണിംഗ് സാർ...

കുരുവിള**:** ഏസ്, ഗുഡ്മോർണിംഗ്....

ജൂലി കൈയിൽ കരുതിയിരുന്ന ഫയലിൽ നിന്നും ഒരു കവർ എടുത്ത് കുരുവിളക്ക് കൊടുക്കുന്നു. കുരുവിള വായിക്കുന്നു.

കുരുവിള**:** ജൂലി ജോൺ.

ജൂലി**:** ഏസ്, സാർ....

കുരുവിള**:** ഇരിക്കൂ...

ജൂലി കസേരയിൽ ഇരിക്കുന്നു.

കുരുവിള**:** സാമുവൽ വിളിച്ചിരുന്നു... (ഇന്റർകോമിൽ) പിള്ളച്ചേട്ടനെ വിളിക്കൂ...( ഇന്റർകോം വക്കുന്നു)

കുരുവിള**:** (ജുലിയോട്) എന്താ പ്രൊജക്ടിൽ ഒരു ഫിനാൻഷ്യൽ സ്ഥാപനം തെര ഞ്ഞെയുക്കാൻ കാരണം....

ജുലി**:** മാർക്കറ്റിംഗ് ബുദ്ധി മുട്ടാണ് മെയിന്റയിൻ ചെയ്യാൻ, അതുകൊണ്ട് ഞാൻ ഫിനാൻസിൻ സ്പെഷ്യലൈസ് ചെയ്യാമെന്നു വച്ചു.

സോമൻ നായർ ക്യാബിനിലേക്ക് വരുന്നു.

കുരുവിള**:** പിള്ളച്ചേട്ടാ... ഇത് ജൂലി ജോൺ എം ബി എ സ്റ്റുഡന്റാണ്, നമ്മുടെ സ്ഥാപനത്തിൽ പ്രൊജക്റ്റ് ചെയ്യണമെന്ന പറയുന്നു. ചേമ്പർ ഓപ് കോമേഴ്സ് സെക്രട്ടറി വിളിച്ചു പറഞ്ഞതാണ്....

കത്ത് സോമൻ നായരുടെ കയ്യിൽ കെടുക്കുന്നു. സോമൻ നായർ വായിച്ചിട്ട് ജൂലിയെ നോക്കു

ന്നു. ജൂലി പുഞ്ചിരിക്കുന്നു.

കുരുവിള**:** ജൂലി.... പ്ലീസ്....

ജൂലിയും സോമൻ നായരും ക്യാബിന് പുറത്തേക്ക് പോകുന്നു.

**സീൻ 24**

പകൽ, നഗരം.

സിസിലി ബ്യൂട്ടി പാർലറിൽ നിന്നും പറത്തു വരുന്നു. സിസിലിയുടെ കാറിനടുത്ത് ബൈക്കിൽചാരി അൽത്താഫ്, സിസിലിയെ തന്നെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

സിസിലിയുടെ ശ്രദ്ധയിൽ പെടുന്നു. അതാരാകാം, എന്തിനാകാം എന്നൊരു ചിന്ത സിസിലിയുടെ മനസ്സിൽ ഉണ്ടായതുപോലെ മുഖത്ത് വികാരങ്ങൾ വിരിയുന്നു.

അവരുടെ കണ്ണുകൾ ഇടയുന്നുണ്ട്. അവന്റെ മുഖത്ത് ഒരു പുഞ്ചിരി വിരിയുന്നു.

സിസിലി കാറിൽ കയറുന്നു, കയറുമ്പോഴും അവനെ വീക്ഷിച്ചുകൊണ്ടേയിരിക്കുന്നു.

സിസിലിയുടെ മുഖത്ത് ദേഷ്യ ഭാവമാണിപ്പോൾ.....

അൽത്താഫ് മൊബൈലിൽ സംസാരിക്കുന്നു.

അൽത്താഫ്**:**(ഫോണിൽ)സാർ, അവർ യാത്രയാവുകയാണ്.....

**cut to**

കേ.നാ**:**(ഫോണിൽ) അവർ തിരിച്ചു വീട്ടിലേക്കാവുമോ...?

**cut to**

അൽത്താഫ്**:** (ഫോണിൽ) അല്ല, അവർ ടൗണിലേക്കാണ് പോകുന്നത്.

സിസിലിയുടെ കാർ വീണ്ടും ഓടിത്തുടങ്ങുകയാണ്

**cut to**

കേ.നാ:(ഫോണിൽ)  അൽത്താഫ്, സിസിലിയെ ഫോളോ ചെയ്യുക, ആവശ്യമുണ്ടെങ്കിൽ വിളിക്കുക.

**cut to**

അൽത്താഫ്: (ഫോണിൽ) ഏസ്, സാർ

അൽത്താഫ് കാറിനെ ഫോളോ ചെയ്തു കൊണ്ടിരിക്കുന്നു.

അവൻ ഫോളോ ചെയ്യുന്നത്, സിസിലി ശ്രദ്ധിച്ചു കൊണ്ടു തന്നെയാണ് കാറ് ഓടിക്കുന്നത്.

നഗരത്തിന്റെ തിരക്ക് കൂടിയപ്പോൾ സിസിലിയുടെ കണ്ണുകളിൽ നിന്നും അവൻ അപ്രത്യക്ഷനായി. സിസിലിയുടെ മുഖത്ത് ഒരു ആശ്വാസത്തിന്റെ കിരണങ്ങൾ തെളിയുന്നു.

പക്ഷെ, അൽത്താഫിന്റെ കണ്ണുകളിൽ സിസിലിയിപ്പോഴുമുണ്ട്.

നഗരത്തിലെ തിരക്കൊഴിഞ്ഞിടത്തെ ഒരു റെസ്റ്റോറന്റിൽ കാർ പ്രവേശിക്കുന്നു. കാർ പാർക്ക് ചെയ്തു സിസിലി റെസ്റ്റോറന്റിലേക്ക് കയറിപ്പോകുന്നു. ഒരു സിംഗിൾ റൂമിൽ കയറിയിരിക്കുന്നു. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ റോയി മാത്യു സിസിലിയുടെ മുറിയിലേക്ക് കയറിപ്പോകുന്നു.

അൽത്താഫ് ഹാഫ് ഡോറുള്ള ആ മുറിയുടെ ഓപ്പോസിറ്റായിട്ടുള്ള മേശയിൽ ഇരിക്കുന്നു.  പക്ഷെ, അവന് അവരുടെ കാലുകൾ മാത്രമാണ് ദൃശ്യമായിട്ടുള്ളത്.

അൽത്താഫ്:(ഫോണിൽ)  സാർ, സിസിലിയിപ്പോൾ ഒരു സിംഗിൾ റൂമിൽ അവരുടെ ഫിനാൻസിംഗ് കമ്പനിയിലെ സ്റ്റാഫ് റോയി മാത്യുവുമായിട്ട് ഇരിക്കുകയാണ്.  അവര് സംസാരിക്കുന്നതോ, അംഗ ചലനങ്ങളോ എനിക്ക് കാണാൻ കഴിയുന്നില്ല.  അവരുടെ കാലുകൾ മാത്രമാണ് കാണുന്നത്.  ആ കാലുകൾക്ക് അഹിതമായ ചലനങ്ങളൊന്നുമില്ല....

**cut to**

കേ.നാ:(ഫോണിൽ)   അവിഹിതമായിട്ടുള്ളതെന്തിങ്കിലും കണ്ടാൽ വിളിക്കുക... ഒന്നുമില്ലെങ്കിൽ അവർ പിരിഞ്ഞശേഷം എവിടേക്ക് പോകുന്നെന്ന് നോക്കുക, വേണമെങ്കിൽ മാത്രം പിൻ തുടരുക....

**cut to**

വെയിറ്റർ വന്ന് ഓർഡർ ചോദിച്ചപ്പോൾ അൽത്താഫിന് അരോചകമായിത്തോന്നി. അവൻ കൂൾഡ്രിംഗ്സിന് ഓർഡർ കൊടുത്ത് കാത്തിരിന്നപ്പോൾ വെയിറ്റർ സിസിലി ഇരിക്കുന്ന റൂമിന്റെ ഡോർ തുറന്ന് അകത്തേക്ക് കടന്നപ്പോൾ അവന് സിസിലിയുടെ മുഖം കാണാൻ കഴിഞ്ഞു.  അവർ തികച്ചും ഗൗരവമായിട്ട് സംസാരിക്കുകയാണെന്ന് അറിഞ്ഞു. റോയി മാത്യു പറയുകയും സിസിലി കേൾക്കുകയുമാണ് ചെയ്യുന്നത്.  അൽത്താഫിന് ഒന്നും കേൾക്കാൻ കഴിയുന്നില്ല.

**cut to**

തികിച്ചും അപരിചിതരെപ്പോലെ അവർ റസ്റ്റോറന്റിൽ നിന്നും പുറത്തേക്ക് വരുന്നു. സിസിലി സ്വന്തം കാറിലും റോയി മാത്യു ബൈക്കിലും യാത്രയാകുന്നു.

**cut to**

അൽത്താഫ് റോയി മാത്യുവിന്റെ പിന്നാലെ പോകുന്നു.

അവർ നഗരത്തിലൂടെ ഓടി റോയൽ ഫിനാൻസിംഗ് കമ്പനിയിലെത്തി, റോയി മാത്യു ബൈക്കിൽ നിന്നിറങ്ങി സ്ഥാപനത്തിലേക്ക് കയറി സ്വന്തം ഇരിപ്പിടത്തിൽ ഇരിക്കുന്നു. അയാൾ ഇരിക്കുന്നുടത്തിനു നേരെ **റോയി മാത്യു പേർസണൽ ബാങ്കർ** എന്ന് ഇംഗ്ലീഷിൽ വച്ചിരിക്കുന്നത് അൽത്താഫ് വായിക്കുന്നു.

## സീൻ 25

രാത്രി, കുരുവിളയുടെ വീട്.
ഡൈനിംഗ് ഹാൾ.
ഭക്ഷണ മേശയിൽ ഭക്ഷണം കഴിക്കാൻ റെഡിയായിരിക്കുന്നു.
ഓരോരുത്തരായിട്ടെത്തുന്നു.

കുരുവിള, റോസ്, ജോമോൻ. വളരെ സന്തോഷത്തിലാണ്. സിസിലിയും എത്തുന്നു, പക്ഷെ, സിസിലി മൂഡിയാണ്. എല്ലാവരും അതത് സ്ഥാനങ്ങളിൽ ഇരിക്കുന്നു. സ്വയം എല്ലാവരും പ്ലെയ്റ്റുകൾ മുന്നിൽ നിരത്തുന്നു. പൂങ്കനി ഹാളിലെത്തി എല്ലാവരുടേയും പ്ലെയ്റ്റുകളിലും വിഭവങ്ങൾ വിളമ്പുന്നു. ശേഷം അവളും സിസിലിയുടെ അടുത്ത കസേരയിൽ ഇരിക്കുന്നു. പൂങ്കനിയും മൂഡിയാണ്.

കുരുവിള എല്ലാവരെയും ശ്രദ്ധിക്കുന്നു.

**കുരുവിള:** എന്നതാ സിസിലി ഒരു ശബ്ദമില്ലായ്മ. റോസ്മോളും ജോമോനും പിണക്കത്തിലാണോ. അതോ സിസിലിയും കൊച്ചുമോളും പിണങ്ങിയതാണോ...?

**റോസ്:** എനിക്ക് പിണക്കമൊന്നുമില്ല പപ്പാ... രണ്ട് ദിവസമായിട്ട് മമ്മിക്കും ചേച്ചിക്കും എന്തോ കുഴപ്പമുണ്ട്...

**ജോ:** എനിക്കും പെണക്കമൊന്നുമില്ല പപ്പാ...

കുരുവിള സിസിലിയേയും പൂങ്കനിയേയും ശ്രദ്ധിക്കുന്നു. അവർ നിശ്ശബ്ദം, തലയുയർത്താതെയിരുന്ന് ഭക്ഷണം കഴിക്കുന്നു.

**കുരുവിള:** എന്നതാ സിസിലി...?

ജോമോന്റെ ഭക്ഷണ രീതി കണ്ടിട്ട് റോസിന് ഇഷ്ടമായില്ല.

**റോസ്:** ഒന്നു പതുക്കെ കഴിക്കെടാ...

**ജോ:** എനിക്ക് ധൃതിയുണ്ട്... ഹോം വർക്ക് ചെയ്യാനുണ്ട്...

**കുരുവിള:** അതെന്നാ ജോമോനെ നീ സ്കൂൾ വിട്ടു വന്നയുടനെ ഹോം വർക്ക് ചെയ്തില്ലെ.....?

**റോസ്:** അവൻ കളിക്കാൻ പോയി പപ്പാ...സന്ധ്യ കഴിഞ്ഞാ വന്നത്.. എന്നിട്ടെന്താ മമ്മി ഒരക്ഷരം ചോദിച്ചില്ല.

**കുരുവിള:** സിസിലി... എന്നതാ പറ്റിയത്... കാര്യം പറയ്.... അല്ലാതെ മുഖം വീർപ്പിച്ചോണ്ടിരുന്നാൽ എനിക്ക് ദേഷ്യം വരുവേ...

സിസിലി മിണ്ടില്ലായെന്ന് കണ്ടിട്ട്,

**കുരുവിള:** എന്നതാ കൊച്ചുമോളെ... നിങ്ങളു രണ്ടും പെണങ്ങിയോ...?

പൂങ്കനി വളരെ ദയനീയമായിട്ട് കുരുവിളയെ നോക്കുന്നു...
ടേബിൾ നിശ്ശബ്ദമാവുകയാണ്.

## സീൻ 26

രാത്രി, റോസിന്റെ ബെഡ്റൂം.
റോസ് ഉറക്കത്തിനുള്ള തയ്യാറെടുപ്പുകളിലാണ്.
ബാത്ത് റൂമിൽ നിന്നും പൂങ്കനി വരുന്നു. അവൾ അടുത്ത ബെഡ്ഡ് ശരിയാക്കുന്നു.

റോസ് കിടക്ക വിരി കഴിഞ്ഞ് പൂങ്കനിയുടെ അടുത്തെത്തുന്നു. പൂങ്കനിയെ പിടിച്ച് നേരെ നിർത്തി കണ്ണുകളിൽ തറപ്പിച്ചു നോക്കുന്നു.

**റോസ്:** എന്തേ രഹസ്യം പൊട്ടിയോ...?

**പൂങ്കനി:** രഹസ്യമോ...?

**റോസ്:** ഓ.. സോണിച്ചായന്റെ...?

**പൂങ്കനി:** എന്തു രഹസ്യം... എനിക്കൊരു രഹസ്യവുമില്ല......

**റോസ്:** പിന്നെ എന്നതാ...?

**പൂങ്കനി:** മമ്മിക്ക് സംശയം.

**റോസ്:** അംഗിളിനെ...?

**പൂങ്കനി:** അല്ല, പപ്പയെ...

**റോസ്:** (ഞെട്ടുന്നു) വാട്ട്....?

**പൂങ്കനി:** എന്നെ മാത്രമല്ല, പലരേയും...

**റോസ്:** ഓ... ഗോഡ്....

റോസ് തളർന്ന് കട്ടിലിൽ ഇരിക്കുന്നു.

## സീൻ 27

സിസിലിയുടെ ബെഡ്റൂം.

നീലിച്ച പ്രകാശമുള്ള മുറിയിൽ കുരുവിള കട്ടിലിൽ കിടക്കുന്നു. അയാൾ ഉല്ലാസവാനാണ്.

സിസിലി ബാത്ത് റൂമിൽ നിന്നും പുറത്ത് വരുന്നു. തലമുടി കെട്ടിയൊതുക്കി, തോളത്ത് കിടന്നിരുന്ന തുവർത്ത് വിരിച്ചിട്ട്, സാവധാനം കട്ടിലിൽ, കുരുവിളയുടെ അടുത്ത് കിടക്കുന്നു. അയാൾക്ക് പുറം തിരിഞ്ഞ്.

അയാൾ ഭാര്യയെ, ഭർത്താവിന്റെ സ്വാതന്ത്ര്യത്തോടെ, ആവശ്യത്തോടെ ദേഹത്തേക്ക് അടുപ്പിക്കുന്നു. അവൾ കുതറിമാറുന്നു.

**സിസിലി:** എനിക്ക് സുഖമില്ല....

**കുരുവിള:** എന്തുപറ്റി... കാര്യം പറയ്... രണ്ടു ദിവസമായല്ലോ കാണുന്നു....?

**സിസിലി:** ഒന്നുമില്ല...

അവൾ ബെഡ്റൂം ലൈറ്റ് ഓഫ് ചെയ്ത് ഉറങ്ങാൻ കിടക്കുന്നു.

## സീൻ 28

രാത്രി വളരെ ഇരുട്ടിയ ശേഷം.

റോസിന്റെ ബെഡ് റൂം.

റോസ് പൂങ്കനിയുടെ കട്ടിലിൽ വന്നിരിക്കുന്നു. പൂങ്കനി ഉറക്കത്തിലാണ്. അവളുടെ ചെവിയിൽ വിളിക്കുന്നു.

**റോസ്:** ചേച്ചി.

പൂങ്കനി ഞെട്ടിയുണരുന്നു.

**പൂങ്കനി:** എന്താ മോളെ....?

**റോസ്:** എനിക്ക് പേടിയാകുന്നു.

പൂങ്കനി റോസിനെ ദേഹത്തേക്ക് ചേർത്ത്, കെട്ടിപ്പിടിക്കുന്നു.

## സീൻ 29

പകൽ, ഹോസ്പിറ്റൽ റെക്കവറി റൂം.

സിന്ധു കട്ടിലിൽ കിടന്ന് ഞെളിപിരി കൊള്ളുന്നു. നേഴ്സ് സാവധാനം സിന്ധുവിന്റെ തലയിൽ തടവവുന്നുണ്ട്. സിന്ധു കണ്ണുകൾ തുറക്കാനുള്ള ശ്രമത്തിലാണ്. പക്ഷെ തുറക്കുന്നില്ല.

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ സിന്ധു ഉറക്കത്തിലേക്ക് മടങ്ങുന്നു.

അവളുടെ മനസ്സിൻ മങ്ങിയ ദൃശ്യങ്ങൾ....

**cut to**

**സീൻ 29 എ**
**മങ്ങിയ വെളിച്ചത്തിലുള്ള ഫ്ളാഷ് ബാക്ക് സീൻ**

സിന്ധുവിന്റെ വീട്ടിലേക്ക് ഒരാൾ ഓടി വരുന്നു. അയാൾ വിളിച്ചിട്ട് സിന്ധു പുറത്തേക്ക് വരുന്നു. അയാൾ പറയുന്നത് കേട്ട് അന്ധാളിച്ച് നിൽക്കുന്നു.

പെട്ടന്ന് അവരുടെ കൺ വെട്ടത്തേക്ക് ഒരു പോലീസ് ജീപ്പ് ഓടിയെത്തുന്നു. പോലീസ് ജീപ്പിന് പിറകെ ആളുകളും ഓടിയെത്തുന്നുണ്ട്.

ജീപ്പ് മുറ്റത്ത് വന്ന് നിൽക്കുന്നു. അതിൽ നിന്നും പോലീസുകാരും വിലങ്ങു വച്ച സുകുമാരനും ഇറങ്ങുന്നു. ഓടി വന്ന ആളുകൾ സുകുവിനു നേരെ ക്രുദ്ധരാകുന്നു. അവരിലൊരാൾ സുകുവിനെ കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കുന്നു. ആരോ ഒരാൾ കല്ലെടുത്ത് സുകുവിനെ എറിയുന്നു. കൂടിക്കൊണ്ടരിക്കുന്ന ആളുകളെ അകറ്റാൻ പോലീസ് ശ്രമിക്കുന്നു. അവർ അതിൽ പരാജയപ്പെടുന്നു. ഉടൻ തന്നെ പോലീസ് സുകുവിനെ ജീപ്പിൽ കയറ്റി പോകുന്നു. ഇടയിൽ വീണ്ടും സുകുവിന് കല്ലേറ് കിട്ടുന്നു.

**cut to**

**സീൻ 29 ബി**

ഹോസ്പിറ്റൽ ബെഡ്ഡിൽ സിന്ധു പിറുപിറുക്കുന്നു. **അമ്മേ.....**

**സീൻ 30**

പകൽ.

ചപ്പു ചവറുകളാൽ വൃത്തികേടായിക്കിടക്കുന്ന ബസ്സ്റ്റാന്റ്....

വൃത്തിയാക്കുന്ന കോളേജ് വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ...

നാഷനൽ സർവ്വീസ് സ്കീമിന്റെ ഒരു സന്നദ്ധ പ്രവർത്തനമാണത്.... ചപ്പു ചവറുകൾ, പ്ലാസ്റ്റിക് കുപ്പികൾ ഒക്കെ പെറുക്കി കുട്ടകളിൽ, ചാക്കുകളിൽ ശേഖരിക്കുകയാണവർ....

അവർക്ക് നേതൃത്വം നൽകുന്നത് അദ്ധ്യാപകരാണ്.... അവരെല്ലാം ബാഡ്ജുകൾ ധരിച്ചിട്ടുണ്ട്.

ആൺകുട്ടികളും പെൺകുട്ടികളുമുണ്ട്, അവരിൽ റോസിനെയും എബി മാത്യുവിനെയും കാണാം.

അവരു രണ്ടാളും അടുത്തടുത്തു നിന്നാണ് ജോലികൾ ചെയ്യുന്നത്, അവർക്കടുത്ത് റോസിന്റെ സ്നേഹിത ഗോപികയുണ്ട്, എബി മാത്യുവിന്റെ സുഹൃത്തുക്കളുമുണ്ട്.

റോസിന്റെയും എബി മാത്യുവിന്റെയും ചലനങ്ങളിൽ ഇത്തിരി താല്പര്യക്കൂടുതൽ തോന്നിക്കുന്നുണ്ട്.

**സീൻ 31**

പകൽ, ഐസ്ക്രീം പാർലർ.

ഒരു ടേബിളിൽ റോസ്, ഗോപിക മറ്റ് സുഹൃത്തുക്കൾ സോഫ്റ്റ് ഡ്രിംഗ് കഴിച്ചു കൊണ്ടിരിക്കുന്നു.

അവിടേക്ക് എബി മാത്യുവും സുഹൃത്തുക്കളും എത്തുന്നു. എബി റോസിനെ കാണുന്നു.

എബി**:** ഹായ്... റോസ്....

**റോസ്:** ഹായ്.... എബി.....

**എബി:** റോസ്.... പ്ലീസ്..... വൺ മിനിറ്റ്....

**റോസ്:** ഊം........?

റോസ് എബിക്കൊപ്പം കുറച്ചകലെ മാറി നിന്ന് സംസാരിക്കുന്നു. റോസിന്റെ സുഹൃത്തുക്കൾ അത് ശ്രദ്ധിച്ചിരിക്കുകയാണ്. റോസ് മടങ്ങി വന്നപ്പോൾ ഒരു സുഹൃത്ത് അർദ്ധ ഗർഭമായി ചിരിക്കുന്നു.

പാർലറിൽ ഒരൊഴിഞ്ഞ കോണിലെ ടേബിളിൽ ഐസ്ക്രീം നുണഞ്ഞു കൊണ്ട് അവരെത്തന്നെ നോക്കിയിരിക്കുന്നു, വിവേക്, അൽത്താഫ്.

**സീൻ 32**

പകൽ.

റോയൽ ഫിനാൻസിംഗ് കമ്പനി.

യഥാവിധി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ജൂലിയും എന്തെല്ലാമോ എഴുതിക്കൊണ്ടിരിക്കുന്നു. അവൾ സാരിയാണ് ധരിച്ചിരിക്കുന്നത്. ശരീര ഭാഗങ്ങൾ പുറത്തു കാണും വിധം സെക്സിയായിട്ടാണ് വസ്ത്രം ധരിച്ചിരിക്കുന്നത്. സ്റ്റാഫുകളായ പുരുഷന്മാരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. മറ്റു സ്ത്രീകൾക്കും സോമൻനായർക്കും അത് വൾഗറായിട്ടാണ് തോന്നുന്നത്. അവരുടെ മുഖങ്ങളിൽ നിന്നും അത് വ്യക്തമാകുന്നുണ്ട്.

**സീൻ 32 എ**

ജൂലി ഒരു ഫയലുമായിട്ട് ക്യാബിന്ലേക്ക് പോകുന്നു.

**ജൂലി:** എസ്ക്യൂസ്മി സാർ.

**കുരുവിള:** ഏസ്.

**ജൂലി:** ഒരു സംശയം ചോദിക്കാനാണ്.

**കുരുവിള:** ഏസ്.....

കുരുവിള ജോലിയിൽ വ്യാപൃതനായിരുന്നു, തലയുയർത്തി നോക്കിയപ്പോൾ പ്രദർശനപരമായുള്ള ജൂലിയുടെ വസ്ത്ര ധാരണം കാണുന്നു. അനാവൃതമായിരിക്കുന്ന ശരീര ഭാഗങ്ങൾ ശ്രദ്ധിക്കുന്നു. അയാൾക്കതിൽ കൗതുകം തോന്നുന്നുണ്ട്.

**ജൂലി:** സാർ ഇവിടെ മെയിന്റയിൻ ചെയ്യുന്ന അക്കൗണ്ടിംഗ് സിസ്റ്റം ഓഥന്റിക്ക് ആണോ... ലീഗലി ഉപയോഗിക്കാവുന്നതാണോ എന്നൊരു സംശയം.....

**കുരുവിള:** ഏസ്, അത് പഴയ മലയാളം രീതിയിലുള്ളതാണ്. ഇംഗ്ലീഷ് ലിറ്ററേച്ചർ ഉപയോഗിച്ചു വെന്നു മാത്രം പക്ഷെ, സെയിൽ ടാക്സ്, ഇൻകം ടാക്സ് അംഗീകരിച്ചിട്ടുണ്ട്. അപ്പന്റെ കാലം മുതൽ ഉപയോഗിച്ചു വന്നിരുന്നതാണ്. ആ പഴമ, പെരുമ കളയേണ്ടായെന്നു വച്ചു...,

**ജൂലി:** ഓ... റൈറ്റ്, വെരി നൈസ്.. ഐ തിങ്ക് സാറിന്റെ മനസ്സ് ഇന്നും ഓർത്തഡോക്സ് ആണ്...

**കുരുവിള:** ഏസ് ജൂലി... ഞാനതിൽ അഭിമാനം കൊള്ളുന്നു.

**ജൂലി:** ഗുഡ്.... താങ്ക് യൂ സാർ...

ജ്യൂലി തിരിച്ചു നടക്കുന്നു.

**കുരുവിള:** ബട്ട്, ജൂലി.... ജൂലിക്ക് സാരിയാണോ കൂടുതൽ ഇഷ്ടം...

**ജൂലി:** ഏസ് സാർ...

**കുരുവിള:** എന്നാലും ഇത്രക്ക് എക്സിബിഷൻ വേണോ...?

ജൂലിക്ക് ജാള്യത.

**സീൻ 33**

പകൽ.

നഗരത്തിലൂടെ റോസ് സ്കൂട്ടി ഓടിച്ചു പോകുന്നു. അവൾ കോളേജിൽ പോകുകയാണ്

ബൈക്കിൽ വിവേകും ഷാഹിനയും അവളെ പിന്തുടരുന്നു. റോസ് കോളേജിലെത്തി സ്കൂട്ടി പാർക്കിംഗ് ഏരിയായിൽ വച്ച് കൂട്ടുകാരികളുടെ കൂടെ കോളേജിലേക്ക് പോകുന്നു.

വിവേകും ഷാഹിനയും അവളെ വീക്ഷിച്ചു കൊണ്ടിരിക്കുന്നു.

റോസും കൂട്ടുകാരും കണ്ണുകളിൽ നിന്നും മറഞ്ഞു കഴിഞ്ഞ് കാമ്പസ്സിലെ മരച്ചുവട്ടിൽ സംസാരിച്ചു നിൽക്കുന്ന ആൺകുട്ടികളുടെ അടുത്തേക്ക് ഷാഹിന നടന്നെത്തുന്നു.

ഷാഹിന**:** ഞാൻ സരിത, സെക്കണ്ട് ബീക്കോമിലെ റോസില്ലെ... റോസിന്റെ ഫ്രണ്ട് ഗോപിക... ഗോപികയുടെ കസിനാ... ഗോപിക ഇന്ന് വന്നില്ലെന്നു തോന്നുന്നു, ആ കുട്ടി താമസ്സിക്കുന്നതെവിടെയാണെന്നറിയുമോ.....?

ഒരാൺകുട്ടി**:** ഗോപിക വന്നില്ലേ.... ഞാൻ കണ്ടെന്നു തോന്നുന്നു. (മറ്റൊരു ആൺകുട്ടിയോട്) എടാ.. ജോൺസി നിന്റെ ക്ലാസ്മേറ്റ് ഗോപിക എവിടാ താമസ്സിക്കുന്നത്...?

ജോൺസി**:** അറിയില്ലെടാ...

ഷാഹിന**:** ഓ.... ഒന്നു തിരക്കിയാൽ നന്നായിരുന്നു.

ജോൺസി ആർക്കോ ഫോൺ ചെയ്യുന്നു.

ജോൺസി**:** ടീ... ഗോപിക എവിടാ താമസ്സിക്കുന്നത്... എവിടെ.... ടിബി റോഡിൽ ഫസ്റ്റ ലെഫ്റ്റിൽ സെക്കണ്ട്.. ഓകെ.... അത് ഗോപികയുടെ ഒരു കസിൻ...(ഷാഹിനയോട്) ടിബി റോഡിൽ ഫസ്റ്റ് ലെഫ്റ്റിൽ സെക്കണ്ട് ഹൗസ്....

ഷാഹിന**:** താങ്ക് യൂ ജോൺസി.......

**സീൻ 34**

പകൽ, ഒരു വീടിന്റെ ഗെയിറ്റ് കടന്ന് വിവേകും ഷാഹിനയും ബൈക്കിൽ...

വീടിന്റെ കോളിംഗ് ബെല്ലടിച്ച് കാത്തു നിൽക്കുന്നു.

പ്രായം കൂടിയൊരു സ്ത്രീയാണ് കതക് തുറന്നത്, സേർവന്റാണെന്നു തോന്നുന്നു.

ഷാഹിന**:** ഗോപിക ഇല്ലേ...?

സ്ത്രീ**:** ഉണ്ട്, സുഖമില്ല, പനിയാണ്... വിളിക്കാം... വാ....ഇരിക്കൂ...

സ്ത്രീ കതക് തുറന്ന് അവർക്ക് മുറിയിലേക്ക് കയറാൻ ഇടം കൊടുക്കുന്നു. അവർ അകത്ത കയറി സെറ്റിയിൽ ഇരിക്കുന്നു. സ്ത്രീ അകത്തേക്ക് പോകുന്നു. കുറച്ച് കഴിഞ്ഞാണ് ഗോപിക വരുന്നത്.

ഗോപിക**:** ആരാണ് ... എന്താണ് വേണ്ടത്...?

ഷാഹിന**:** ഗോപിക ഞാൻ നാൻസി, റോസിനെപ്പറ്റി ഒരു കാര്യം അറിയാൻ വേണ്ടി വന്നതാണ്...

ഗോപിക**:** റോസിനെ പറ്റിയോ... അവൾ ഇന്ന് ക്ലാസിൽ വന്നിട്ടില്ലേ...?

ഷാഹിന**:** റോസിൽ നിന്നും നേരിട്ടറിയേണ്ടതല്ല.

ഗോപിക**:** പിന്നെ എന്താണ്..... എനിക്കൊന്നും അറിയില്ല.

ഷാഹിന**:** ഗോപികയ്ക്കറിയും... ഗോപികയ്ക്കു മാത്രം.

ഗോപിക അങ്കലാപ്പിലായിരിക്കുന്നു.

വിവേക്: ഗോപിക ടെൻഷൻ അടിക്കേണ്ട കാര്യമൊന്നുമില്ല, ഒരു സിമ്പിൾ കാര്യമാണ്. റോസിന്റെ ഒരു അഫയർ...

ഗോപിക: അഫയറോ .... ആരു പറഞ്ഞു...? എനിക്കറിയില്ല.

വിവേക്: ഹീ ..... വൺ ...എബി മാത്യു....

ഗോപിക: എബി മാത്യു... ഏത് എബി മാത്യു.....?

ഷാഹിന: റോസുമായിട്ട് അഫയറുള്ള എത്ര എബി മാത്യുമാരുണ്ട്...?

ഗോപിക: (ദേഷ്യം വരുന്നു) വാട്ട്.... യൂവാർ മിസ്റ്റേക്കൻ... നിങ്ങളാരാണ്... ശരിക്കും എന്താണ് അറിയേണ്ടത്...?. നമുക്ക് അവളോടുതന്നെ ചോദിക്കാം...

വിവേക്: നേരിട്ട് ചോദിക്കാനാണെങ്കിൽ ഗോപികയെ കാണാൻ വരേണ്ടയിരുന്നില്ലല്ലോ...

ഷാഹിന: ശരിക്കും അങ്ങിനെ ഒരു അഫയർ ഉണ്ടോ....?

ഗോപിക: റോസിനില്ല.... പക്ഷെ, ഫിസിക്സിലെ എബി മാത്യുവിന് ഉണ്ടോ എന്നെനിക്കറിയില്ല....

ഷാഹിന: അത്രേ ഉള്ളോ... ഞാൻ കരുതി... വിട്ടു കളയ്... ഞാൻ തെരക്കിയിട്ടു പോയകാര്യം ആരും അറിയാണ്ട......

ഗോപിക : എന്തിനായിത്...?

വിവേക്: റോസിന് ഒരു വിവാഹം... ആലോചന തുടങ്ങിയതേയൊള്ളൂ... അവരെ അറിയിച്ചിട്ടില്ല...അതുകൊണ്ട് റോസിനും അറിയില്ല.....

ഗോപിക: ഓ.....

ഷാഹിന: ഓക്കെ.... താങ്ക് യൂ ഗോപിക... എന്നാൽ ഞങ്ങൾ ഇറങ്ങുന്നു......

ഗോപിക മറുപടി പറയുന്നില്ല, അവൾ വല്ലാത്തൊരു മാനസിക അവസ്ഥയിലാണെന്നു തോന്നുന്നു.

സ്ത്രീ രണ്ടു ഗ്ലാസിൽ കൂൾഡ്രിംഗ്സുമായി വരുന്നു.

ഗോപിക: പ്ലീസ്.... കഴിച്ചിട്ടു പോകാം....

ഷാഹിന: ഓകെ... താങ്ക്സ്.....

അവർ കൂൾഡ്രിംഗ്സ് ഗ്ലാസുകൾ വാങ്ങുന്നു.

**സീൻ 35**

പകൽ, ഐസ്ക്രീം പാർലർ.

ആറു പേർക്കിരിക്കാവുന്ന ടേബിളിൽ എബി മാത്യുവും രണ്ട് കൂട്ടുകാരും ഇരിക്കുന്നു. അവർ ഓർഡർ കൊടുത്തു കഴിഞ്ഞാണ് ഇരിക്കുന്നത്. അവിടേക്ക് വിവേകും അൽത്താഫും വരുന്നു. അവർ എബി മാത്യുവിന് അഭിമുഖമായിരിക്കുന്നു.

വിവേക്: എബി മാത്യുവല്ലേ...?

എബി: അതെ...

വിവേക്: ഞാൻ വിവേക്, ഇത് അൽത്താഫ്. ഞങ്ങൾ നോവൽ ഇൻവെസ്റ്റിഗേറ്റഴ്സിൽ നിന്നു വരുന്നു.

എബി: ഓ...

മറ്റുള്ളവർ അന്തം വിട്ടിരിക്കുന്നു.

വിവേക്: എബിയുടെ ഒരു അഫയറില്ലെ.... റോസ് മരിയ കുരിവിള....

എബി**:** അഫയറോ... എനിക്കോ... റോസിനോടോ....(അവൻ ചിരിക്കുന്നു) ആരു പറഞ്ഞു.....?

അൽത്താഫ്**:** പിന്നെ...?

എബി**:** ഷീ ഈസ് മൈ ബെസ്റ്റ് ഫ്രണ്ട്...

വിവേക്**:** റിയലി....?

എബി**:** ഏസ്, പ്രോമിസ്സ്....

ഒരു ആൺകുട്ടി**:** (ദേഷ്യം വരുന്നു) എന്താ കാര്യം... നിങ്ങളെന്തിനാ... അക്കാര്യം തെരക്കുന്നത്.....?

അൽത്താഫ്**:** ഒരു വിവാഹം റോസിന്... അന്വേഷിച്ചു വന്നപ്പോ... എബിയുടെ പേരു കേട്ടു...

എബി**:** എവിടന്ന്...ആരു പറഞ്ഞു.....?

വിവേക്**:** പ്രത്യേകിച്ച് ആരും അങ്ങിനെ പറഞ്ഞൊന്നുമില്ല... കേട്ടു അത്രമാത്രം....

അൽത്താഫ്**:** പറഞ്ഞവരോട് ഞങ്ങളപ്പത്തന്നെ മറുപടിയും കൊടുത്തു. മാത്യു സാറിന്റെ മകൻ അതിനൊന്നും പോകില്ലെന്ന്...

അവരുടെ ടേബിളിലേക്ക് ഭക്ഷണവുമായി വെയിറ്റർ വരുന്നു. വെയിറ്റർ ഭക്ഷണം നിരത്തി വക്കുന്നു.

എബി**:** നിങ്ങൾക്ക് എന്താണു വേണ്ടത്...?

വിവേക്**:** നത്തിംഗ്...താങ്ക്സ്...

എബി**:** പിന്നെ ഒരു കാര്യം റോസ് നല്ല കുട്ടിയാ ... ആവശ്യമില്ലാത്ത കാര്യങ്ങളൊന്നും കൂട്ടി യോജിപ്പിക്കരുത്... (സ്വരത്തിൽ ശബ്ദ വ്യത്യാസം വരുന്നു) ഞങ്ങളെ ഫൂളാക്കിയിക്കളയാമെന്നും കരുതരുത്...

വിവേക്**:** (സ്വര വ്യത്യാസം മനസ്സിലാകുന്നു) ഇല്ല...ഇല്ല... സോറി ഞങ്ങൾ പോകുന്നു...

ഒരാൺകുട്ടി**:** എങ്കിൽ സാറന്മാരു ചെല്ല്.....

വളരെ വേഗം വിവേകും അൽത്താഫും അവിടെ നിന്നും പോകുന്നു.

**സീൻ 36**

വൈന്നേരം, നഗരത്തിലെ ഒരു ഹോട്ടൽ. ഒരു റൂമിൽ കേണൽ നായർ തനിച്ചാണ്. റൂമിലെ ടിവിയിൽ അനിമൽ പ്ലാനറ്റ് കണ്ട് രസിച്ചിരിക്കുന്നു.

മൊബൈൽ അടിക്കുന്നു.

കേ.നാ**:**(ഫോണിൽ) ഏസ് വിവേക്....

**cut to**

വിവേക്**:**(ഫോണിൽ) സാർ ഞങ്ങൾ റിസപ്ഷനിൽ എത്തി.

വിവേകിന്റെ അടുത്ത് രാജേഷുമുണ്ട്.

**cut to**

കേ.നാ**:**(ഫോണിൽ) കം ടു മി... റൂ നമ്പർ വൺ ഇലവൺ....

**cut to**

വിവേക്: (ഫോണിൽ)ഓകെ... സാർ...

**cut to**

വിവേകും രാജേഷും കേണൽ നായർ ഇരിക്കുന്ന മുറിയിലേക്ക് വരുന്നു.

കേ.നാ: രാജേഷ്...

രാജേഷ്: അതെ

കേ.നാ: ഇരിക്കൂ... വിവേക് പറഞ്ഞില്ലേ. കുരുവിള ജോസഫിന്റെ മകൾ റോസിന് ഒരു പ്രപ്പോസൽ. ഇന്റർ നാഷനലായി ഗോൾഡ് ബിസിനസ്സ് ചെയ്യുന്ന ഗ്രൂപ്പിലെ ഒരു പാർട്ട്ണറുടെ മകനു വേണ്ടി.

രാജേഷ്: വിവേക് പറഞ്ഞു.

കേ.നാ: നിങ്ങൾ ക്ലാസ്മേറ്റാണ് അല്ലേ.....?

രാജേഷ്: അതെ.

കേ.നാ: പ്രധാനമായും ഞങ്ങൾക്ക് അറിയേണ്ടത് ഫിനാൻഷ്യൽ വിവരങ്ങളാണ്.

രാജേഷ്: എനിക്കറിയാവുന്നതെല്ലാം പറയാം.... പിന്നെ പെൺകുട്ടിയെപ്പറ്റി നല്ല അഭിപ്രായമാണ്, വീട്ടുകാരെപ്പറ്റിയും.

കേ.നാ: കുരുവിള ബിസിനസ്സ് തുടങ്ങിയിട്ടെത്ര നാളായിക്കാണും....?

രാജേഷ് :കുരുവിള സാറിന്റെ അപ്പച്ചൻ തുടങ്ങിയതായിരുന്നു. ഇരുപത്തിയഞ്ചു കൊല്ലമെങ്കിലുമായിക്കാണും കുരുവിള സാർ രംഗത്ത് വന്നിട്ട്.

കേ.നാ: രാജേഷ്, നമുക്കെന്തിലും കഴിക്കാമല്ലേ....?

രാജേഷ്: ആകാം.

കേ.നാ: ഹോട്ട്...?

രാജേഷ്:് അൽപം.

കേ.നാ: വിവേക് ഭക്ഷണം പറയ്.

വിവേക് ഫോണിലൂടെ ഭക്ഷണത്തിന് ഓർഡർ കൊടുക്കുന്നു.

രാജേഷ്: സ്വർണ്ണപ്പണയമാണ് പ്രധാനം, ചിട്ടിയുണ്ട്, മണി ട്രാൻഫർ, റിയലെസ്റ്റേറ്റ്... കുറച്ച് റബ്ബർ തോട്ടവുമുണ്ട്...

കേ.നാ: ഈ അടുത്തകാലത്ത് ഒരു പ്രോപ്പർട്ടി വിൽപന മുടങ്ങിപ്പോയിട്ടുണ്ട് അല്ലേ.... സാമ്പത്തിക മാന്ദ്യമാണോ കാരണം.....?

രാജേഷ്:് സാമ്പത്തിക മാന്ദ്യം..... ഒരു കാരണമാകാം.. മറ്റെന്തിനോ വേണ്ടികുറച്ച് പണം മുടക്കേണ്ടി വന്നിട്ടൊണ്ട്, കൃത്യമായിട്ടറിയില്ല.. എന്നു വച്ച് അത് സ്ഥാപനത്തിന് ഒരു പ്രശ്നമായിട്ടിതല്ലാത്തതുകൊണ്ട് ഞങ്ങൾ സ്റ്റാഫുകൾ അത് കാര്യമായിട്ടെടുത്തിട്ടില്ല.

കേ.നാ: കുരുവിളയുടെ ഭാര്യ സിസിലി എങ്ങിനെയാ ആള്.....?

രാജേഷ്: നല്ല സ്ത്രീയാണ്. ഞങ്ങളെ ജോലിക്കാരായിട്ടല്ല കാണുന്നത്. അവരുടെ വീട്ടിലൊരു തമിഴത്തി പെണ്ണുണ്ട്, വേലക്ക്, അതിനെപ്പോലും അവര് മോളെപ്പോലെയാ കാണുന്നത്.

അവരുടെ മുറിയിലേക്ക് ഭക്ഷണം എത്തുകയാണ്. സംസാരം മുറിഞ്ഞു പോയിരിക്കുന്നു.

അവർ ഭക്ഷണത്തിലേക്ക് പോകുന്നു.

**സീൻ 37**

പകൽ, കുരുവിളയുടെ വീട്.
കാറിൽ സിസിലിയും പൂങ്കനിയും പുറത്തേക്ക് പോകുന്നു. കാർ റോഡിലിറങ്ങി ഓടി ക്കൊണ്ടിരിക്കുന്നു.

**സീൻ 37 എ**

നഗരത്തിലൂടെ ഓടുന്ന കാറിനെ പിൻതുടർന്ന് വിവേക് ബൈക്കിൽ..... കാർ നഗര ത്തിലെ ഒരു ഹോസ്പിറ്റലിൽ കടയറുന്നു. കാർ പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്യുന്നു.
കാറിൽ നിന്നിറങ്ങി സിസിലിയും പൂങ്കനിയും ഗൈനക്കോളജിസ്റ്റിന്റെ ഔട്ട് പേഷ്യൻസ് മുറിക്കു പുറത്ത് കാത്തിരിക്കുന്നു. അവിടെ ഡോക്ടറെ കാണാൻ മറ്റു പലരും ഇരിക്കുന്നുണ്ട്.
സിസിലി വളരെ ഗൗരവത്തിലാണ്. പൂങ്കനി കാര്യമെന്തെന്ന് മനസ്സിലാകാതെ നിർവ്വികാ രയായിട്ടാണ് ഇരിക്കുന്നത്.
സിസ്റ്റർ പേരു വിളിക്കുകയും ഒരു രോഗി അകത്തേക്ക് പോകുകയും ചെയ്യുന്നു.

**സീൻ 37 ബി**

സിസ്റ്റർ വിളിക്കുന്നു**:** പൂങ്കനി ഇരുപത്തിയഞ്ച് വയസ്സ്.
വിളിക്കുന്നത് കേട്ടിട്ട് പൂങ്കനി അമ്പരന്നിരിക്കുന്നു. അവൾ സിസിലിയോട് തിരക്കുന്നു.

പൂങ്കനി**:** എന്താ മമ്മി ഇത്.....?
സിസിലി ഗൗരവത്തിൽ തന്നെയാണ്.

സിസിലി**:** വരൂ...
അവർ ഡോക്ടറുടെ മുറിയിലേക്ക്.......

**സീൻ 37 സി**

ഡോർ തുറന്ന് സിസിലിയും പൂങ്കനിയും അകത്തേക്ക് വരുമ്പോൾ ലേഡി ഡോക്ടർ സിസിലിയെ നോക്കി ചിരിക്കുന്നു.

ഡോ**:** ഗുഡ് മോർണിംഗ് സിസിലി....

സിസിലി**:** ഗുഡ് മോർണിംഗ് ഡോക്ടർ....

ഡോ**:** സിസിലിയുടെ പെറ്റ് പൂങ്കനി.... കൊച്ചു മോളേന്നു വിളിക്കും... ഞാൻ ഒന്നു രണ്ടു തവണ കണ്ടിട്ടുണ്ട് ഷോപ്പിംഗിന് ടെക്സ്റ്റയിലിലും സൂപ്പർ മാർക്കറ്റിലു മറ്റും വച്ച്....

സിസിലി**:** ഓ....

ഡോ**:** കൊച്ചുമോള് സുന്ദരിയാണു കേട്ടോ.... ഓകെ.... നൈസ്....
പൂങ്കനിയുടെ മുഖത്ത് അങ്കലാപ്പ് കൂടുകയാണ്.. വല്ലാത്തൊരു നോട്ടത്താലെ അവൾ ചുറ്റും കാണുകയാണ്.......

**സീൻ 38**

വൈകുന്നേരം.
കുരുവിളയുടെ വീട്. സിസിലി ചെടികൾ നനച്ചു കൊണ്ട നിൽക്കുന്നു.
റോസ് കോളേജ് വിട്ടു വരുന്നു. സ്കൂട്ടി പോർച്ചിൽ വയ്ക്കുമ്പോഴേക്കും ജോമോനും എത്തുന്നു.

റോസ്**:** ചേച്ചിയെന്തിയേ മമ്മി..... മമ്മി നനക്കുന്നത്....?

**സിസിലി:** അവൾക്ക് സുഖമില്ല... പനിയാ... കാപ്പി ഡൈനിംഗ് ടേബിളിൽ വച്ചി ട്ടുണ്ട്.... അവളെ വിളിച്ച് ശല്യം ചെയ്യണ്ട....

റോസ് അകത്തേക്ക് പോകുന്നു.

**ജോ:** മമ്മി, ഞാൻ അര മണിക്കൂർ കളിക്കാൻ പോകും...

**സിസിലി:** വേണ്ട ഞാൻ പപ്പയോടു പറയും...

**ജോ:** പ്ലീസ് മമ്മി....

**സിസിലി:** ജോ, പറയുന്നത് കേൾക്ക്.....

**സീൻ 38 എ**

റോസിന്റെ ബെഡ്റൂം.
കട്ടിലിൽ പൂങ്കനി കിടക്കുന്നു.
റോസ് ബാഗ് ടേബിളിൽ വച്ചിട്ട് പൂങ്കനിയുടെ കട്ടിലിൽ ഇരിക്കുന്നു. പൂങ്കനിയുടെ നെറ്റിയിൽ കൈ വച്ച് പനിയുണ്ടോയെന്ന് നോക്കുന്നു. പൂങ്കനി അറിയാത്തതുപോലെ കിടക്കു ന്നു.

**റോസ് (പിറുപിറുക്കുന്നു.):** പനിയില്ലല്ലോ......

പൂങ്കനി പെട്ടന്നെഴുന്നേറ്റ് റോസിനെ കെട്ടിപ്പിടിക്കുന്നു.

**സീൻ 38 ബി**

റോസ് മുറുയിൽ നിന്നും ദേഷ്യത്തോടെ പുറത്തേക്ക് ഇറങ്ങി വരുന്നു. നേരെ അടുക്കള യിലേക്ക് എത്തുന്നു.
സിസിലി ജോലികളിലാണ്. അവരുടെ മുഖത്ത് ഒരു ശാന്തത നിലനിൽക്കുന്നുണ്ട്.

**റോസ്:** മമ്മി.... എന്നതാ ഇതൊക്കെ... എന്നതാ ഇവിടെ നടക്കുന്നത്... ഞാൻ കുറച്ചു ദിവസമായിട്ട് ശ്രദ്ധിക്കുന്നു. മമ്മിക്കെന്നാ വട്ടു പിടിച്ചോ....?

**സിസിലി:** (അക്ഷോഭ്യയായിട്ട്) കൊച്ചുമോളു പറഞ്ഞില്ലെ ... നീ അത്രേം അറി ഞ്ഞാൽ മതി....

**റോസ്:** അത്രേം അറിഞ്ഞാൽ മതീന്നോ ....എന്നതാ ഇവിടെ നടക്കുന്നതെന്നറി യാൻ എനിക്കവകാശമില്ലെ.... മമ്മിക്കെന്നാ പറ്റി....?

**സിസിലി:** നീ അറിഞ്ഞതൊക്കെ മതി..... അത്രയൊക്കെ നീ അറിഞ്ഞാൽ മതി.....

**റോസ്:** മമ്മി കുറ്റക്കാരനാക്കുന്നത് പപ്പയെ ആണെന്നകാര്യം മറക്കരുത്... എനിക്ക് പപ്പയെ അങ്ങിനെയൊക്കെ കാണാനേ കഴിയുന്നില്ല....

**സിസിലി:** നീ കാണണ്ട... ഞാൻ കണ്ടോളാം... എന്റെ ഭർത്താവല്ലെ....

**റോസ്:** മമ്മി....

റോസിന് ദേഷ്യം വരുന്നു.

**സിസിലി:** നീ പോടീ..... നിന്റെ കാര്യം നോക്ക്....

**റോസ്:** ഓ...... ഡാമിറ്റ്....

റോസ് ദേഷ്യത്തിൽ തുള്ളിച്ചാടി അടുക്കളയിൽ നിന്നും പുറത്തേക്ക് നടക്കുന്നു.

**സീൻ 38 സി**

അടുക്കളയിൽ നിന്നും ശബ്ദങ്ങൾ കേട്ടിട്ട് ജോമോൻ എന്തെന്നറിയാൻ അവിടേക്ക് എത്തുന്നു. അവൻ മുറിയിൽ നിന്നും പുറത്ത് വരുമ്പോൾ തുള്ളി വിറച്ചു പോകുന്ന റോസിനെ കാണുന്നു.

ജോ: എന്നതാ ചേച്ചി.....?

റോസ്: നിന്റെ മമ്മിക്ക് വട്ടായീന്നാ തോന്നുന്നെ....

ജോ: ങേ... വട്ടായോ.... വട്ടായോ... വട്ടായിപ്പോയി.... മമ്മിക്ക് വട്ടായി പ്പോയി...വട്ടായിപ്പോയി....

അവൻ തിരിച്ച് റൂമിലേക്ക് തന്നെ പോകുന്നു.

**സീൻ 39**

രാത്രി, കുരുവിളയുടെ വീട്.
റോസിന്റെ ബെഡ്റൂം.
റോസ് മൊബൈലിൽ വിളിക്കുന്നു.

റോസ്: ഹലോ....

**cut to**

സോണി:(ഫോണിൽ) ഹലോ.... ഷാഡോ....

**cut to**

റോസ്:(ഫോണിൽ) സോണിയങ്കിളേ ഞാനാ.... റോസാ....

**cut to**

സോണി: (ഫോണിൽ, വല്ലാത്തൊരു അവസ്ഥയിലാകുന്നു) റോസ് മോളെ ഈ ഫോൺ....?

**cut to**

റോസ്:(ഫോണിൽ) എനിക്കറിയാം... അങ്കിള് ചേച്ചിക്കുകൊടുത്ത ഫോൺ തന്നയാ... എനിക്കെല്ലാമറിയാം.... ആരോടും ഞാൻ പറയില്ല... അങ്കിള് നാളെത്തന്നെ ചേച്ചിയെ വന്ന് കാണണം...

**cut to**

സോണി:(ഫോണിൽ) എന്നതാ റോസ്മോളെ കാര്യം പറയ്.... അല്ലെങ്കിൽ ഫോണൊന്ന് കൊടുത്തെ....

**cut to**

റോസ് ഫോൺ പൂങ്കനിക്ക് കൊടുക്കാൻ ശ്രമിക്കുന്നു, പക്ഷെ, പൂങ്കനി വാങ്ങാൻ തയ്യാറാകുന്നില്ല. റോസ് കുറെ നേരം ശ്രമിക്കുന്നു, ഒടുവിൽ ഗത്യന്തരമില്ലാതെ ഫോൺ വാങ്ങുന്നു.

പൂങ്കനി:(ഫോണിൽ) ഹലോ....

പൂങ്കനിക്ക് കരച്ചിൽ അടക്കാൻ കഴിയുന്നില്ല. ഫോൺ ഡിസ് കണക്ട് ചെയ്യുന്നു.

**സീൻ 40**

പകൽ കുരുവിളയുടെ വീട്
അൽത്താഫ് വീടിനെ വാച്ച് ചെയ്തു കൊണ്ടിരിക്കുന്നു.
വീട്ടിലേക്ക് ഒരു കാർ വരുന്നു.
കാറിൽ നിന്നും സോണി ഇറങ്ങുന്നു. വീടിന്റെ കോളിംഗ് ബെല്ലടിച്ച് കാത്തു നിൽക്കുന്നു.
ഡോർ തുറക്കുന്നത് പൂങ്കനിയാണ്.

സോണി**:** ചേച്ചി...?

പൂങ്കനി**:** മമ്മി പുറത്തു പോയി...
പൂങ്കനി ഡോറിൽ നിന്നും മാറാതെ നിൽക്കുന്നു. സോണി അകത്തേക്ക് കടക്കാൻ ശ്രമിക്കുന്നു. വല്ലാത്തൊരു വൈക്ലബ്യത്തോടെ പൂങ്കനി അവിടെത്തന്നെ നിൽക്കുന്നു.

സോണി**:** മാറ് കൊച്ചു മോളെ... ഞാനൊന്നു കയറിക്കോട്ടെ...
പൂങ്കനി മനസില്ലാ മനസ്സോടെ ഡോറിൽ നിന്നും മാറി അകത്തേക്ക് പോകുന്നു. സോണി അവൾക്ക് പിന്നാലെ അകത്തേക്ക് പോകുന്നു.

**സീൻ 40 എ**

അൽത്താഫ്**:** (ഫോണിൽ) സാർ, അവിടേക്ക് സോണി വന്നിരിക്കുന്നു.

**cut to**

കേ.നാ**:**(ഫോണിൽ) ഏസ്, അൽത്താഫ് വാച്ച് ചെയ്യുക, സിസിലി സ്ഥലത്തില്ലെന്നല്ലെ പറയുന്നത്...?

**cut to**

അൽത്താഫ്**:**(ഫോണിൽ) അതെ അവർ പുറത്ത് പോയിട്ട് അര മണിക്കൂർ കഴിഞ്ഞിരിക്കുന്നു.

**cut to**

കേ.നാ**:** (ഫോണിൽ)സോണി പുറത്ത് പോകുന്നതു വരെ വാച്ച് ചെയ്യുക. പുറത്തേക്ക് പോയിക്കഴിഞ്ഞ് എന്നെ വിളിക്കുക.

**സീൻ 41**

പകൽ, കുരുവിളയുടെ വീടിരിക്കുന്ന ഹൗസിംഗ് കോളനിയിൽ നിന്നും സോണിയുടെ കാർ പ്രധാന വീഥിയിലേക്ക് കയറുന്നു.
കാറിനു മുന്നിൽ കേണൽ നായർ. കൈകാണിച്ചു നിർത്തുന്നു.

കേ.നാ**:** ഗുഡ് മോർണിംഗ് സോണി

സോണി**:** ഗുഡ് മോർണിംഗ് സാർ.

**സീൻ 42**

റസ്റ്റോറന്റിൽ കേണൽ നായരും സോണിയും. അവർ ഒരു ടേബിളിൽ മുഖാമുഖം ഓരോ കപ്പ് ചായയുമായിരിക്കുന്നു.

**കേ.നാ:** ഞാൻ കുറച്ചു കൂടി വ്യക്തമായിട്ട് ചോദിക്കാം. പൂങ്കനിയെ സോണി എങ്ങിനെയാണ് കാണുന്നത്... ഒരു പണക്കാരന്റെ വീട്ടിലെ പയ്യൻ വീട്ടു വേലക്കാരി പെണ്ണിനെ കാണുന്നതു പോലെയാണോ....അതോ....?

**സോണി:** സാറിന്റെ ചോദ്യം എനിക്ക് മനസ്സിലായി, ഇഷ്ടമായി... ഞാനങ്ങിനെയല്ല കൊച്ചുമോളെ കാണുന്നത്.... എനിക്ക് ഇഷ്ടമാണ്....

**കേ.നാ:** ഇഷ്ടമാണ്.... അതു മനസ്സിലായി.... എന്ത് ഇഷ്ടമാണെന്നാണ് അറിയേണ്ടത്... തൽക്കാലത്തേക്കുള്ള ഒരു ശാരീരിക ഇഷ്ടം.....?

**സോണി:** അല്ല.....എനിക്ക് ഇഷ്ടമാണ് വിവാഹം കഴിക്കാൻ....

**കേ.നാ:** ഓ... ഷുവർ.... സോണിക്കതിന് കഴിയുമോ... നിങ്ങളുടെ ഫാമിലി ബാക്ഗ്രൗണ്ട്, സ്റ്റാറ്റസ്, സോഷ്യൽ റിലേഷൻസ്.... അവിടെ നിന്നെല്ലാം എതിർപ്പുകൾ ഉണ്ടാകാം... അതിനെയെല്ലാം തരണം ചെയ്ത് വിവാഹം കഴിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ.....?

**സോണി:** കഴിയുമെന്നു കരുതി തന്നെയാണ് ഇതേവരെ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്...

**കേ.നാ:** എന്നു പറഞ്ഞാൽ...നിങ്ങളുടെ ബന്ധം തുടങ്ങിട്ട് വളരെ നാളുകളായിട്ടുണ്ടെന്നും, എന്തിനേയും നേരിടാൻ മനസ്സാലെ തയ്യാറായി എന്നും...?

**സോണി:** അതെ... ഞങ്ങളുടെ അടുപ്പം തുടങ്ങിയിട്ട് പത്തു വർഷമായി. അവൾ ചേച്ചിയുടെ കൂടെ ആദ്യം വീട്ടിൽ വന്നപ്പോൾ മുതൽ....

**സീൻ 43**

സിസിലിയുടെ തറവാട് വീട്. പത്തു വർഷങ്ങൾക്ക് മുമ്പുള്ള സിസിലിയും കുരുവിളയും റോസും പൂങ്കനിയം ജോമോനും വീട്ടിലേക്ക് വരുന്നു. കാറിൽ നിന്നിറങ്ങുന്ന അവരെ സണ്ണിയും ഭാര്യയും സ്വീകരിക്കുന്നു.

**സണ്ണി:** ഇതാരാ ചേച്ചി പുതിയൊരാള്....?

**സിസിലി:** ഞാൻ വെലക്കു വാങ്ങിയതാടാ....

**സണ്ണി:** വെലക്കോ... ഒരു പാണ്ടി ലുക്കുണ്ടല്ലോ....?

**സിസിലി:** പാണ്ടി തന്നെയാ.... പക്ഷെ അവള് ഒണ്ടായതും വളർന്നതുമൊക്കെ അടിമാലിയിലാ... അതുകൊണ്ട് മലയാളം നന്നായിട്ടറിയാം...

**സണ്ണി:** ഇവളുടെ അപ്പനും അമ്മയും.....?

**സിസിലി:** അപ്പനില്ല, അമ്മ രണ്ടാമതു കെട്ടി, അവര് പൊള്ളാച്ചിയിലാ... രണ്ടു പിള്ളേരുമൊണ്ട്... ഇവളെ വീട്ടു വേലക്ക് വിട്ടു... അങ്ങിനെയും ഒരു വരുമാനം...

**സണ്ണി:** വിശ്വസിക്കാമോ.....?

**സിസിലി:** ഓ... എന്നു തോന്നുന്നു...?

**സണ്ണി.:** എന്നതാ ഇവളുടെ പേര്....

**സിസിലി:** പൂങ്കനി... ഞാൻ കൊച്ചുമോളേന്ന് വിളിക്കും... നമ്മടെ ഒരു മണോം ഗുണോമൊക്കെ കിട്ടട്ടേന്നു വച്ചു....

**സണ്ണി:** എന്നാ പിന്നെ മാമോദീസ മുക്കാൻ മേലാരുന്നോ...?

**സിസിലി:** ഓ... വരട്ടെ.... നോക്കാം...

**സീൻ 43 എ**

സോണിയുടെ കണ്ണുകളിലൂടെ പൂങ്കനിയെ കാണുന്നു. അടുക്കളയിൽ ബെഡ്റൂമിൽ എല്ലാമവൾ സിസിലിയുടെ നിഴലായി കാണുന്നു.

അടുക്കളയിൽ സിസിലിയുടെ അമ്മച്ചിയും വേലക്കാരിയും തിരക്കിൽ പണികൾ ചെയ്തു കൊണ്ടിരിക്കുന്നു. അവിടെ തട്ടിമുട്ടി പൂങ്കനി ഓരോ പണികൾ ചെയ്തു കൊണ്ട് നിൽക്കുന്നു. അമ്മച്ചിക്ക് അത് നന്നായി പിടിച്ചു.

അമ്മച്ചി**:** ഇവള് കൊള്ളാമല്ലോടി സിസിലി... കൊച്ചു മോളേന്ന വിളിയേക്കാൾ ചേരുന്നത് നിന്റെ നിഴലേന്നു വിളിക്കുന്നതാ....

കണ്ടു നിന്നിരുന്ന സോണിക്ക് അത് നന്നായി ബോധിച്ചു.

അവൻ ആരുടേയും ശ്രദ്ധയിൽ പെടാതെ അവളുടെ അടുത്തു ചെന്ന് വിളിക്കുന്നു.

സോണി: നിഴല്... ഷാഡോ....

പൂങ്കനി ആകാംക്ഷയോടെ അവനെ നോക്കി. അവൻ കണ്ണടച്ചു കാണിച്ചു. അവൾ അമ്പരന്നു. ആരെങ്കിലും കണ്ടോയെന്ന് നോക്കുന്നു.

**സീൻ 44**

കേണൽ നായരും സോണിയും നഗര വീഥിയിലൂടെ സംസാരിച്ചു കൊണ്ട് നടക്കുന്നു.

സോണി: രണ്ടു കൊല്ലം മുമ്പ് എന്റെ പ്രേമാഭ്യർത്ഥന അവളെ അറിയിച്ചു. ചേച്ചിയില്ലാത്ത വീട്ടിൽ ഞാൻ എത്തിയപ്പോൾ..അവൾ എനിക്ക് കാപ്പിയും പല ഹാരവും തരികയായിരുന്നു.

**cut to**

**സീൻ 44 എ**

പകൽ, കുരുവിളയുടെ വീട്, ഡൈനിംഗ് ഹാൾ. സോണി ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുന്നു. വിളമ്പിക്കൊടുത്തു കൊണ്ട് പൂങ്കനി അടുത്തു തന്നെയുണ്ട്.

സോണി**:** ഷാഡോ... കൊച്ചുമോളെ... നീയെനിക്ക് എന്നും വെച്ചു വിളമ്പിത്തരുമോ...?

പൂങ്കനി ഒന്നും മനസ്സിലാകാതെ സോണിയെ നോക്കി നിൽക്കുന്നു.

സോണി**:** നിനക്ക് മനസ്സിലായില്ലേ... എനിക്ക് നിന്നെ ഇഷ്ടമാണ്... നിന്നെ ഞാൻ കല്യാണം കഴിക്കട്ടേ......?

പൂങ്കനി അമ്പരന്നു പോയി. കുറെ നേരം സോണിയെ നോക്കി നിന്നിട്ട് നിശ്ശബ്ദം അടുക്കളയിലേക്ക് പോകുന്നു.

**cut to**

**സീൻ 44 ബി**

കേണൽ നായരും സോണിയും പാർക്കിൽ ആളോഴിഞ്ഞിടത്ത് ഇരിക്കുന്നു. കേണലിന്റെ കണ്ണുകൾ കാക്കകണ്ണുകളെപ്പോലെ എന്തോ തെരഞ്ഞു കൊണ്ടിരിക്കുന്നു.

സോണി**:** ഞാൻ പലപ്പോഴും അവളോടു ചോദിച്ചിട്ടുണ്ട്. ഒരിക്കലും ഒരു മറുപടിയും പറഞ്ഞില്ല. ഇഷ്ടമല്ലെന്നോ, ആണെന്നോ ഒന്നും. ഒന്നും പറയാത്ത സ്ഥിതിക്ക് ഇഷ്ടമാണെന്നു തന്നെ ഞാൻകരുതുന്നു. പക്ഷെ ചേച്ചിയെ അവൾക്ക് ഭയങ്കര പേടിയാ.... അടുത്ത നാൾ ഞാനവൾക്കൊരു സമ്മാനംകൊടുത്തു....

**cut to**

**സീൻ 44 സി**

രാത്രി കുരുവിളയുടെ വീട്.

അപ് സ്റ്റെയറിലെ ഒരു മുറി. സോണി അന്നവിടെ താമസിക്കുന്നതായിട്ടുള്ള വേഷം. രാത്രി കുടിക്കാനുള്ള വെള്ളം മുറിയിലെത്തിക്കുന്നത് പൂങ്കനി. മടങ്ങിയപ്പോൾ അവളെ തടഞ്ഞു നിർത്തി സോണി സമ്മാനമായി മൊബൈൽ കൊടുക്കുന്നു..

സോണി**:** ഇത് നിനക്കുള്ളതാ... എനിക്ക് വിളിക്കാൻ.... ഒളിച്ചു വച്ചോണം... റോസ് മോള് കാണല്ല്....

പൂങ്കനി**:** എനിക്ക് വേണ്ട......

സോണി**:** നീ പേടിക്കണ്ട, നിന്നെ ഒരിക്കലും ഞാൻ വേദനിപ്പിക്കില്ല...

മടിച്ചു നിന്നെങ്കിലും അവൾ അത് നിധിപോലെ വാങ്ങി പുറത്തേക്ക് പോകുന്നു.

**cut to**

**സീൻ 44 ഡി**

കേണൽ നായരും സോണിയും പാർക്കിൽ ഇരിക്കുന്നു. കേണലിന്റെ കണ്ണുകൾക്ക് മുമ്പിൽ ഒരു കൊച്ചുകുട്ടി ഓടിക്കളിക്കുന്നു.

സോണി**:** ആരും വീട്ടിൽ ഇല്ലാത്ത നേരം നോക്കി ഞാനവളെ വിളിക്കും. പക്ഷെ, മറുപടി ഒന്നോ രണ്ടോ വാക്കുകളിൽ ഒതുക്കി ഫോൺ കട്ടു ചെയ്യും. എനിക്കറിയാം അവൾക്കെന്നെ ഇഷ്ടമാണെന്ന്, പക്ഷെ, അവൾക്ക് പേടിയാണ് ചേച്ചിയെ മാത്രമല്ല, എല്ലാരെയും.....

**cut to**

**സീൻ 45**

സോണിയും കേണൽ നായരും കാറിൽ യാത്ര ചെയ്തു കൊണ്ടിരിക്കുന്നു.

കേ.നാ**:** എല്ലാം ഭംഗിയായി കലാശിക്കുമെന്ന ധാരണയിൽ സോണി മുമ്പോട്ടു പോകുന്നു.....?

സോണി**:** അതെ.

കേ.നാ**:** ഇല്ലെങ്കിൽ, എല്ലാവരും എതിർത്താൽ ആ പെൺകുട്ടിയുടെ ഭാവി......?

സോണി**:** അവളുടെ ദേഹത്ത് ഞാനൊന്നു തൊടുക കൂടി ചെയ്തിട്ടില്ല... ഒരിക്കൽ എന്റെ ആഗ്രഹം എല്ലാരെയും അറിയിക്കും. എല്ലാവരും എതിർത്താൽ അവൾക്കൊരു നല്ല ജീവിതംഉണ്ടാക്കാൻ എന്നാൽ കഴിയുന്നതെല്ലാം ചെയാതു കൊടുക്കും... ഞാൻ അത്രക്ക് അവളെ ഇഷ്ടപ്പെടുന്നു. പക്ഷെ, ചേച്ചിക്ക് അവളെ ഭയങ്കര സംശയമായിരുന്നു. ഞാനുമായിട്ടല്ല, അളിയനുമായിട്ട്....

കാർ റോഡ് വക്കത്ത് ഒതുക്കിയിട്ടിരിക്കുന്നു. കേണൽ സോണിയുടെ കാറിൽ കയറിയ ഇടം എത്തിയിരിക്കുന്നു.

കേ.നാ**:** എന്നിട്ട്.....?

സോണി**:** സംശയം മാറാനായിട്ട് ചേച്ചിയൊരു ടെസ്റ്റ് നടത്തി...

കേ.നാ**:** ടെസ്റ്റോ.....?

സോണി**:** ഏസ്സ്.... വെർജിനിറ്റി ടെസ്റ്റ്...

അമ്പരന്നിരിക്കുന്നു, കേണൽ നായർ.

**സീൻ 46**

രാത്രി.

ഒരു ക്ലബിന്റെ ഡിന്നർ മീറ്റിംഗ് നടക്കുകയാണ്.

കുരുവിള ജോസഫ് സിസിലി എന്നിവരെ കാണാം. വളരെ സന്തോഷത്തിലാണെല്ലാവരും.

തികിച്ചും യാദൃശ്ചികമായിട്ട് കുരുവിള ജൂലിയെ കാണുന്നു. തെല്ലൊരമ്പരപ്പ് അയാൾക്കുണ്ട്. ജൂലി അയാൾക്കരുകിലേക്ക് വരുന്നു. സിസിലി കുറച്ചകലെ സ്നേഹിതരുമായി സംസാരിച്ചു നില്ക്കുകയാണ്.

ജൂലിയുടെ വശ്യമായ ചിരി. കുരുവിള ആ ചിരിയിൽ എന്തെല്ലാമോ കാണുന്നുണ്ട്.

**ജൂലി:** ഗുഡ് ഈവനിംഗ് സാർ

**കുരുവിള:** ഗുഡ് ഈവനിംഗ്... ജൂലി ഇവിടെ.....?

**ജൂലി:** ഞാൻ ഡോ. സാമുവലിന്റെ ഗസ്റ്റാണ്...

**കുരുവിള:** ഓ....

**ജൂലി:** സാർ യൂ ലുക്ക് വെരി ഹാൻസം.

കുരുവിളക്ക് ജാള്യത. മറ്റാരെങ്കിലും കാണുന്നുണ്ടോയെന്ന് ശ്രദ്ധിക്കുന്നു.

**കുരുവിള:** ഓകെ.... ജൂലി... എന്റെയൊരു ഫ്രണ്ട് അവിടെ കാക്കുന്നു.

**ജൂലി:** ഓകെ.. സാർ.......

കുരുവിള അവിടം വിട്ടു പോകുന്നു.

**സീൻ 46 എ**

ജൂലിയുടെ കണ്ണുകൾ കുരുവിളയെ തന്നെ പിൻതുടരുകയാണ്. ആയാൾ അത് അറിയുന്നുണ്ട്. പക്ഷെ, അവളെ അത്രക്ക് ഗൗനിക്കുന്നില്ലെന്ന് തോന്നത്തക്ക വിധത്തിലുള്ള പെരുമാറ്റമാണെങ്കിലും അവളുടെ നീക്കങ്ങളെ ശ്രദ്ധിക്കുണ്ട്. ജൂലി കുരുവിളക്ക് പ്രേരണ കൊടുത്തു കൊണ്ടേയിരിക്കുന്നു.

**ജൂലി:** (ഫോണിൽ) സാർ, ഇന്നത്തെ പെർഫ്യൂം എനിക്കിഷ്ടമായി...

**കുരുവിള:** താങ്ക്സ്...പക്ഷെ, വളരെ വില കുറഞ്ഞതാണ്...

**ജൂലി:** സാറ് പൂശിയിരിക്കുന്നതുകൊണ്ടാകും ഇത്രയും മണം...

**കുരുവിള:** പ്ലീസ് എനിക്കിത്തിരി തെരക്കുണ്ട്...

**ജൂലി:** ഓകെ.. സാർ...

കുരുവിള ഫോൺ ഡിസ്കണക്ട് ചെയ്യുന്നു.

**സീൻ 47**

പകൽ, നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ കോൺഫ്രൻസ് ഹാൾ.

കേണൽ നായരെ അഭിമുഖീകരിച്ച് വിവേക്, അൽത്താഫ്, ജൂലി, ഷാഹിന, രേഷ്മ.....

**ജൂലി:** സിസിലി ഈസ് പെക്യൂലിയർ....

**കേ.നാ:** എസ്, ഹോട്ട് ആന്റ് അൺ അസസ്സബിൾ...

**ജൂലി:** യഥാർത്ഥത്തിൽ നമ്മളിപ്പോൾ ഇരുട്ടിലാണ് തപ്പുന്നത്.

**കേ.നാ:** എസ്, യൂ ആർ റൈറ്റ്...

**ജൂലി:** എന്റെ രണ്ടാഴ്ചത്തെ ഫിനാൻസിംഗ് കമ്പനിയിലെ ബന്ധം കൊണ്ട് ഒന്നും കിട്ടിയില്ലെന്നു മാത്രമല്ല നാളെ അവിടെ ചെല്ലുമ്പോൾ ഉണ്ടാകുന്നതെന്തെന്ന് ഒരെത്തും പിടിയും കിട്ടുന്നുമില്ല.

കേ.നാ: നമ്മൾ നിന്നിടത്തു തന്നെ നിൽക്കുയാണെന്നു തോന്നുന്നു. സിസിലിയെ വാച്ച് ചെയ്യുന്നത് നിർത്താമെന്നു തോന്നുന്നു, അവർ വളരെ ബോൾഡാണ്... അവിടെ നിന്ന് ഒന്നും കിട്ടുമെന്ന തോന്നുന്നില്ല.

അൽത്താഫ്: എനിക്കും അങ്ങിനെ തന്നെ തോന്നന്നു.

കേ.നാ: ജൂലി അവടെത്തന്നെ തുടർന്നാലെ എന്തെങ്കിലും പിടിവള്ളി കിട്ടുകയു ള്ളൂ...

ജൂലി: എന്തെങ്കിലും കൂടുതൽ അറിയാവുന്നത് സോമൻ സാറിനാണ്.. പക്ഷെ, അങ്ങേരെ കണക്ട് ചെയ്യാനൊരു ലിങ്ക് ഇതേ വരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എ വെരി സിൻസിയർ ആന്റ് കോൺഫിഡൻഷ്യൽ. അദർ ആക്ടവിറ്റികളൊന്നു മില്ല... കണക്ഷനുകളുമില്ല.. വീക്നസ്സുകളുമില്ല......

കേ.നാ:. ഉം....

വിവേക്: കുരുവിള പ്രത്യേകിച്ചു പോകുന്നിടങ്ങൾ ഇതുവരെ കണ്ടെത്താൻ കഴി ഞ്ഞിട്ടില്ല.. ഓഫീസ് വീട്, ആഴ്ചയിൽ ഒരു ദിവസം ക്ലബ്... ക്ലബിലാണെങ്കിൽ സിസിലി ഇല്ലാതെ പോകാറില്ലെന്നാണ് അറിവ്... ജൂലിക്കവിടെ കാണാൻ കഴിഞ്ഞ തിൽ അധികമൊന്നുമുണ്ടെന്ന തോന്നുന്നില്ല.

അൽത്താഫ്: ക്ലബിൽ വളരെ അടുത്ത സുഹൃത്തുക്കളില്ല. എന്നാൽ എല്ലാവരുമാ യിട്ട് നല്ല ബന്ധമാണു താനും... ബിസിനസ്സ് പരമായിട്ടും അല്ലാതെയും.

കേ.നാ: ഷാഹിന എന്തു പറയുന്നു...?

ഷാഹിന: ഞാൻ ഇനിയും പൂങ്കനിയിൽ നിന്നും മുക്തയായിട്ടില്ല..... ഹോ.... വാട്ട് എ ഹൊറിബിൾ....

കേ.നാ:. പൂങ്കനിയെ വിടുക. അവിടെയൊന്നുമല്ല സത്യം.....

വിവേക്: ഫിനാൻസിംഗ് കമ്പനിയിലെ സിസിലിയുടെ സ്പൈയില്ലേ.....?

ജൂലി: ഏസ് ... റോയിമാത്യു....

വിവേക്: അവനെയൊന്ന് പൊക്കിയാലോ.....?

ജൂലി: നേരിട്ടോ.....?

വിവേക്: നേരിട്ടല്ല... രാജേഷു വഴി....

കേ.നാ: ദാറ്റ്സ് ഫൈൻ.... പക്ഷെ, അവനിൽ നിന്നു കാര്യമായിട്ടെന്നും കിട്ടുന്നി ല്ലെങ്കിൽ പ്രോബ്ളമാകാം.

വിവേക്: നോക്കാം. പക്ഷെ, അവനോട് സംസാരിക്കുമ്പോൾ കാര്യം വ്യക്തമാ ക്കേണ്ടിവരും.. എന്റെ പ്രൊഫഷനെ കുറിച്ച് അവന് അറിയാം... അത് ഓപ്പോസിറ്റ് ആക്ഷൻ ഉണ്ടാകിക്കുമോ എന്നാണ് പേടി...

കേ.നാ: ശ്രദ്ധിച്ചു ചെയ്യുക.. വേണമെന്നു തോന്നിയാൽ നമ്മുടെ ഉദ്ദേശം വ്യക്ത മാക്കാം....

വിവേക്: പക്ഷെ, സാർ... ഒരു പ്രശ്നമുണ്ട്, അവൻ കുരുവിളയുടെ ഒരു വിശ്വസ്ഥ നായിട്ടാണ് തോന്നിയിട്ടുള്ളത്. അയാളെ കുറിച്ച് പറയുമ്പോൾ അവന്റെ മുഖത്ത് വരുന്ന ഒരു തെളിച്ച മുണ്ടല്ലോ.....

ജൂലി: എന്തു ചെയ്താലും ഞാൻ അവിടെ ഉള്ള കാര്യം ഓർക്കണം...

കേ.നാ: ഓ... ഏസ്...ഏസ്... ഇനി ജ്യൂലിയുടെ ബോഡി വിസിബിൾ ഫങ്ഷൻ അങ്ങ് നിർത്തിക്കളയുക...ഓകെ... കുരുവിള ആ ചട്ടിയിൽ വേവുന്ന ആളല്ല...

ജൂലി: ഓകെ... ഷുവർ.....

**സീൻ 48**

പകൽ, നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സ്.
ക്യാബിനിൽ കേണൽ നായർ.

കേ.നാ: (ഫോണിൽ) നാസർ കേണൽ നായരാണ്

**cut to**

നാസർ:(ഫോണിൽ) സാർ... എന്താ സാറെ വിശ്ശേഷം.....?

**cut to**

കേ.നാ:(ഫോണിൽ) നാസറിന് റോയൽ ഫിനാൻസിയേഴ്സിലെ കുരുവിള ജോസഫിനെ അറിയുമോ....?

**cut to**

നാസറ്:(ഫോണിൽ) അറിയും, ബന്ധങ്ങളൊന്നമില്ല... എന്റെ പാർട്ടണർ ഒരു കൊച്ചു കച്ചവടം നടത്തിയിട്ടുണ്ട്, രണ്ടു കൊല്ലം മുമ്പാണ്... എന്താ സാറെ.....?

**cut to**

കേ.നാ:(ഫോണിൽ) അയാളുടെ ഒരു കച്ചവടം അടുത്തിട മുടങ്ങിപ്പോയിട്ടുണ്ട്. അതിന്റെ ഡീറ്റെയിൽസ് ഒന്നു വേണം. സ്ഥലം ആരുടേതാണ്, ബ്രോക്കർ ആരാണ്.. എന്താണ് മുടങ്ങാൻ കാരണം.......

**cut to**

നാസർ:(ഫോണിൽ) ബ്രോക്കർ മാരുടെ ഇടയിൽ ഒരു സംസാരം കേട്ടിരുന്നു. ഞാനന്വേഷിക്കട്ടെ....

**സീൻ 49**

പകൽ, നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ ഓഫീസ്. ക്യാബിനിൽ കേണൽ നായർ, നാസർ, നാസറിന്റെ സുഹൃത്ത്.

നാസർ: അത് ഇത്തിരി കോമ്പ്ളിക്കേറ്റഡ് കേസാ സാറെ...

കേ.നാ: അതെന്താ.....?

നാസർ: ഒരു രൂപയുടെ കച്ചോടമാണ്... ഒരു കോടിയുടെ....

കേ.നാ.: ഏസ്, ആകാം....

നാസർ: അമ്പത് അഡ്വാൻസ് കൊടുത്തതാണ്... ആധാരം മുടങ്ങി.... രണ്ടു മാസമായി.... കുരുവിള അഡ്വാൻസ് തിരിച്ചു കിട്ടാൻ പല മാർഗ്ഗങ്ങളും നോക്കി...

കേ.നാ**:**. മുടങ്ങാൻ എന്താ കാരണമെന്നറിയുമോ.....?

സുഹൃത്ത്**:** കുരുവിളയുടെ കൈയിൽ നിന്നും ക്യാഷ് മറിഞ്ഞു പോയീന്നാ ബ്രോക്കർമാരുടെ ഇടയിലെ സംസാരം...

നാസർ**:** സ്ഥലം വിറ്റവൻ ഗുണ്ടാ ടീമാ ഷാജി, ബ്രോക്കർമാരും അവന്റെ ഗാങ്ങിലെയാ... അവനത് മറിച്ചു വിറ്റെന്നും ഇല്ലെന്നും ഒക്കെ കേൾക്കുന്നുണ്ട്. പക്ഷെ ക്യാഷ് തിരിച്ചു കൊടുക്കാൻ സാദ്ധ്യതയില്ല...

കേ.നാ**:** ഉം....

സുഹൃത്ത്**:** ബ്രോക്കർമാരുടെ സംസാരം ഷാജി വാങ്ങിയ അഡ്വാൻസ് മറ്റേതോ സ്ഥലത്തിന് മുടക്കിയെന്നോ... ഗാമ്പ്ളിംഗിൽ പണമിറക്കിയെന്നോ.... ഒക്കെ കേൾക്കുന്നു.

കേണൽ നായർക്ക് മൊബൈലിൽ ഫോൺ വരുന്നു, അറ്റന്റ് ചെയ്യുന്നു.

കേ.നാ**:** (മൊബൈലിൽ) വൺ മിനിറ്റ്.... (നാസറിനോട്) ഓകെ... നാസർ ഞാൻവിളിക്കാം നമുക്കു സ്ഥലമൊന്നു ലൊക്കേറ്റ് ചെയ്യണം...

നാസർ**:** സാറിന് നോട്ടമുണ്ടോ.....?

കേ.നാ**:** എനിക്കല്ല... ഞാൻ പറയാം...

നാസർ**:** ശരി സാറെ...

നാസർ, സുഹൃത്ത് പുറത്തേക്ക് പോകുന്നു.

**സീൻ 50**

രാത്രി, നഗരത്തിലെ ഒരു വിലകൂടിയ ബാർ. കസ്റ്റമേഴ്സ് ക്യാബിൻ. വിവേക്, അൽത്താഫ്. റെജി മാത്യു.... ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുന്നു. റെജി മാത്യു മദ്യത്തിൽ അടിപ്പട്ടു കഴിഞ്ഞിരിക്കുന്നു.

റെജി**:** വിവേകേ നീ നല്ല ഫ്രണ്ടാടാ... നിനക്കെന്താ അറിയേണ്ടത്... കുരുവിള സാറിനെ കുറിച്ച്.... നിനക്കറിയുമോ... സാറ് പക്കാ ഡീസന്റാ.... ഒരു ജെന്റിൽമാൻ.......സിസിലി ചേച്ചി അതിലും ഡീസന്റാ..... എ ജെന്റിൽ വുമൺ...... അവരുടെ മകൾ പിന്നെ നല്ല കുട്ടി അല്ലാതെ വരുമോ... ഇല്ല... നിങ്ങള് ധൈര്യമായിട്ട് കല്യാണം ഉറപ്പിച്ചോ... ഞാനല്ലെ പറയുന്നത്....

റെജി പിന്നെയും മദ്യം കഴിച്ചുകൊണ്ടിരിക്കുന്നു. വിവേകും, അൽത്താഫും ഒരക്കിടിയിൽ പെട്ടതുപോലെയിരിക്കുന്നു. അവരുടെ മുഖത്ത് ആവശ്യമില്ലാത്ത ഒരു കുരിശ്ശ് ചുമക്കുന്നതിന്റെ വികാരങ്ങൾ....

റെജി**:** കുരുവിള സാർ ഒരു ജെന്റിൽമാൻ... സിസിലി ചേച്ചി ഒരു ജെന്റിൽ വുമൺ.... നിങ്ങൾക്കറിയുമോ.. അവരെന്റെ ദൈവങ്ങളാ... ഡിഗ്രി വരെ പഠിച്ചിട്ട് ഞാൻ തെണ്ടിത്തിരിഞ്ഞു നടക്കുമ്പോൾ വിളിച്ചു പണി തന്നവരാ... ഞാനേ കട്ടപ്പനക്കാരനാ... എന്റെ അപ്പനേ സിസിലി ചേച്ചിയുടെ തോട്ടത്തിലെ പണിക്കാരനാ... എനിക്കതിന്റെ നന്ദിയൊണ്ടെടോ.... റോസ് മോളുടെ കല്ല്യാണം എന്റെ സ്വന്തം പെങ്ങളുടെ കല്ല്യാണം പോലെയാ....

റെജി സ്വബോധത്തിൽ നിന്നും അകന്നു കൊണ്ടിരിക്കുന്നു. അവൻ ഭക്ഷണത്തിൽ കൂടി വിരൽ ഓടിച്ചു നടക്കുന്നു.

വിവേക്, അൽത്താഫ് ഈ കുരുശ്ശിനെ എങ്ങിനെ താഴ്ത്തി വക്കാമെന്നോർത്തു വിഷമിച്ചിരിക്കുന്നു.

**സീൻ 51**

പകൽ, നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ കോൺഫ്രൻസ് ഹാൾ.

ജൂലി, ഷാഹിന, വിവേക്, അൽത്താഫ്. പത്രത്തിലെ വാർത്തകൾ നോക്കിയിരിക്കുന്നു. പഴയ പത്രങ്ങളാണ്.

ജൂലി: (പത്രം വായിക്കുന്നു) മകന് അമ്മയുടെ പാതി കരൾ.... രോഗബാധയെ ത്തുർടന്ന്പ്രവർത്തനം ഏതാണ്ട് നിലച്ചിരിക്കുകയും, കരൾ മാറ്റ ശസ്ത്രക്രിയ അല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ലെന്ന് ഡോക്ടർമാർ വിധിക്കുകയും, ആറു മണിക്കൂർ നീണ്ടു നിന്ന ശസ്ത്രക്രിയക്കൊടുവിൽ ഡോക്ടർമാർ വിജയിക്കുകയും ചെയ്യുക യായിരുന്നു. ഉന്മേഷും അമ്മ സിന്ധുവും ആരോഗ്യത്തോടെയിരിക്കുന്നു. ഉന്മേഷിന് ഒരു മാസത്തെ ആശുപത്രി പരിചരണം വേണ്ടി വരുമെന്നാണ് നിഗമ നം. അമ്മ സിന്ധുവിന് പതിനഞ്ചു ദിവസം കഴിഞ്ഞാൽ ആശുപത്രി വിടാം....

കേണൽ നായർ അവിടേക്ക് വരുന്നു.

കേ.നാ: ജൂലീ.... ഇങ്ങിനെ ഒരു വാർത്തയിലേക്ക് വരാനെന്താ കാരണം...?

ജൂലി: ഞങ്ങൾ ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ രേവതിച്ചേച്ചി ഇന്നത്തെ പത്രത്തിൽ കണ്ട ഒരു ന്യൂസ് പറഞ്ഞതാണ്..... സിന്ധുവിന് റെക്കവറി ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന്.... പക്ഷെ, അവർക്ക് സിന്ധുവിനെ നേരിട്ട് അറിയില്ലെന്നാണ് സംസാരത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് .... ഓപ്പറേഷൻ സമയത്തെ വാർത്തകൾ വായിച്ച പരിചയമേയുള്ളൂ... അന്നൊക്കെ അവർ ചർച്ച ചെയ്തിരു ന്നെന്നും പറഞ്ഞു. കുരുവിളയുടെ കൂടെ പഠിച്ചതാണെന്നു മറ്റും അന്ന് സോമൻസാർ പറഞ്ഞതായിട്ട് അവർ ഓർക്കുന്നു. നാസർ പറഞ്ഞതും മറ്റും വച്ചു നോക്കുമ്പോൾ....

കേ.നാ: ശരിയാണ്... കാൽക്കുലേഷൻ ഏതാണ്ട് ശരിയാണെന്നു തോന്നുന്നു. കുരുവിളയുടെ ആധാരം നടക്കേണ്ട സമയത്താണ് ഓപ്പറേഷൻ... സിന്ധു സഹ പാഠിയുമാണെങ്കിൽ സഹായിച്ചിരിക്കാം....

വിവേക: ് ഏസ്... സ്കോപ്പുണ്ട്....

കേ.നാ: സ്കോപ്പല്ല... അതു ശരിയാകാം...... ശരിയാകാമെന്നല്ല.... ശരിയാണ്....

**cut to**

**സീൻ 52**

പകൽ, ഒരു മൾട്ടിനാഷനൽ ഹോസ്പിറ്റലിന്റെ കാർ പാർകിംഗ് ഏരിയായിൽ കാർ നിർത്തുന്നു. കേണൽ നായർ, വിവേക്, അൽത്താഫ്, ജൂലി, ഷാഹിന ഇറങ്ങുന്നു.

അവർ ഹോസ്പിറ്റലിലേക്ക് പ്രവേശിക്കുന്നു.

**cut to**

**സീൻ 52 എ**

ഹോസ്പിറ്റലിൽ കയറി അവർ സെപ്പറേറ്റ് ചെയ്ത് മൂന്നു ദിശയിലേക്ക് പോകുന്നു.

ജ്യൂലിയും ഷാഹിനയും എൻക്വയറിലേക്കാണ് പോകുന്നത്. അവർ എൻക്വയറി കൗണ്ടറിൽ എത്തുന്നു.

ജൂലി: എസ്ക്യൂസ് മി.. വീ ആർ ജേണലിസ്റ്റ്.

അവർ ഐഡന്റിറ്റി കാർഡ് കാണിക്കുന്നു.

ജൂലി: ഫ്രം ഹെറാൾഡ് ന്യൂസ്...

റിസപ്ഷനിസ്റ്റ: ് ഏസ്... വാട്ട് ക്യാനൈ....?

ജൂലി : ഉന്മേഷ് ആന്റ് സിന്ധു.... വിജയിച്ചൊരു ഓപ്പറേഷനായിരുന്നു... രണ്ടു പേരും ഡിസ്ച്ചാർജ് ചെയ്തതുമായിരുന്നു... പക്ഷെ, സിന്ധു വീക്കായി ഹോസ്പിറ്റലിലേക്ക് മടങ്ങി വന്നു........

റിസപ്ഷനിസ്റ്റ്: ഏസ്....

ഷാഹിന: എന്താണ് കാരണം..... നിങ്ങളെ പോലെ റെപ്പ്യൂട്ടഡായ, വെൽ എക്യൂപ്പ്മെന്റ്സുള്ള ഒരു ഹോസ്പിറ്റൽ....?

റിസ: ഇറ്റ്സ് നോട്ട് ഔവർ പ്രോബ്ലം....

ഷാഹിന: അത് നിങ്ങൾ പറയുന്നത്... പക്ഷെ, കേൾക്കുന്നത് അങ്ങിനെയല്ലല്ലോ.....?

റിസ: അത് നിങ്ങൾ പത്രക്കാർ പറയുന്നതല്ലേ....?

ജൂലി: സോറി.... ഞങ്ങളൊരു തർക്കത്തിനു വന്നതല്ല....ഞങ്ങൾക്ക് അവരുടെ ഡീറ്റെയിൽസ് വേണം... വിലാസം... ബാക്ക് ഗ്രൗണ്ട്..... ഒക്കെ....

റിസ: എനിക്കതിന് അനുവാദമില്ല... നിങ്ങൾ ഡോക്ടറെ കാണണം....

ജൂലി: ഓകെ.... നിങ്ങൾക്ക് തരാവുന്നത് തന്നാൽ മതി....

റിസ: (ഇഷ്ടമില്ലാത്തതു പോലെ) ഉം... ഇരിക്ക്.... എടുത്ത് തരാം....
റിസപ്ഷനിസ്റ്റ് കമ്പൂട്ടറിൽ പരതുന്നു.

**cut to**

**സീൻ 52 ബി**

വിവേകും അൽത്താഫും റെക്കവറി റൂമിന് മുന്നിൽ...
അവർ റെക്കവറി റൂമിനു മുന്നിൽ ഇട്ടിരിക്കുന്ന കസേരകളിൽ ഇരിക്കുന്നു. അവർക്ക് അടുത്ത് ഒരു പുരുഷനും രണ്ടു സ്ത്രീകളും ഇരിക്കുന്നു.

വിവേക്: (പുരുഷനോട്) ചേട്ടൻ സിന്ധുവിന്റെ....?

പുരുഷൻ: ഉം... എന്തിനാ....?

വിവേക്: വെറുതെ ചോദിച്ചതാ...

പുരുഷൻ: ഞാനാരുമല്ല... അയൽ പക്കത്തൊള്ളതാ... ഞങ്ങളേ ഒള്ളൂ അവൾക്ക്.... കൊട്ട്യോനൊണ്ട് ജയിലിലാ... ഒരു പെണ്ണിനെ പീഡിപ്പിച്ചു കൊന്നതിന്....

വിവേകും അൽത്താഫും അന്തം വിട്ടിരിക്കുന്നു.

പുരുഷൻ: എന്റെ കൊട്ട്യോളും അയൽപക്കത്തെ ചേച്ചിയുമാ അത്....
അയാൾ മറ്റു രണ്ടു പേരേയും ഉദ്ദേശിച്ചു പറഞ്ഞതാണ്.

പുരുഷൻ: പൗലോസാറിന്റെ കേസായതു കൊണ്ടാ ഞങ്ങള് വന്നത്... സിന്ധുവിന് തള്ളയേ ഒള്ളു.... അവര് ഉന്മേഷിനെ നോക്കി വീട്ടിലിരിക്ക്വാ....

അൽത്താഫ്: പൗലോസാറോ... ആരാത്....?

പുരുഷൻ: റിട്ടേർഡ് കോളേജ് സാറാ... ഞങ്ങളൊക്കെ സാറിന്റെ പണിക്കാരാ.. സാറ് ഒണ്ടായിരുന്നതുകൊണ്ടാ കാര്യങ്ങളെല്ലാം നടന്നത്.. പക്ഷെ, ആ കൊച്ചിന്റെ വിധിയെന്നു പറഞ്ഞാ മതി.....

**cut to**

**സീൻ 52 സി**

കേണൽ നായർ ഡോക്ടറുടെ ക്യാബിനിൽ ഇരിക്കുന്നു.

ഡോകാടർ**:** കേണലിന് എന്തൊക്കെയാണറിയേണ്ടത്... ഡേക്ടർ ജോൺസൻ പറഞ്ഞതു കൊണ്ട് മാത്രം... ഒരു റിട്ടയേർഡ് പ്രൊഫസർ പൗലോസാണ് എല്ലാ കാര്യങ്ങളും നോക്കി നടത്തിയിരുന്നത്... ക്യാഷ്, സെക്യൂരിറ്റി, എവരിതിംഗ്സ്... ഇടക്ക് ഒരു കുരുവിള ജോസഫ് ഇവിടെ വന്നിരുന്നു. ഫിനാൻഷ്യൽ സപ്പോർട്ട് അയാളുടെ ആണെന്നു പറഞ്ഞതായി ഓർക്കുന്നു..... അയാള് സിന്ധുവിന്റെ ക്ലാസ്മേറ്റാണെന്നാണ് പരിചയപ്പെടുത്തിയത്... ബട്ട്... ഫെയ്ത്.....

**സീൻ 53**

പകൽ, റോയൽ ഫിനാൻസിയേഴ്സ്.
ജൂലി ബാത്ത് റൂമിലേക്ക് പോകുന്നു.
ജൂലി ഫോൺ ചെയ്യുന്നു.

ജൂലി**:** (ഫോണിൽ) ഹലോ....സാർ..

**cut to**

കേ.നാ**:** (ഫോണിൽ) എസ്....

**cut to**

ജൂലി**:** (ഫോണിൽ) സിന്ധു മരിച്ചു.... ഉച്ച കഴിഞ്ഞ് മൂന്നു മണിക്കാണ് സംസ്കാരം...കുരുവിള ജോസഫും സോമൻ സാറും പോകാനുള്ള തയ്യാറിലാണ്....

**cut to**

കേ.നാ**:** (ഫോണിൽ) എസ്, താങ്ക് യൂ ജൂലി....

**cut to**

**സീൻ 54**

ഉച്ചകഴിഞ്ഞ സമയം, സിന്ധു വിന്റെ വീട്.
മരണാനന്തര ചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ......
അവിടേക്ക് കേണൽ നായരും വിവേകും കാറിൽ വരുന്നു. അവർ കാറിൽ നിന്നുമിറങ്ങി മറ്റുള്ളവരുടെ ഇടയിൽ ചേരുന്നു. കുറച്ചു മാറി കുരുവിള ജോസഫിനേയും സോമൻ നായരേയും കാണാം.
കാര്യങ്ങൾ നോക്കി നടത്തുന്നതിന്റെ തിരക്കിൽ പൗലോസ് സാറും.......
അകത്തൊരു മുറിയിൽ, കട്ടിലിൽ ഉന്മേഷ് കിടക്കുന്നു. അവനരുകിൽ അവന്റെ പ്രായത്തിലുള്ള രണ്ടുമൂന്നു ചെറുപ്പക്കാർ...........

**സീൻ 54 എ**

സന്ധ്യ.
സംസ്കാര ചടങ്ങുകൾ കഴിഞ്ഞിരിക്കുന്നു.
ആളുകൾ പിരിഞ്ഞിരിക്കുന്നു.
ഒഴിഞ്ഞൊരു കോണിൽ പൗലോസ് സാർ.

അവിടേക്ക് കേണൽ നായർ വരുന്നു. പൗലോസ് സാറിന് അഭിമുഖമായിട്ട് ഒരു കസേര യെടുത്തിട്ട് ഇരിക്കുന്നു.

കേ.നാ**:** സാർ, ഞാൻ കേണൽ വിശ്വനാഥൻ നായർ.... സിന്ധുവിന്റെ ഒരകന്ന ബന്ധുവാണ്... മിലിട്ടറിയിലായിരുന്നതു കൊണ്ട് സിന്ധുവുമായിട്ട് അത്ര കണ ക്ഷൻ ഇല്ലായിരുന്നു. ഞാനടുത്ത ദിവസം സാറിനെ വന്നു കണ്ടു കൊള്ളാം. എന്നെക്കൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞാൽ......

പൗലോസ് **:** ആയിക്കോട്ടെ....

**സീൻ 55**

പകൽ, പൗലോസ് സാറിന്റെ വീട്. സ്വീകരണമുറിയിൽ പൗലോസ് സാറും കേണൽ നായരും സംസാരിച്ചിരിക്കുന്നു.

പൗലോ**:** കേണൽ വിശ്വനാഥൻ നായർ.....

കേ.നാ**:** ഏസ്, സാർ........

പൗലോ**:** സിന്ധുവുമായി ബന്ധപ്പെട്ട് ഇങ്ങിനെ ഒരു പേര് ഞാൻ കേട്ടിട്ടില്ല. അയൽ പക്കക്കാരനെന്ന നിലയിൽ എനിക്ക് സിന്ധുമായിട്ട് പത്തുനാൽപ്പതു വർഷത്തെ പരിചയമുണ്ട്.

കേ.നാ**:** സാർ, അത്...

പൗലോ**:** നോ... സ്ട്രെയിറ്റായിട്ട് കാര്യങ്ങൾ പറയുക, അതാണെന്റെ ശൈലി. അല്ലെങ്കിൽ നമ്മൾ തമ്മിൽ സംസാരിക്കാൻ ഇഷ്ടപ്പെടുന്നില്ല. താങ്കൾക്ക് പോകാം.....

കേ.നാ**:** സാർ, എന്റെ ജോലിയുടെ ഭാഗമായിട്ട്......

പൗലോ**:** ജോലിയോ..... എന്തു ജോലി....?

കേ.നാ**:** ഞാൻ മിലിറ്ററിയിൽ ഇരുപതു വർഷത്തെ സേവനത്തിനു ശേഷം നാട്ടി ലെത്തിയപ്പോൾ തുടങ്ങിയ സ്ഥാപനമാണ് നോവൽ പ്രൈവറ്റ് ഇൻവെസ്റ്റിഗേഷൻ ഗ്രൂപ്പ്. രഹസ്യാന്വേഷണം തന്നെ..... അടുത്ത നാളിൽ കുരുവിള ജോസഫിന്റെ ഭാര്യ ഒരു പരാതി തന്നു. കുരുവിള ജോസഫിനെ സാർ അറിയും....

പൗലോ**:** അറിയും പറഞ്ഞോളൂ....

കേ.നാ**:** കുരുവിള ജോസഫ് ഭാര്യയിൽ നിന്നും അകന്നു പോയിക്കൊണ്ടിരിക്കു ന്നു, മറ്റൊരു സ്ത്രീയിൽ ആകൃഷ്ടനായിരിക്കുന്നു. അതുവഴി കുരുവിള നട ത്തുന്ന സ്ഥാപനത്തിൻ നിന്നും വളരെ പണം പിൻ വലിക്കുന്നു. അടുത്തനാളിൽ ഒരു കോടി രൂപയുടെ ഒരു സ്ഥല കച്ചവടം പാളിപ്പോയിരിക്കുന്നു.

പൗലോ**:** അതുകൊണ്ട്, അല്ലെങ്കിൽ അതുമായിട്ട് മരിച്ച സിന്ധുവിനെന്തു ബന്ധം....?

കേ.നാ**:** ബന്ധം.....?.സിന്ധുവിന്റെ ചികിത്സക്കുവേണ്ടി സാർ കുരുവിളയുടെ പക്കൽ നിന്നും വലിയൊരു തുകവാങ്ങിയിട്ടുണ്ട് ..... അത് സ്ഥാപനത്തെ സാര മായി ബാധിച്ചിട്ടുണ്ട്....

പൗലോസ് സാറിന്റെ മുഖത്ത് പെട്ടന്ന് ഭാവമാറ്റം വരുന്നു. കേണൽ നായർ അത് ശ്രദ്ധി ക്കുന്നു. പൗലേസ് സാർ കേണലിനോടുള്ള സമീപനം മാറ്റിയിരിക്കുന്നു.

പൗലോ**:** (ശാന്തമായിട്ട്) നിങ്ങൾ പറഞ്ഞതിൽ കുറച്ച് കാര്യമുണ്ട്. അത് ഒറ്റ വാചകത്തിൽ പറയാൻ കഴിയില്ല ഒരിരുപത്തഞ്ചു കൊല്ലം പിറകോട്ടു പോകണം. ഞാൻ കോളേജ് അദ്ധ്യാപകനായിരുന്നു ... കോമേഴ്സ് ഡിപ്പാർട്ടുമെന്റിൽ... കുരു വിള ബീകോമിനു പഠിക്കാൻ എത്തുമ്പോഴാണ് ഞാൻ ശ്രദ്ധിക്കുന്നത്. ആ ക്ലാ സിൽ തന്നെ ആയിരുന്നു സിന്ധുവും സുകുമാരനും.

**cut to**

**സീൻ 55 എ**

പൗലോ**:** നമ്മൾ ഹാസ്യത്തോടെ പറയാറുള്ള ഒരു പ്രണയമില്ലേ... ത്രികോണ പ്രേമം. അവർ കുരുവിളയും സിന്ധവും ഇഷ്ടമായിരുന്നു. അത് അന്നൊരു കാമ്പസ് കഥ തന്നെയായിരുന്നു. കാമ്പസിൽ അങ്ങിനെയുള്ള കഥകൾ പരന്നു കൊണ്ടിരിക്കെത്തന്നെ സുകു സിന്ധുവിനോട് പ്രണയാഭ്യർത്ഥന നടത്തി, സ്നേഹിതരുടെ മുന്നിൽ പ്രഖ്യാപനവും നടത്തി. അതിന്റെ അല്ലറ ചില്ലറ കശപിശകൾ അന്ന് നടക്കുകയും അദ്ധ്യാപകർ ഇടപെടുകയും മറ്റും ചെയ്തിരുന്നു.

**cut to**

**സീൻ 55 ബി**

പൗലോ**:** കോളേജ് വിട്ടപ്പോൾ എല്ലാം അവസാനിച്ചു. കുരുവിള വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി സിസിലിയെ വിവാഹം ചെയ്തു. രണ്ടു വർഷം കഴിഞ്ഞ് എന്റെ ശ്രമത്തിൽ സുകുവിന്റേയും സിന്ധുവിന്റേയും വിവാഹം നടത്തി. സിന്ധു എന്റെ അയൽക്കാരിയും, ഒരു വിധത്തിൽ പറഞ്ഞാൽ, സിന്ധുവിന്റെ അച്ഛൻ നേരത്തെ മരിച്ച ആ വീട്ടിൽ എനിക്ക് ഒരു കാരണവരുടെ സ്ഥാനമായിരുന്നു. ഉത്തരവാദിത്വത്തോടുകൂടി കാര്യങ്ങൾ ചെയ്യാൻ മറ്റു ബന്ധുക്കളുമില്ല. അതു കൊണ്ട് സുകുവിനെ വിവാഹം ചെയ്യണമെന്ന എന്റെ ആവശ്യം അവർക്ക് തള്ളിക്കളയാൻ കഴിഞ്ഞില്ല. അത് ഒരു വൻ പരാജയമായിരുന്നു.

**cut to**

**സീൻ 55 സി**

പൗലോ**:** ഗത്യന്തരമില്ലാതെയാണ് ഞാൻ കുരുവിളയെ സമീപിച്ചത്. അതിന് പകരം സിന്ധു താമസിക്കുന്ന വീടും സ്ഥലവും കൊടുക്കാനും തീരുമാനിച്ചു. പക്ഷെ, ആവശ്യക്കാരി സിന്ധുവാണെന്നറിഞ്ഞപ്പോൾ വേറെ ഒന്നും സംസാരിക്കാതെ കുരുവിള പണമെത്തിച്ചു തരികയായിരുന്നു.

കേ.നാ**:** അത് വല്ലാത്തൊരു പ്രതി സന്ധിയിലെത്തിച്ചിരിക്കുകയാണ്, സാറിന് മനസ്സിലായിട്ടുണ്ടാകുമെന്നു കരുതുന്നു.

പൗലോ**:** ഉവ്വ്....

കേ.നാ**:** പ്രതിസന്ധി തരണം ചെയ്യാൻ എനിക്ക് സാറിന്റെ സഹായം വേണ്ടി വരും.

പൗലോ**:** ഏസ്, തീർച്ചയായും എന്തിനും ഞാനുണ്ടാകും...

കേ.നാ**:** ഓകെ... സാർ......

**സീൻ 56**

പകൽ, നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ ക്യാബിൻ.
കേണൽ നായർ, സണ്ണി, സോണി സിസിലി സംസാരിച്ചിരിക്കുന്നു.

കേ.നാ: സിസിലി പ്രാക്ടിക്കലായൊരു ജീവിതത്തിലേക്ക് മടങ്ങി വരണമെന്നാണ് എനിക്ക് പറയാനുള്ളത്. സിസിലിയും ആർഗുമെന്റുകളും അവകാശ വിശദീകരണങ്ങളും ഞാൻ നിരാകരിക്കുന്നില്ല. പക്ഷെ, ജീവിതം തകരാതിരിക്കാനാണ് ഞാനിങ്ങിനെയൊരു പ്രപ്പോസൽ വക്കുന്നത്... കുരുവിളയുടെ നടപടികൾ ഒരു ഭാര്യയുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ തെറ്റായിരിക്കാം. പക്ഷെ, ഒരു ജീവനെ രക്ഷപെടുത്തുന്നതിനു വേണ്ടിയായിരുന്നു. അത് നമുക്ക് നിഷ്കരുണം തള്ളിക്കളയാൻ കഴിയില്ല. അതുമൊരു പുതു ജീവൻ. അവൻ ജീവിതം കണ്ടു തുടങ്ങിയതേ ഉള്ളു.

ചിന്താമഗ്നയായിരിക്കുന്ന സിസിലി. സണ്ണിയും സോണിയും സിസിലിയുടെ മുഖത്തു തന്നെ നോക്കിയിരിക്കുന്നു. ശുഭമായൊരു മറുപടി സിസിലിയുടെ പക്കൽ നിന്നും അവർ പ്രതീക്ഷിക്കുന്നണ്ട്.

കേ.നാ: എഗ്രിമെന്റാക്കിയിരുന്ന സ്ഥലം നമുക്കു തന്നെ കിട്ടത്തക്ക രീതിയിലുള്ള മൂവുമെന്റ്സ് നമ്മൾ നടത്തുകയാണ്. സണ്ണിയും സോണിയും അതിന് വില്ലിംഗാണ്.... ഏസ് ഡൂ... എന്ന് സിസിലി പറഞ്ഞാൽ, എല്ലാം വ്യക്തമാക്കിക്കൊണ്ട് ഞാൻ കുരുവിളയെ കാണും.

**സീൻ 57**

പകൽ, നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സിന്റെ കോൺഫ്രൻസ് ഹാൾ.

കേണൽ നായരും എല്ലാ സ്റ്റാഫുകളും അവിടെയുണ്ട്. അവർ വളരെ സന്തോഷത്തിലാണ്. അവർ ആരയോ പ്രതീക്ഷിക്കുന്നതു പോലെ തോന്നും അവരുടെ മുഖഭാവങ്ങൾ കണ്ടാൽ.

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അവിടേക്ക് കുരുവിള ജോസഫും സോമൻ നായരും വരുന്നു. എല്ലാവരും എഴുന്നേറ്റു നിന്നു അവരെ സ്വീകരിക്കുന്നു. കുരുവിളയുടെ സോമൻ നായരുടെ മുഖത്ത് വല്ലാത്തൊരു അമ്പരപ്പ് കാണാം. ജ്യൂലിയെ കണ്ടപ്പോൾ അവരുടെ അമ്പരപ്പ് കൂടിയിരിക്കുന്നു.

കേ.നാ: ഹലോ കുരുവിള.... ഹലോ സോമൻ നായർ

കുരുവിള-സോമൻ: ഹലോ....

കേ.നാ: ഇരിക്കൂ....

എല്ലാവരും ഇരിക്കുന്നു.

കേ.നാ: തികച്ചും അസാധാരണം, അപ്രതീക്ഷിതം.... ഏസ് ഐ നോ.... ഞാൻ യാതൊരു മുഖവുരയുമില്ലാതെ കാര്യത്തിലേക്ക് വരാം......

**cut to**

**സീൻ 58**

പകൽ, ഷാജിയുടെ വീടിന്റെ മുറ്റത്ത് ബ്രോക്കർ നാസറും സുഹൃത്തും.

നാസർ: (ഫോണിൽ) സാർ, ഞങ്ങളിവിടെ ഷാജിയുടെ അടുത്തുണ്ട്, സാർ വരികയല്ലെ...?

**cut to**

**സീൻ 58 എ**

കേ.നാ: (ഫോണിൽ) ദാ... വരുന്നു നാസർ...

**cut to**

**സീൻ 58 ബി**

ഷാജിയുടെ വീട്ടിലേക്ക് കേണൽ നായരും സണ്ണിയും സോണിയും വരുന്നു.
കാറിൽ നിന്നിറങ്ങി അവർ നാസറിനോടും സുഹൃത്തിനോടുമൊപ്പം വീടിനകത്തേക്ക് പോകുന്നു. സോണിയുടെ കയ്യിൽ ഒരു സ്യുട്ട് കേസും കേണൽ നായരുടെ കയ്യിൽ ഒരു ഫയലമുണ്ട്.

**cut to**

**സീൻ 58 സി**

ഷാജിയുടെ സിറ്റിംഗ് റൂമിൽ ഷാജിയും രണ്ട് സുഹൃത്തുക്കളുമുണ്ട്. വാതിൽ കടന്നു വരുന്ന

കേണൽ നായരേയും കൂട്ടുകാരെയും അവർ സ്വീകരിക്കുന്നു.

ഷാജി**:** വരൂ... ഇരിക്കൂ....
എല്ലാവരും ഇരിക്കുന്നു.

ഷാജി**:** ഹലോ സാർ...

കേ.നാ**:** ഹലോ ഷാജി.... നമ്മൾ ആദ്യമായിട്ടാണ്...

ഷാജി**:** അതെ... പക്ഷെ, എനിക്ക് സാറിനെ അറിയാം....

കേ.നാ**:** ഗുഡ്....

നാസർ**:** ഷാജിയേട്ടാ... ഞങ്ങൾ പറഞ്ഞതുപോലെ ഒരു കോടി ഒരു ലക്ഷം രൂപക്ക് ഉറപ്പിക്കുന്നു. അൻപത്തിയൊന്ന് അഡ്വാൻസ്, പതിനഞ്ചു ദിവസത്തിനകം ആധാരം. എങ്കിലും എഗ്രിമെന്റിൽ ഒരു മാസം വച്ചിട്ടുണ്ട്......
കേണൽ നായർ എഗ്രിമെന്റ് ഷാജിയുടെ മുന്നിൽ വക്കുന്നു.

കേ.നാ**:** ഈ സണ്ണിയും സോണിയും കൂടിയാണ് വാങ്ങുന്നത്.

ഷാജി**:** ഓ......
ഷാജി എഗ്രിമെന്റ് വായിക്കുന്നു.
മുറിയിലേക്ക് കുരുവിളയും സോമൻ നായരും വരുന്നു. അവർ വാതിലിനകത്ത് കയറി നിൽക്കുന്നതേയുള്ളൂ.
ഷാജി എഗ്രിമെന്റ് വായിച്ച ശേഷം.

ഷാജി**:** ഓകെ.... സാർ...
ഷാജി മുഖമുയർത്തി നോക്കുന്നു. ഷാജിയുടെ കണ്ണുകൾ കുരുവിളയിലെത്തി നിൽക്കുന്നു.

കേ.നാ**:** സണ്ണിയും സോണിയും ഒപ്പിട്ടുണ്ട്.
കേണൽ നായർ സ്യൂട്ട് കേസ് തുറന്ന് ഷാജിയുടെ മുന്നിൽ വക്കുന്നു. സ്യൂട്ട്്കേസിൽ ഒരു ലക്ഷം രൂപയേയുള്ളൂ....

ഷാജി**:** (ഒരു ലക്ഷം രൂപയിൽ നോക്കിയിട്ട്) മനസ്സിലായില്ല.....

കേ.നാ**:** എന്താണ് മനസ്സിലാകാത്തത് (ഫയലിൽ നിന്ന് മറ്റൊരു എഗ്രിമെന്റുകൂടി എടുത്ത് ഷാജിയുടെമുന്നിൽ വക്കുന്നു.) ഇപ്പോൾ മനസ്സിലായിട്ടുണ്ടാകും....

ഷാജി**:** ഇല്ല.... നടക്കില്ല സാറെ......

കേ.നാ**:** കാരണം....?

ഷാജി**:** നടക്കില്ല.... അത്ര തന്നെ.....

കേ.നാ**:** ഞാൻ കാരണമാണ് ചോദിക്കുന്നത്....

ഷാജി**:** എഗ്രിമെന്റ് ലാപ്സായിട്ട് രണ്ടു മാസമായി..... പോരാത്തതിന് ആ ക്യാഷ് ഞാനിവിടെ വക്കുകയല്ല ചെയ്തത്. ഒരു സ്ഥലത്തിന് അഡ്വാൻസ് കൊടുത്തു. ആ കച്ചവടം മുടങ്ങിപ്പോയി.... ഞാൻ കൊടുത്ത ക്യാഷും കിട്ടില്ല.

കേ.നാ**:** ആരുടെ കയ്യിൽ നിന്നുമാണ് കിട്ടാത്തത്...? പറയ് ഞാൻ വാങ്ങിത്തരാം....

ഷാജി**:** അത് നടക്കില്ല സാറെ...

കേ.നാ**:** ഏതു നടക്കില്ലെന്ന്, ഷാജിക്ക് കിട്ടാനുള്ള ക്യാഷിന്റെ കാര്യമാണോ.... ഈ ഇടപാടിന്റെ കാര്യമാണോ....?

ഷാജി**:** രണ്ടും.....

കേ.നാ**:** നടത്തും ഷാജി.... ഷാജിക്ക് കേണൽ നായരെ അറിയാമെന്നല്ലേ പറഞ്ഞത്..... ഇല്ലെങ്കിൽ അറിയവുന്നവരോട് ചോദിച്ചു നോക്കാം.... എന്തായാലും ഞാൻ ഇവിടെ നിന്നും പുറത്ത് പോകുന്നത് എഗ്രിമെന്റ് ഒപ്പിട്ടു കൊണ്ടായിരിക്കും......

അ**:**ന്തരീക്ഷത്തിലേക്ക് ഒരുവല്ലാത്ത മൂകത പടർന്നു കയറുന്നു.

**cut to**

**സീൻ 58 ഡി**

സമയം കടന്നു പോയിക്കൊണ്ടിരിക്കുന്നു.

ഷാജി മൊബൈലിൽ വിളിച്ചു കൊണ്ടിരിക്കുന്നു. അക്ഷമനായി നടക്കുന്നു. സ്നേഹിതരുമായി കൂടി ആലോചിക്കുന്നു.
അക്ഷോഭ്യനായി കേണൽ നായരും കുരുവിള ജോസഫും സോമൻ നായരും മറ്റുള്ളവരും ഓരോ ഇടങ്ങളിൽ ഇരിക്കുന്നു.
ഒടുവിൽ,
ഷാജി എഗ്രിമെന്റിൽ ഒപ്പിടുന്നു.

**സീൻ 59**

സന്ധ്യാവേള.
റിസോർട്ടിന്റെ മനോഹരമായ പുൽത്തകിടി.
തോരണങ്ങളാലും വൈദ്യുത വിളക്കുകളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു.
പ്രവേശന കവാടത്തിൽ വലിച്ചു കെട്ടിയ ഫ്ളക്സ് ബോർഡിൽ തങ്കലിപിയിൽ ആലേഖനം ചെയ്തിരിക്കുന്നു. **നോവൽ ഇൻവെസ്റ്റിഗേറ്റേഴ്സ് ബിസിനസ്സ് മീറ്റ്.**
ഇരിപ്പിടങ്ങൾ,
വിളമ്പാനായി ഓരുക്കിയിരിക്കുന്ന ഭക്ഷണ വിഭവങ്ങൾ,
സേർവ് ചെയ്യാനായി ഒരുങ്ങി നിൽക്കുന്ന വെയിറ്റർമാർ,
അതിഥികളെ സ്വീകരിക്കാനായിട്ട് കേണൽ നായർ, ഭാര്യ, വിവേക്, അൽത്താഫ്, ജൂലി, ഷാഹിന, രേഷ്മ.
അതിഥികൾ എത്തിച്ചർന്നു കൊണ്ടിരിക്കുന്നു.
ആദ്യകാറിൽ കുരുവിള ജോസഫ്, സിസിലി, പൂങ്കനി, റോസ്, ജോ......
രണ്ടാമത് കുരുവിള ജോസഫിന്റെ സ്റ്റാഫുകൾ........
മൂന്നാമത് സണ്ണി, സോണി, അമ്മച്ചി, സണ്ണിയുടെ ഭാര്യ മക്കൾ....
നാലാമത് പൗലോസ് സാർ, ഉന്മേഷ്....
പരസ്പരം അഭിവാദ്യങ്ങൾ, സ്വയം പരിചയപ്പെടുത്തലുകൾ, പലരുടേയും അത്ഭുതത്തോടു കൂടിയുള്ള വീക്ഷണങ്ങൾ........

അതിമനോഹരമായൊരു വാദ്യഘോഷത്തിന്റെ ഈരടികൾ അ**:**ന്തരീക്ഷത്തിൽ നിറഞ്ഞപ്പോൾ....

കേ.നാ: പ്രിയമുള്ളവരെ, ഇങ്ങിനെ ഒരു ഗെറ്റുഗദർ, തികച്ചും അസാധാരണം. ഇതിന് നിമിത്തമായ കാരണങ്ങൾ നമുക്ക് ഓരോരുത്തർക്കും അറിയാം. അതു കൾ വീണ്ടും പറയുന്നതിനു വേണ്ടിയോ... ഓർമ്മിപ്പിക്കുന്നതിനു വേണ്ടിയോ അല്ല ഇത്... ഇപ്പോൾ മുതൽ നമ്മൾ ബന്ധുക്കളാണ്... അല്ല ഒരു കുടുംബത്തിലെ അംഗങ്ങളാണ്... ഇനി അങ്ങോട്ട് നമ്മുടെ ഈ ബന്ധം നിർവ്വിഘ്നം തുടരണമെ ന്നാണെന്റെ ആഗ്രഹം... ഞാനവശ്യപ്പെടുകയും ചെയ്യുന്നു... ഈ സുദിനം നമ്മൾ ആഘോഷിക്കാൻ പോവുയാണ്... എല്ലാവർക്കും ആടാം പാടാം, പൂർണ്ണ സ്വതന്ത്ര രായിട്ട്......

ആഘോഷത്തിന്റെ ബലൂണുകൾ പൊട്ടിച്ചിതറുന്നു.
സന്തോഷത്തിന്റെ അലകൾ......

കേ.നാ: ഒരു നിമിഷം കൂടി സ്നേഹിതരേ.... ഒരു ചെറിയ അറിയിപ്പു കൂടിയുണ്ട്... നമ്മുടെ ഇടയിൽ ഒരു പ്രണയം കൂടി പൂവണിയാൻ ഉണ്ട്, അത് അനുവദിക്കണ മെന്ന് ഞാൻ അപേക്ഷിക്കുന്നു.

പെട്ടന്ന് അ:ന്തരീക്ഷം നിശ്ചലമായിപ്പോകുന്നു. ആകാംക്ഷയോടെ പരസ്പരം നോക്കുന്നു ഓരോരുത്തരും.

കേ.നാ: നിങ്ങൾക്ക് ടെൻഷൻ കൂട്ടുന്നില്ല.ഞാൻ അവരെ വെളിപ്പെടുത്തുകയാ ണ്.... സോണിയും പൂങ്കനിയും

ഒരു നിമിഷം എല്ലാവരും സ്തബ്ദരായിപ്പോകുന്നു.
സിസിലിയുടെ മുഖം വികാര രഹിതമായിട്ട്......
മൗനിയായി പൂങ്കനി....
ആകാംക്ഷയോടെ ആദ്യം അമ്മച്ചിയെ, പിന്നെ സിസിലിയെ നോക്കുന്നു, സോണി.

റോസ്: (നിശ്ശബ്ദതയെ ഭേദിച്ചു കൊണ്ട്) ഓ... നൈസ് ആന്റ് മാർവലസ്സ്......... താങ്ക് യൂ.... താങ്ക് യൂ.....താങ്ക് യൂ.... സാർ.....

ആർത്തലച്ചുയരുന്ന കരഘോഷം.
തെളിയുന്ന സിസിലിയുടെ മുഖം......
പൂങ്കനിയെ നോക്കി കള്ളച്ചിരി ചിരിക്കുന്ന അമ്മച്ചി.........

@@@@@@@@